# കുടുംബജ്യോതി

2025

SINCE 1982

നവംബർ • പുസ്തകം 43 • ലക്കം 11



## തെരുവിലിറങ്ങാൻ നിർബന്ധിതരാകുന്ന അധ്യാപകർ

# ഉള്ളടക്കം

# contents



06 പുരുഷന്മാരുടെ ശ്രദ്ധയ്ക്ക്...
ഡോ. വർഗീസ് പുന്നൂസ്

12 തെരുവിലിറങ്ങാൻ നിർബന്ധിതരാകുന്ന അധ്യാപകർ
ഷൈനി കുര്യാക്കോസ്
ഡോ. ജിഷമോൾ അലക്സ്

18 വലിയോ വലി കൂർക്കംവലി...
മാർട്ടിൻ നൈനാൻ

20 ജപമാലയെ പ്രണയിച്ചവൾക്ക് നൊബേൽ
ജോസഫ് സെബാസ്റ്റ്യൻ

20 അറിയാം, ഈ സംഗീത പ്രതിഭകളെ...
ടി.എസ് ബിജു

26 ശബരിമലയിലെ കൊള്ളക്കാർ
റ്റി.സി മാത്യു

32 എന്തുകൊണ്ട് കല്യാണം കഴിക്കണം?
ഷാരോൺ രഞ്ജിത്

34 രണ്ടാം പിറവി
ബോബി ജോസ് കട്ടിക്കാട്

37 അമ്മയ്ക്കെന്താ ജോലിക്കു പോയാൽ?
അഡ്വ. ദീപ്തി മുക്കട

40 വിശുദ്ധ കുർബാനയും നൃത്തവും
ഡോ. ജോസഫ് കളത്തിൽ

42 ചുമച്ചു ചുമച്ച്...
പല്ലവി തോമസ്

44 ദൈവാനുഗ്രഹങ്ങളെ തിരിച്ചറിയുക
ലെയോ പതിനാലാമൻ പാപ്പാ

48 പ്രത്യാശയുടെ സുവിശേഷസാക്ഷ്യം
റവ. ഡോ. ജോസ് ചേന്നാട്ടുശേരി സിഎംഐ

## സ്ഥിരംപംക്തികൾ

04 പൂമുഖം
കാൻചാ എന്ന ഷെർപയുടെ കഥ
ജോസ് ആൻഡ്രൂസ്

46 നടുത്തളം
സഭാവാർത്തകൾ

50 പുറംവാതിൽ
പറ്റുന്നവരും പോറ്റേണ്ടവരും പറ്റിക്കരുത്
ജെ. മണക്കുന്നേൽ

ചില സ്ഥിരംപംക്തികൾ ഈ ലക്കത്തിൽ ഉൾപ്പെടുത്താൻ സാധിക്കാത്തതിൽ ഖേദിക്കുന്നു.
പത്രാധിപർ




Disclaimer:
The editorial board of Kudumbajyothi does not bear the responsibility for the claims of the advertisements published. Though the magazine provide profound data regarding personal and family matters the readers may consult experts personally before acting on it especially regarding finance and health.

ചിത്രങ്ങൾക്ക് കടപ്പാട്: ഗൂഗിൾ

To subscribe Kudumbajyothi SMS 'sub' to 8921677078
Online: www.kudumbajyothis.com
Email: kudumbajyothi1982@gmail.com
Like Kudumbajyothi@ facebook.com/ kudumbajyothi

ചീഫ് എഡിറ്റർ
ഡോ. ജോസ് ജോർജ് തെക്കേപ്പുറത്ത്
മാനേജിംഗ് എഡിറ്റർ
ഫാ. സെബാസ്റ്റ്യൻ ചാമക്കാല
എക്സിക്യൂട്ടിവ് എഡിറ്റർ
ഫാ. ജോണിക്കുട്ടി തറക്കുന്നേൽ
സർക്കുലേഷൻ മാനേജർ
ജോസി ജോസഫ് ആലഞ്ചേരി
ഫോൺ: 8921677078

പത്രാധിപസമിതി
മാർ തോമസ് തറയിൽ
ഡോ. ജോസഫ് പാറയ്ക്കൽ
മുഖചിത്രം: ഹന്ന തെരേസ് ആനന്ദ്
മന്ന തെരേസ് ആനന്ദ്
മറിയം തെരേസ് ആനന്ദ്
ഫോട്ടോ: ചാക്കോച്ചൻ ഇൻഫോക്കസ്
ആശയം, രൂപകല്പന: സലിമോൻ, കോട്ടയം
അക്ഷരവിന്യാസം: മനോജ് വർഗീസ്
മുദ്രണം: സെന്റ് ജോസഫ്സ് ഓർഫനേജ് പ്രസ് ചങ്ങനാശേരി
ഫോൺ: 0481 2410101

● ജോസ് ആൻഡ്രൂസ്

# കാൻചാ എന്ന ഷെർപയുടെ കഥ

**കാൻചായുടെ കഥ നമ്മുടെ ജീവിതത്തിലെ ചില ചുമട്ടുകാരെ കണ്ടെത്താനുള്ള ആഹ്വാനമാണ്. നമുക്കു സമാന്തരമായി നിശബ്ദതപുല്കി സഞ്ചരിക്കുമ്പോഴും പാദമുദ്രകൾ പതിക്കാത്തവർ!**

കാൻചാ ഷെർപയെ അങ്ങനെ ആർക്കും കാര്യമായി അറിയില്ല. കഴിഞ്ഞദിവസം 92-ാമത്തെ വയസിൽ അന്തരിച്ചപ്പോൾ മാധ്യമങ്ങളിൽ ചെറിയൊരു വാർത്ത വന്നു. അത്രയേയുള്ളൂ. കാൻചാ ആരാണ്? എന്താണ് അയാളുടെ പ്രസക്തി? കഥയുടെ ക്ലൈമാക്സ് ആദ്യം പറയാം. 1953 മേയ് 29ന് ടെൻസിംഗും ഹിലാരിയും ലോകത്ത് ആദ്യമായി മൗണ്ട് എവറസ്റ്റ് കീഴടക്കുമ്പോൾ, കുറച്ചു താഴെയായി ഈ മനുഷ്യൻ നില്ക്കുന്നുണ്ടായിരുന്നു. പർവതാരോഹകരെ അനുഗമിക്കുന്ന ചുമട്ടുകാരായ ഷെർപകളിൽ ഒരാളായിരുന്നു കാൻചാ. മല കയറുന്നവർ ക്ഷീണിതരാകാതെ സഹായിക്കാൻ അവരുടെ വസ്തുവകകളെല്ലാം ചുമന്നുകൊണ്ട് ഒപ്പം നീങ്ങുന്നവരാണ് ഷെർപകൾ. പക്ഷേ, എവറസ്റ്റ് കീഴടക്കിയവരുടെ വിജയം ആഘോഷിക്കുമ്പോൾ, തൊട്ടുതാഴെ ക്ഷീണിതരായി നില്ക്കുന്ന ഷെർപ ചിത്രത്തിലുണ്ടാകില്ല. കാൻചായുടെ കഥ മറ്റുള്ളവരെ ജയിപ്പിക്കുന്ന ചുമട്ടുകാരുടേതാണ്. ചെറുതും വലുതുമായ കൊടുമുടികൾക്കു താഴെ ആരുടെയൊക്കെയോ വിജയം കാത്തിരിക്കുന്ന മനുഷ്യർ!

ഉത്തര നേപ്പാളിലെ നാംചേ ഗ്രാമത്തിൽ 1933ലായിരുന്നു കാൻചായുടെ ജനനം. നാംചേയിലൂടെയാണ് പർവതാരോഹകർ എവറസ്റ്റിലേക്കു പോകുന്നത്. കാൻചാ ഉരുളക്കിഴങ്ങു കൃഷിയും വില്പനയുമായി ഒതുങ്ങിക്കഴിയുന്നതിനിടെ ഒരിക്കൽ കൂട്ടുകാരുടെകൂടെ ഇന്ത്യയിലെ ഡാർജിലിംഗ് കാണാനെത്തി. അവിടെവെച്ചാണ്, പർവതാരോഹകരുടെ സഹായിയായാൽ ഉരുളക്കിഴങ്ങു വില്പനയേക്കാൾ ഭേദമാണെന്നറിഞ്ഞത്. ആദ്യമായി എവറസ്റ്റ് കീഴടക്കിയ ടെൻസിംഗ് നോർഗെ നേപ്പാളിലെ വീടുവിട്ട് ഡാർജിലിംഗിലെത്തി പർവതാരോഹണത്തിൽ വൈദഗ്ധ്യം നേടിയ ഷെർപയാണ്. അദേഹമാണ് പിന്നീട് ന്യൂസിലൻഡുകാരനായ എഡ്മണ്ട് ഹിലാരിക്കൊപ്പം എവറസ്റ്റ് കൊടുമുടി ആദ്യമായി കീഴടക്കിയത്. കാൻചായുടെ പിതാവിന് ടെൻസിംഗുമായി പരിചയമുണ്ടായിരുന്നതിനാൽ മകനെയും പണി പഠിപ്പിക്കണമെന്നു പറഞ്ഞു. അങ്ങനെയാണ് 1953ൽ പർവതാരോഹകരുടെകൂടെ കാൻചായെയും ടെൻസിംഗ് ഉൾപ്പെടുത്തിയത്.



ആ സംഘത്തിൽ 35 പേരുണ്ടായിരുന്നു. പർവതാരോഹണത്തിൽ വലിയ പരിചയമൊന്നും ഇല്ലായിരുന്നെങ്കിലും, അവരിലൊരാൾ കാൻചായായിരുന്നു. ഭക്ഷണവും നിത്യോപയോഗ സാധനങ്ങളും ടെന്റുമൊക്കെ ചുമന്ന് ഒടുവിലത്തെ ക്യാമ്പിൽ എത്തിയപ്പോൾ, ടെൻസിംഗിനും ഹിലാരിക്കുമൊപ്പം കാൻചാ ഉൾപ്പെടെ മൂന്നു ഷെർപകൾകൂടി ഉണ്ടായിരുന്നു. ആ ക്യാമ്പിന്റെ ഉയരം 7,900 മീറ്റർ. എവറസ്റ്റിന്റെ ഉയരം 8849 മീറ്റർ.

ഹിലാരിയും ഷെർപ തലവനായ ടെൻസിംഗും തനിച്ചു കൊടുമുടിയിലേക്കു പോയപ്പോൾ കാൻചായും കൂട്ടുകാരും കുറച്ചുകൂടി താഴേക്കിറങ്ങി ക്യാമ്പ് -രണ്ടിൽ കാത്തിരുന്നു. ഒടുവിൽ ചരിത്രം സൃഷ്ടിച്ച് രണ്ടുപേർ എവറസ്റ്റ് കൊടുമുടി കീഴടക്കിയ വാർത്ത റേഡിയോയിൽ കേട്ട് തുള്ളിച്ചാടിയ കാൻചാ, തിരിച്ചെത്തിയ ജേതാക്കൾക്കൊപ്പം കൊണ്ടുവന്ന സാധനങ്ങളെല്ലാം ചുമന്നുകൊണ്ടു മലയിറങ്ങി. 50 വയസുവരെ പർവതാരോഹകരെ സഹായിച്ചെങ്കിലും, അയാൾ ഒരിക്കലും എവറസ്റ്റിൽ കയറിയിട്ടില്ല.

ആദ്യം എവറസ്റ്റ് കീഴടക്കിയവരുടെയും ഷെർപകളുടെയും സംഘത്തിലെ അവസാനത്തെയാളായിരുന്നു കാൻചാ. ഇനിയാരും ബാക്കിയില്ല. കാൻചായുടെ കഥ നമ്മുടെ ജീവിതത്തിലെ ചില ചുമട്ടുകാരെ കണ്ടെത്താനുള്ള ആഹ്വാനമാണ്. നമ്മുടെ വിജയങ്ങളുടെ ചുമട്ടുകാരായ മനുഷ്യർ. നമുക്കു സമാന്തരമായി നിശബ്ദത സൂക്ഷിച്ചു സഞ്ചരിക്കുമ്പോഴും പാദമുദ്രകൾ പതിക്കാത്തവർ! വിജയത്തിന്റെ കൊടുമുടികളിൽ നിന്നിറങ്ങി ഓർമകളുടെ തണുത്തുറഞ്ഞ താഴ്‌വരകളിലേക്കു നോക്കിയാൽ അവരെ കാണാം. ചിലപ്പോൾ ജീവനോടെ, ചിലപ്പോൾ പരേതരായി.

ഒന്നോർത്തുനോക്കിയാൽ അവർക്ക് അമ്മയുടെയോ അപ്പന്റെയോ സഹോദരങ്ങളുടെയോ അധ്യാപകരുടെയോ മുഖമായിരിക്കാം. ചിലപ്പോൾ ബന്ധുക്കളോ സുഹൃത്തുക്കളോ ആയിരിക്കാം. ചിലപ്പോൾ, പിന്നീടൊരിക്കലും കണ്ടിട്ടില്ലാത്ത അപരിചിതരായിരിക്കാം. ചിലരിപ്പോഴും ചുമടുമെടുത്തു നമുക്കൊപ്പം നടക്കുന്നുണ്ട്. ഭക്ഷണം തന്ന്, പരീക്ഷാരാത്രികളിൽ കാവലിരുന്ന്, കൃത്യസമയത്ത് ഫീസ് തന്ന്, സാമ്പത്തികത്തകർച്ചയിൽ വായ്പ തന്ന്, ആശുപത്രികളിൽ കൂട്ടിരുന്ന്, വീഴാൻ തുടങ്ങുമ്പോഴൊക്കെ കൈപിടിച്ച് അവർ നമുക്കൊപ്പം നടക്കും. അവരിൽ ചിലർ സ്വന്തം സന്തോഷങ്ങളെ മാറ്റിവെച്ചായിരിക്കാം നമ്മെ സഹായിച്ചത്. ചിലർ കുടുംബപ്രാരബ്ധങ്ങൾക്കിടെ വിവാഹം കഴിക്കാൻപോലും മറന്നവരായിരിക്കാം. ഒടുവിൽ നാം വിജയം കീഴടക്കിയപ്പോൾ തൊട്ടുതാഴെയൊരു ക്യാമ്പിൽ അവരുണ്ടായിരുന്നു!

നമ്മുടെ വീടുകളിലെ ഷെർപകൾ പലപ്പോഴും നന്ദികേടുകളുടെ ഭാണ്ഡവും ചുമക്കുന്നവരാണ്. ചില വിജയികൾ, തങ്ങളുടെ ഷെർപകൾ ക്ഷീണിതരാകുന്ന കാലത്ത് പഴയതൊന്നും ഓർമിക്കുകയോ സഹായിക്കുകയോ ചെയ്യില്ല. വൃദ്ധസദനങ്ങൾ ഷെർപകളുടെ അവസാന ക്യാമ്പുകളിലൊന്നാണ്. അതിന്റെ ജാലകത്തിലൂടെ അവർ കൊടുമുടി കീഴടക്കിയ മക്കളെ കാത്തിരിക്കാറുണ്ട്. പക്ഷേ, പലപ്പോഴും ഹിമാലയത്തിലെന്നപോലെ ഷെർപകൾ തണുത്തുറഞ്ഞുകഴിയുമ്പോഴേ മക്കൾ പ്രത്യക്ഷപ്പെടൂ.

വൃദ്ധസദനങ്ങൾ ഷെർപകളുടെ അവസാന ക്യാമ്പുകളിലൊന്നാണ്. അതിന്റെ ജാലകത്തിലൂടെ അവർ കൊടുമുടി കീഴടക്കിയ മക്കളെ കാത്തിരിക്കാറുണ്ട്.

അമേരിക്കൻ എഴുത്തുകാരിയായ ലോയിസ് മക്മാസ്റ്ററുടെ വാക്യങ്ങൾ ഇതിന്റെ സൂചനയാണ്: "ധൈര്യമുണ്ടെങ്കിൽ, തീരെ സമയമില്ലായിരുന്നു എന്ന് നിങ്ങൾക്കു സമ്മാനമായി കിട്ടിയ ശ്വാസമെടുത്ത് അയാളുടെ കല്ലറയ്ക്കു മുന്നിൽനിന്നു പരാതി പറയൂ."

2013ൽ വാർത്താ ഏജൻസിയായ എഎഫ്പിക്കു നല്കിയ അഭിമുഖത്തിൽ കാൻചാ പറയുന്നുണ്ട്: "ടെൻസിംഗിനെയും ഹിലാരിയെയും എല്ലാവർക്കും അറിയാം. പക്ഷേ, കൊടുമുടിയിലേക്കുള്ള വഴിയിലൂടെ ഞങ്ങൾ ചുമന്ന ഭാരം ആരറിയുന്നു!"

നമ്മുടെ ഭാരം ചുമന്ന ആരോ ഒരാളുടെ നെടുവീർപ്പ് കേൾക്കുന്നുണ്ടോ?

ഞാനതു കേട്ടതുകൊണ്ടാണ് കാൻചായുടെ കഥ പറയാമെന്നു വെച്ചത്.

○

ഡോ. വർഗീസ് പുന്നൂസ്
(പ്രിൻസിപ്പൽ, ഗവ. മെഡിക്കൽ കോളജ്, കോട്ടയം)

# പുരുഷന്മാരുടെ ശ്രദ്ധയ്ക്ക്...

**വിഷാദത്തിന്റെ ഏറ്റവും വലിയ പരിണിതഫലമായ ആത്മഹത്യ കൂടുതൽ ഉണ്ടാകുന്നത് പുരുഷന്മാരുടെ ഇടയിലാണ് എന്ന വസ്തുത സമൂഹത്തിന്റെ കണ്ണുതുറപ്പിക്കണം.**



ഡിപ്രഷൻ (വിഷാദരോഗം) സ്ത്രീകളിലാണ് കൂടുതൽ കാണപ്പെടുന്നത് എന്നത് ഒരു വസ്തുതയാണെന്നു പറയാം. ഇക്കാരണം കൊണ്ടുതന്നെ പുരുഷന്മാരിൽ കാണുന്ന വിഷാദം പൊതുവെ ചർച്ചകളിലും ചികിത്സയിലും അവഗണിക്കപ്പെടാറുണ്ട്. വിഷാദത്തിന്റെ ഏറ്റവും വലിയ പരിണിതഫലമായ ആത്മഹത്യ കുടുതൽ ഉണ്ടാകുന്നത് പുരുഷന്മാരുടെ ഇടയിലാണ് എന്നത് ഒരു വലിയ സുചകമാണ്. പുരുഷന്മാരുടെ വിഷാദം തിരിച്ചറിയുന്നതിലും ചികിത്സിക്കുന്നതിലും നമ്മുടെ സിസ്റ്റം പരാജയപ്പെടുന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവായിക്കൂടി ഇതിനെ തിരിച്ചറിയാം.

## വിഷാദരോഗത്തിന്റെ പൊതുവായ ലക്ഷണങ്ങൾ

സ്ഥായിയായി അനുഭവപ്പെടുന്ന താഴ്ന്ന മൂഡ് (persistent low mood), സന്തോഷം തരേണ്ട കാര്യങ്ങളിൽനിന്നും സന്തോഷം അനുഭവിക്കാൻ പറ്റാത്ത



**'സാരമില്ല, ധൈര്യമായിരിക്കൂ, നിന്റെ ഇച്ഛാശക്തി പുറത്തെടുക്കാനുള്ള സമയമാണിത്' എന്നിങ്ങനെയുള്ള ആശ്വാസവചനങ്ങൾ, ഗൗരവമേറിയ വിഷാദത്തിലിരിക്കുന്ന വ്യക്തിയെ കൂടുതൽ നിസഹായനാക്കി തീർക്കുകയേയുള്ളൂ.**

അവസ്ഥ (inability to experience pleasure - anhedonia), ഒന്നിലും താത്പര്യമില്ലായ്മ (loss of interest), സ്ഥായിയായ ഉന്മേഷമില്ലായ്മ (tiredness - fatigue), നിരാശാഭരിതമായ ചിന്തകൾ, അമിതവും അനാവശ്യവുമായ കുറ്റബോധം, വിശപ്പില്ലായ്മ, ഉറക്കമില്ലായ്മ, ആത്മഹത്യാചിന്തകൾ എന്നിവ രണ്ടാഴ്ചയിലധികം നീണ്ടുനില്ക്കുകയും, ഈ ലക്ഷണങ്ങൾക്ക് ശാരീരികമായ മറ്റു കാരണങ്ങൾ ഇല്ലാതിരിക്കുകയും ചെയ്താൽ, വിഷാദാവസ്ഥയിൽകൂടിയാണ് ആ വ്യക്തി കടന്നുപോകുന്നത് എന്നു സംശയിക്കണം. (പക്ഷേ ഇങ്ങനെയൊരു രോഗനിർണയം സ്വയം നടത്താതിരിക്കുക - മറ്റു പല ഘടകങ്ങളും കണക്കിലെടുത്താണ് ഒരു ഡോക്ടർ രോഗനിർണയം നടത്തുന്നത് എന്നതു മറക്കരുത്.)

## വിഷാദരോഗം, സ്ത്രീ-പുരുഷ വ്യത്യാസങ്ങൾ

സ്ത്രീകളിൽ ശാരീരിക രോഗലക്ഷണങ്ങൾ പലപ്പോഴും വിഷാദത്തിന്റെ സന്ദേശവാഹകരായി മുമ്പിൽ നില്ക്കുന്നതായി അനുഭവപ്പെടാം. ശരീരത്തിന്റെ പലഭാഗത്തായി അനുഭവപ്പെടുന്ന പുകച്ചിൽ, നീറ്റൽ, മരവിപ്പ് എന്നിവ സാധാരണയാണ്.

പുരുഷന്മാരിൽ സ്ഥായിയായ വിഷാദഭാവത്തിനു പകരം പെട്ടെന്നുള്ള ദേഷ്യം,



**പലപ്പോഴും പുരുഷന്മാരുടെ ഉള്ളിലുള്ള വിഷാദം കാണാതെ പോവുകയും, പുറമേയുള്ള മദ്യാസക്തി എല്ലാ പ്രശ്നങ്ങളുടെയും കാരണമായി ചിത്രീകരിക്കപ്പെടുകയും ചെയ്യാറുണ്ട്.**

ഈർഷ്യ എന്നിവയാകാം പ്രകടമാകുന്നത്. തങ്ങളുടെ വൈകാരികാവസ്ഥയും ചിന്തകളും മറ്റുള്ളവരോടു പങ്കുവെക്കാൻ സ്ത്രീകളെ അപേക്ഷിച്ച് പുരുഷന്മാർ വിമുഖരാണ്.

വിഷാദരോഗങ്ങൾക്ക് - വിശപ്പില്ലായ്മ, ഉറക്കക്കുറവ്, ക്ഷീണം - ഒരു സ്വയംചികിത്സ എന്ന നിലയിൽ പല പുരുഷന്മാരും പുകയില, മദ്യം എന്നിങ്ങനെയുള്ള മാർഗങ്ങളിലേക്കു തിരിയുന്നതായി കാണാറുണ്ട്. ഈ മാർഗങ്ങൾ താത്കാലികാശ്വാസം നല്കിയേക്കാമെങ്കിലും, ക്രമേണ ഇവയുടെ ഉപയോഗം കൂടിവന്ന് അഡിക്ഷൻ (addiction) എന്ന അവസ്ഥയിൽ എത്തിച്ചേരാം. അതിനാൽ പലപ്പോഴും ഉള്ളിലുള്ള വിഷാദം കാണാതെ പോവുകയും, പുറമേയുള്ള മദ്യാസക്തി എല്ലാ പ്രശ്നങ്ങളുടെയും കാരണമായി ചിത്രീകരിക്കപ്പെടുകയും ചെയ്യുന്നു. മദ്യപാനപ്രശ്നങ്ങളുമായി വരുന്ന വ്യക്തിക

## എന്താണ് ചികിത്സ?

*ലഘുവായ വിഷാദരോഗത്തിന് കുടുംബത്തിന്റെയും സുഹൃത്തുക്കളുടെയും പിന്തുണയും സൈക്കോതെറപ്പിയുമാണു വേണ്ടത്. കുറച്ചുകൂടി തീവ്രത കൂടിയ വിഷാദത്തിന് ഔഷധചികിത്സയും Cognitive Behaviour Therapy (CBT) എന്ന സൈക്കോതെറപ്പിയാണ് ആവശ്യം. വളരെ തീവ്രവും ആത്മഹത്യാ സാധ്യത കൂടുതലുമുള്ള അവസരങ്ങളിൽ മസ്തിഷ്ക ഉത്തേജന ചികിത്സയായ Electro Cunvulsive Therapy (ECT) വളരെ ഫലപ്രദമാണ്.*



**വിഷാദരോഗം നേരത്തെ തിരിച്ചറിയുകയും, അതിന് ശാസ്ത്രീയചികിത്സ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് ഏറ്റവും ഫലപ്രദമായ ആത്മഹത്യാപ്രതിരോധമാർഗം.**

ളിൽ വിഷാദരോഗം ഒളിഞ്ഞിരിപ്പുണ്ടോ എന്നത് നിർബന്ധമായും പരിശോധിക്കണം. അഡിക്ഷൻ ചികിത്സയിലെ ഒരു അടിസ്ഥാന പ്രമാണമാണിത്.

## ചില മിഥ്യാധാരണകൾ

*1) വിഷാദം എല്ലാവർക്കും ഉള്ളതല്ലേ? ജീവിതത്തിൽ പ്രതികൂല സാഹചര്യങ്ങൾ വരുമ്പോൾ ദുഃഖം ഉണ്ടാവുക എന്നത് തികച്ചും സ്വാഭാവികമല്ലേ? അതിനെ ഒരു രോഗമായി കണക്കാക്കുന്നത് ശരിയല്ല.*

അപ്രതീക്ഷിതമായ ജീവിതസാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ, പ്രതിസന്ധികളിൽ പരാജയപ്പെടുമ്പോൾ ദുഃഖവും നിരാശയും ഉണ്ടാകുന്നതിനെ വിഷാദരോഗം എന്ന് ഒരിക്കലും പറഞ്ഞുകൂടാ. അത് ഒരു സാധാരണ പ്രതികരണം (normal reaction or grief reaction) ആണ്. ചിലപ്പോൾ ഇത്തരം പ്രതികരണങ്ങൾ നീണ്ടുനില്ക്കുകയോ, ഒരു വ്യക്തിയുടെ പ്രവർത്തനമേഖല തടസപ്പെടുത്തുകയോ ചെയ്യുമ്പോൾ അതിനെ പൊരുത്തപ്പെടൽ തകരാർ (Adjustment disorder) എന്നു വേണമെങ്കിൽ വിളിക്കാം. ഇത്തരം സന്ദർഭങ്ങളിൽ സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും പിന്തുണയും അടിസ്ഥാന കൗൺസിലിംഗും മതി; മാനസികാരോഗ്യവിദഗ്ധന്റെ ചികിത്സ വേണമെന്നില്ല.

*2) വിഷാദം എന്നത് ഒരു മാനസികാവസ്ഥയല്ലേ? അതിന് കൗൺസിലിംഗ് അല്ലേ വേണ്ടത്? ഔഷധചികിത്സ ഒഴിവാക്കുന്നതല്ലേ നല്ലത്? ഷോക്ക് ചികിത്സ ക്രൂരവും അനാവശ്യവുമാണ്.*

മാനസികാവസ്ഥകൾ എല്ലാംതന്നെ മനുഷ്യന്റെ തലച്ചോറിന്റെ ഉല്പന്നങ്ങളാണ് – നമ്മുടെ വികാരങ്ങളും ചിന്തകളും പ്രതികരണങ്ങളുമെല്ലാം. വിഷാദം ഒരു രോഗമായി മാറുമ്പോൾ തലച്ചോറിന്റെ വ്യത്യസ്തമായ രസതന്ത്രത്തിന്റെ ഒരു പ്രതിഫലനമാണത്. ആ brain chemistryയെ സാധാരണ തലത്തിലേക്കു കൊണ്ടുവരാനാണ് ഔഷധചികിത്സ. സിറോടോണിൻ, നോർ-എപിനെഫ്രിൻ (Serotonin, nor-epinephrin),



**മദ്യപാനപ്രശ്നങ്ങളുമായി വരുന്ന വ്യക്തികളിൽ വിഷാദരോഗം ഒളിഞ്ഞിരിപ്പുണ്ടോ എന്നത് നിർബന്ധമായും പരിശോധിക്കണം. അഡിക്ഷൻ ചികിത്സയിലെ ഒരു അടിസ്ഥാന പ്രമാണമാണിത്.**

ഡോപമിൻ എന്നിങ്ങനെയുള്ള മസ്തിഷ്ക രാസപദാർഥങ്ങളുടെ ഉല്പാദനവും പ്രസരണവും സാധാരണഗതിയിലാക്കുന്ന anti-depressant, mood stabilizer മരുന്നുകളാണ് വിഷാദരോഗചികിത്സയിൽ ഉപയോഗിക്കുന്നത്. ഇവയുടെ ഫലസിദ്ധിയും സുരക്ഷിതത്വവും ശാസ്ത്രീയ പരീക്ഷണ നിരീക്ഷണങ്ങളിൽ തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. പാർശ്വഫലങ്ങൾ ഉണ്ടാകാം. പക്ഷേ ചികിത്സിക്കുന്ന ഡോക്ടർ ആ കാര്യങ്ങൾ പറഞ്ഞുമനസിലാക്കുകയും പരിഹാരമാർഗങ്ങൾ നിർദേശിക്കുകയും ചെയ്യും എന്ന വിശ്വാസം ഔഷധചികിത്സയിൽ ആവശ്യമാണ്. വിഷാദവിരുദ്ധ ഔഷധങ്ങൾ അഡിക്ഷൻ ഉണ്ടാക്കുകയില്ല.

ഷോക്ക് ചികിത്സ എന്ന പേരുതന്നെ തെറ്റിദ്ധാരണാജനകമാണ്. മസ്തിഷ്കകേന്ദ്രങ്ങളുടെ ഉത്തേജനത്തിന് ചെറിയ ഡോസിലുള്ള വൈദ്യുതിയും കാന്തികവലയവും ഉപയോഗിച്ചു ചെയ്യുന്ന Electro Convulsive Therapy (ECT) വിഷാദചികിത്സയിൽ ഫലപ്രദവും സുരക്ഷിതവുമാണ്. തീവ്രതയുള്ള വിഷാദത്തിലും ആത്മഹത്യാപ്രവണതയിലും ECT ഒരു ജീവൻരക്ഷാ ചികിത്സയാണ് എന്നതാണു വാസ്തവം.

*3) ബാഹ്യമായ കാരണങ്ങൾ, stress എന്നിവകൊണ്ടല്ലേ വിഷാദം ഉണ്ടാകുന്നത്? നല്ല ധൈര്യവും ഇച്ഛാശക്തിയും (will power), ദൈവവിശ്വാസവും ഉണ്ടെങ്കിൽ വിഷാദം ഉണ്ടാകില്ല.*

ബാഹ്യമായ കാരണങ്ങൾ വിഷാദരോഗത്തെ ചിലപ്പോഴൊക്കെ trigger ചെയ്തേക്കാമെങ്കിലും ഒരു കാരണമായി ഉണ്ടാകണം എന്നു നിർബന്ധമില്ല. പ്രത്യേകിച്ച് ബാഹ്യമായ ഒരു കാരണമില്ലാതെയും വിഷാദം ഉണ്ടാകാം. മധുരവും കൊഴുപ്പും കുറച്ച് ഉപയോഗിക്കുന്നവരിലും പ്രമേഹവും കൊളസ്ട്രോളും ഉണ്ടാകും എന്നതുപോലെതന്നെ. വിഷാദാവസ്ഥയിൽ ആയിരിക്കുമ്പോൾ താരതമ്യേന ചെറിയ പ്രശ്നങ്ങൾപോലും വലിയ പ്രതിസന്ധികളായി അനുഭവപ്പെടാം എന്നതിനാൽ അവ അതിന്റെ കാരണമായി തെറ്റിദ്ധരിക്കപ്പെടാറുണ്ട്. വിഷാദത്തിന്റെ ഫലമായി ഉണ്ടാകുന്ന പരീക്ഷാ

തോൽവി, ജോലി നഷ്ടപ്പെടൽ തുടങ്ങിയവ അതിന്റെ കാരണമായി തെറ്റിദ്ധരിക്കപ്പെടുന്നത് ഉദാഹരണം. എത്ര ധൈര്യവും ഇച്ഛാശക്തിയും ഉള്ളവർക്കും വിഷാദരോഗം ഉണ്ടാകാം. ധൈര്യക്കുറവും ഇച്ഛാശക്തിയുടെ അഭാവവും ചിലപ്പോൾ വിഷാദരോഗത്തിന്റെ ലക്ഷണങ്ങളാവാറുമുണ്ട്. ഇതേപോലെയാണ് ദൈവവിശ്വാസത്തിന്റെ കാര്യവും. ഈശ്വരവിശ്വാസം ഉത്കണ്ഠയ്ക്കും ലഘു വിഷാദരോഗങ്ങൾക്കും പരിഹാരമാകാറുണ്ടെന്നത് നേരാണ്. പക്ഷേ, ഗൗരവതരമായ വിഷാദരോഗാവസ്ഥയിൽ, ദൈവത്തിനുപോലും തന്നെ സഹായിക്കാൻ കഴിയില്ല എന്ന വിചാരവും ആത്മഹത്യാചിന്തകളും രോഗിയിൽ പ്രബലപ്പെടാം.

ആയതിനാൽ ഓർക്കുക, "സാരമില്ല, ധൈര്യമായിരിക്കൂ, നല്ല ഇച്ഛാശക്തി (will power) പുറത്തെടുക്കാനുള്ള സമയമാണിത്" എന്നിങ്ങനെയുള്ള ആശ്വാസവചനങ്ങൾ ഗൗരവമേറിയ വിഷാദത്തിലിരിക്കുന്ന വ്യക്തികൾക്ക് ഒരിക്കലും പ്രയോജനപ്പെടില്ല. മാത്രമല്ല, അവ ആ വ്യക്തിയെ കൂടുതൽ നിസഹായനാക്കി തീർക്കുകയും ചെയ്യും.

*4) വിഷാദം തടയാനാകുമോ?*

ഒരു പരിധിവരെ! ശരിയായ ജീവിതശൈലികൾ (ഭക്ഷണക്രമം, നിദ്രാശുചിത്വം (sleep hygiene), വ്യായാമം, ശരിയായ ചിന്താശൈലി, ശരിയായ ജീവിതതത്വശാസ്ത്രം, പ്രതിസന്ധികളെ ആരോഗ്യകരമായി നേരിടാനുള്ള പരിശീലനം, ലഹരിവസ്തുക്കളുടെ ഒഴിവാക്കൽ എന്നിവ ഒരു പരിധിവരെ വിഷാദത്തെ തടയും. അല്ലെങ്കിൽ അതിന്റെ തീവ്രത കുറയ്ക്കും.

**ചുരുക്കത്തിൽ**

വിഷാദരോഗത്തെ തിരിച്ചറിയുക, സഹായം തേടാൻ മടിക്കാതിരിക്കുക, ശാസ്ത്രീയമായ സൈക്കോതെറപ്പി, ആവശ്യമായ സന്ദർഭത്തിൽ ഔഷധചികിത്സ, കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും സമൂഹത്തിന്റെയും പിന്തുണ എന്നിവ ഉറപ്പാക്കണം. പുരുഷന്മാർക്കു വിഷാദമുണ്ടാകുമ്പോൾ, അത് അവന്റെ പൗരുഷത്തിന്റെ കുറവാണ് എന്ന ധാരണപ്പിശകിൽ കുടുങ്ങാതെ, അയാൾക്കു ശരിയായ സഹായം ലഭ്യമാക്കുക. അതാണ് മികച്ച പരിഹാരമാർഗം.

## ആത്മഹത്യയും വിഷാദരോഗവും

*ആത്മഹത്യയുടെ പ്രത്യക്ഷകാരണങ്ങൾ (visible immediate cause) മാത്രമേ പലപ്പോഴും മാധ്യമങ്ങളും പൊലീസ് രേഖകളും അയൽപക്ക പരദൂഷണവും എടുത്തുകാണിക്കയുള്ളൂ. പക്ഷേ പൂർത്തീകരിക്കപ്പെട്ട ആത്മഹത്യകളിൽ ബഹുഭൂരിപക്ഷവും, വിഷാദരോഗം തിരിച്ചറിയപ്പെടുകയോ നേരാംവണ്ണം ചികിത്സിക്കപ്പെടുകയോ ചെയ്യാത്തതു മൂലമാണ് എന്ന് psychological autopsy പോലുള്ള ശാസ്ത്രീയപഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. പഠനത്തിലെ പരാജയങ്ങൾ, ജോലി നഷ്ടപ്പെടൽ, സാമ്പത്തികതകർച്ച, ദാമ്പത്യബന്ധ ശൈഥില്യം, പ്രണയതകർച്ച തുടങ്ങിയ പ്രത്യക്ഷ കാരണങ്ങൾക്കു പിന്നിൽ, ഇവയിലേക്കു നയിച്ച വിഷാദത്തെ നാം കാണാതെ പോകുന്നു. ഏറ്റവും ഫലപ്രദമായ ആത്മഹത്യാപ്രതിരോധമാർഗം വിഷാദരോഗം നേരത്തെ തിരിച്ചറിയുകയും, അതിന് ശാസ്ത്രീയചികിത്സ ലഭ്യമാക്കുകയും ചെയ്യുക എന്നതാണെന്നു പല പഠനങ്ങളും തെളിയിച്ചിട്ടുണ്ട്.*



ശ്രീമതി ഷൈനി കുര്യാക്കോസ് • ഡോ. ജിഷമോൾ അലക്സ്

# തെരുവിലിറങ്ങാൻ നിർബന്ധിതരാകുന്ന അധ്യാപകർ

*കത്തോലിക്കാ എയ്ഡഡ് മാനേജ്മെൻറ് സ്കൂളുകളിലെ അധ്യാപക-അനധ്യാപക നിയമനങ്ങൾ, ഭിന്നശേഷി സംവരണ നിയമനത്തിന്റെ മറവിൽ തടഞ്ഞുവെക്കുന്നതിനെതിരേ നടന്ന പ്രതിഷേധസമരങ്ങൾക്കു ചുക്കാൻ പിടിച്ച കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന പ്രസിഡന്റ് ശ്രീ. ടോം മാത്യുവുമായുള്ള അഭിമുഖം.*

ആരംഭം മുതലേ കേരളത്തിന്റെ വിദ്യാഭ്യാസരംഗത്ത് നിസ്തുല സംഭാവനകൾ നല്കിവരുന്ന കത്തോലിക്കാ സഭയെ പാടേ നിരാകരിക്കുന്ന നിലപാടാണ് കഴിഞ്ഞ കുറേ വർഷങ്ങളായി വിവിധ സർക്കാരുകളും മുന്നണികളും സ്വീകരിക്കുന്നത്. കത്തോലിക്കാ എയ്ഡഡ് മാനേജ്മെൻറ് സ്കൂളുകളിലെ അധ്യാപക-അനധ്യാപക നിയമനങ്ങൾ, ഭിന്നശേഷി സംവരണ നിയമനത്തിന്റെ മറവിൽ തടഞ്ഞുവെക്കുന്നതാണ് അതിൽ ഏറ്റവും ഒടുവിലത്തേത്. ഇതോടു ബന്ധപ്പെട്ട് കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാനവ്യാപകമായി സമരപരിപാടികൾ സംഘടിപ്പിച്ചിരുന്നു. കേരള സഭയിലെ അഭിവന്ദ്യ പിതാക്കന്മാരുടെ ധാർമികപിന്തുണയോടെ അവർ നടത്തിയ സമരപോരാട്ടങ്ങൾ വിജയത്തിലേക്ക് അടുക്കുന്നതിന്റെ അടയാളങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്. വിദ്യാഭ്യാസമന്ത്രി ശ്രീ. വി. ശിവൻകുട്ടി ചങ്ങനാശേരി അതിരൂപതാധ്യക്ഷൻ ആർച്ചുബിഷപ്പ് മാർ തോമസ് തറയിലിനെ






**നല്ല വിദ്യാഭ്യാസം നേടി മാന്യമായ ജോലി ചെയ്തിട്ടും ശമ്പളം ലഭിക്കാത്ത ഗതികേടിലാണ് ഇപ്പോൾ നമ്മുടെ ആയിരക്കണക്കിന് അധ്യാപകർ.**

സന്ദർശിച്ചു ചർച്ചനടത്തിയതും, തുടർന്ന് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ പ്രതിസന്ധി പരിഹരിക്കാൻ തീരുമാനമെടുത്തതും അതിന്റെ സൂചനകളായി വിലയിരുത്തപ്പെടുന്നു. പ്രതിഷേധസമരങ്ങൾക്കു ചുക്കാൻ പിടിച്ച കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന പ്രസിഡന്റ് ശ്രീ. ടോം മാത്യുവുമായി, ഗിൽഡ് സ്റ്റേറ്റ് വൈസ് പ്രസിഡണ്ട് ശ്രീമതി ഷൈനി കുര്യാക്കോസും, ചങ്ങനാശേരി അതിരൂപത ഗിൽഡ് ജനറൽ സെക്രട്ടറി ഡോ. ജിഷമോൾ അലക്സും നടത്തിയ അഭിമുഖം:

▶▶ *വിദ്യാഭ്യാസമേഖലയിലെ ഭിന്നശേഷി സംവരണം എന്താണ് അർഥമാക്കുന്നത്?*

ശാരീരികവും മാനസികവുമായ പരിമിതികൾമൂലം വെല്ലുവിളികൾ നേരിടുന്നവർ നമുക്കിടയിലുണ്ട്. സമൂഹത്തിന്റെ കരുതലും സ്നേഹവും പരിഗണനയും പ്രത്യേകം ലഭിക്കാൻ അവർക്ക് അർഹതയുമുണ്ട്. അവർക്കിടയിൽ അധ്യാപക, അനധ്യാപക ജോലികൾ ചെയ്യാൻ കഴിവും യോഗ്യതയുമുള്ളവർക്ക് നിശ്ചിതശതമാനം തസ്തികകൾ മാറ്റിവെക്കുക എന്നുമാത്രമേ ഭിന്നശേഷി സംവരണംകൊണ്ട് ഉദ്ദേശിക്കുന്നുള്ളൂ. ഈ നിയമം നടപ്പിലാക്കാൻ കോടതിയും സർക്കാരും നിർബന്ധപൂർവം പറയുന്നത് 2022 ജൂൺ 25ലെ ഉത്തരവിലാണ്. എങ്കിലും, 1996 മുതൽ 3 ശതമാനവും 2018 നു ശേഷം 4 ശതമാനവും തസ്തികകൾ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ഒഴിച്ചിടണം എന്നാണു നിയമം.

▶▶ *ഭിന്നശേഷി സംവരണത്തിന് കത്തോലിക്കാ മാനേജ്മെന്റുകൾ എതിരാണോ?*

ഒരിക്കലുമല്ല. അംഗപരിമിതരായ സഹോദരങ്ങളെ ക്രിസ്തീയസ്നേഹത്തിന്റെ തണലിൽ ചേർത്തുനിർത്തി സംരക്ഷിക്കുന്നതാണ് സഭയുടെ എക്കാലത്തെയും പ്രവർത്തനചരിത്രം. 1996 മുതലുള്ള മുപ്പതോളം വർഷത്തെ സംവരണത്തിലൂടെ നിലവിൽവന്ന തസ്തികകൾ കൂട്ടത്തോടെ ഭിന്നശേഷിക്കാർക്കായി മാറ്റിവെക്കേണ്ടിവന്നു. ഇത്തരത്തിൽ നിയമനം നടത്തുന്നതിന് മാനേജ്മെന്റുകൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളെ സമീപിച്ചു. തസ്തികകൾ നിർദേശിക്കുന്ന യോഗ്യതകളുള്ളവർ വേണ്ടത്രയില്ല എന്നാണ് അപ്പോൾ ലഭി



**അധ്യാപകരാകാൻ നിശ്ചിതയോഗ്യതയുള്ള ഭിന്നശേഷിക്കാരുണ്ടെങ്കിൽ അവരെ നിയമിക്കാൻ മാനേജ്മെന്റുകൾ തയാറാണ്. അതില്ലാതെ വരുമ്പോൾ ആ ന്യായം പറഞ്ഞ് മറ്റ് അധ്യാപകനിയമനങ്ങൾ തടയുന്നത് തികച്ചും അനീതിയല്ലേ?**

ക്കുന്ന മറുപടി. സത്യത്തിൽ പ്രതിസന്ധി രൂക്ഷമാകാൻ അതാണു കാരണം. യോഗ്യരായ ഉദ്യോഗാർഥികളുണ്ടെങ്കിൽ അവരെ നിയമിക്കാൻ മാനേജ്മെന്റുകൾ തയാറാണ്. യോഗ്യരായ ഉദ്യോഗാർഥികൾ വേണ്ടത്രയില്ലാതെ വരുമ്പോൾ പത്രപരസ്യം നല്കി ഉദ്യോഗാർത്ഥികളെ ലഭ്യമാക്കാൻ സർക്കാരും ശ്രമിക്കാറുണ്ട്. എന്നിട്ടും ആളില്ലാതെ വരുമ്പോൾ ആ ന്യായം പറഞ്ഞ് മാനേജ്മെന്റുകൾ നടത്തുന്ന മറ്റ് അധ്യാപകനിയമനങ്ങൾ തടയുന്നത് യുക്തിസഹമാണോ? അനീതിയല്ലേ അത്?

*▶▶ ഭിന്നശേഷിക്കാർക്കെല്ലാം ഒരേ രീതിയിലാണോ സംവരണം?*

ഇക്കാര്യത്തിൽ കൃത്യമായ മാർഗനിർദേശം കോടതിയും സർക്കാരും നല്കിയിട്ടുണ്ട്. അതു പൂർണമായും പാലിച്ചുകൊണ്ടുതന്നെയാണ് ക്രൈസ്തവസ്ഥാപനങ്ങൾ സംവരണനിയമനം കൈകാര്യം ചെയ്യുന്നത്. അംഗപരിമിതികളുടെ അടിസ്ഥാനത്തിൽ ഭിന്നശേഷിയുള്ളവരെ നാലു കാറ്റഗറികളായി തിരിച്ച് മുൻഗണനാക്രമത്തിൽ ഭിന്നശേഷിസംവരണം നടപ്പിലാക്കി വരുന്നു.

*▶▶ ഭരണഘടന ന്യൂനപക്ഷങ്ങൾക്കു നല്കുന്ന മൗലികാവകാശങ്ങൾക്ക് അനുസൃതമായാണല്ലോ ക്രൈസ്തവസഭകൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതും നടത്തുന്നതും. മാറിമാറി വരുന്ന സർക്കാരുകൾ ഈ അവകാശങ്ങൾ കവർന്നെടുക്കാൻ ശ്രമിക്കുകയാണെന്നു തോന്നുന്നുണ്ടോ?*

തീർച്ചയായും. സമീപകാല നീക്കങ്ങൾ ആ തോന്നലിനെ കുറേക്കൂടി ബലപ്പെടുത്തുന്നു. ഭരണഘടനാശില്പികൾ ദീർഘവീക്ഷണത്തോടെ ഉറപ്പാക്കിയ ന്യൂനപക്ഷാവകാശങ്ങളുടെ ധാർമികവും ചരിത്രപരവുമായ മൂല്യങ്ങളെ നിരാകരിക്കുന്ന സമീപനങ്ങൾ കേന്ദ്ര-സംസ്ഥാന




**അംഗപരിമിതരായ സഹോദരങ്ങളെ ക്രിസ്തീയസ്നേഹത്തിന്റെ തണലിൽ ചേർത്തുനിർത്തി സംരക്ഷിക്കുന്നതാണ് സഭയുടെ എക്കാലത്തെയും പ്രവർത്തനചരിത്രം.**

ഗവണ്മെന്റുകൾ സ്വീകരിക്കുന്നത് അടുത്തകാലത്ത് ആപത്കരമായ തോതിൽ വർധിക്കുന്നുണ്ട്. തികച്ചും ദൗർഭാഗ്യകരമാണത്. വിദ്യാഭ്യാസരംഗത്ത് ക്രിസ്ത്യൻ സ്ഥാപനങ്ങൾ നല്കിയിട്ടുള്ള സംഭാവനകൾ ആർക്കാണു തമസ്കരിക്കാൻ കഴിയുന്നത്? അത്തരം സ്ഥാപനങ്ങളുടെ ഗുണഭോക്താക്കളല്ലേ ഇന്നു രാജ്യത്ത് ഭരണരംഗത്തും ശാസ്ത്രരംഗത്തും നീതിന്യായരംഗത്തുമടക്കം സകല മേഖലകളിലും നേതൃത്വം വഹിക്കുന്നത്.

▶▶ *ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് കത്തോലിക്കാ എയ്ഡഡ് സ്ഥാപനങ്ങൾ കോടതിയിൽ പോയി അനുകൂലവിധി സമ്പാദിക്കാൻ ശ്രമിക്കാതിരുന്നതിനു കാരണം?*

എൻഎസ്എസ് മാനേജ്മെന്റ് നല്കിയ കേസ് ഹൈക്കോടതി തള്ളിയപ്പോൾ അവർ സുപ്രീംകോടതിയിൽ പോയി. കേസിൽ കക്ഷിചേർന്നാൽ വിധിവരാനുണ്ടായേക്കാവുന്ന കാലതാമസം ഒഴിവാക്കാനാണ് വിദഗ്ധ നിയമോപദേശപ്രകാരം ക്രൈസ്തവസ്ഥാപനങ്ങൾ അങ്ങനെ ചെയ്തത്. എൻഎസ്എസിനു ലഭിച്ച വിധിയിൽ, സമാനസ്വഭാവമുള്ള സ്ഥാപനങ്ങൾക്കും പ്രസ്തുത വിധി ബാധകമാണെന്നു കോടതി വ്യക്തമാക്കിയിട്ടുണ്ട്. സുപ്രീംകോടതി വിധി എല്ലാ മാനേജ്മെന്റുകളിലും വിവേചനമില്ലാതെ നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടു കാത്തലിക് മാനേജ്മെന്റ് കൺസോർഷ്യം നിവേദനം നല്കി. പക്ഷേ സർക്കാർ അതു ഗൗനിച്ചില്ല. കൺസോർഷ്യം ഹൈക്കോടതിയെ സമീപിച്ചു. നാലു മാസത്തിനകം തീർപ്പുണ്ടാക്കണമെന്നായിരുന്നു കോടതി വിധി. എന്നിട്ടും അനുകൂല നടപടിയൊന്നുമുണ്ടായില്ല. ഗവണ്മെന്റ് ഇക്കാര്യത്തിൽ അനുകൂല ഉത്തരവ് പുറപ്പെടുവിക്കാത്തതാണ് കാലതാമസത്തിനു കാരണം. ഗത്യന്തരമില്ലാതെ വന്നപ്പോഴാണ് കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് പ്രതിഷേധസമരത്തിനു തെരുവിലിറങ്ങിയത്. സ്കൂൾ, രൂപത, ജില്ല,

**എൻഎസ്എസിനു ലഭിച്ച വിധിയിൽ, സമാനസ്വഭാവമുള്ള സ്ഥാപനങ്ങൾക്കും പ്രസ്തുത വിധി ബാധകമാണെന്നു കോടതി വ്യക്തമാക്കിയിട്ടുണ്ട്.**

സംസ്ഥാന തലങ്ങളിൽ നടത്തിയ അവകാശ ധർമസമരങ്ങളിൽ ആയിരക്കണക്കിന് അധ്യാപകർ അണിചേർന്നു. നീതിക്കു വേണ്ടിയുള്ള ഈ സമരം വിജയിക്കുമെന്ന ശുഭപ്രതീക്ഷ തന്നെയാണ് നമുക്കുള്ളത്.

*എൻഎസ്എസ് മാനേജ്മെന്റിനു ലഭിച്ച കോടതിവിധിയിൽ മറ്റു മാജേ്മെന്റുകൾക്കും അനുകൂലമായ പരാമർശമുണ്ടെന്നു പറഞ്ഞല്ലോ. അതൊന്നു വിശദീകരിക്കാമോ?*

തീർച്ചയായും. പ്രസ്തുത വിധിയിലെ ഏഴാമത്തെ പാരഗ്രാഫിൽ ഇങ്ങനെ പറയുന്നു: we further expect that the appellants and other similarly circumstanced society/ societies shall take steps to forthwith fill up the posts which are reserved for persons with disability at the earliest. On such appointments being made and the proposals for regularisation being submitted to the State government, the State government shall decide the same expeditiously." സമാനസ്വഭാവമുള്ള എല്ലാ വിദ്യാഭ്യാസ ഏജൻസികൾക്കും ഈ വിധി ബാധകമാണ് എന്നു ബഹുമാനപ്പെട്ട സുപ്രീം കോടതി വിവക്ഷിക്കുന്നു.

*ക്രൈസ്തവർ ശക്തമായ ഒരു വോട്ടുബാങ്ക് അല്ല എന്ന തോന്നലാണോ രാഷ്ട്രീയക്കാരുടെ ഇത്തരം അവഗണനകൾക്കു കാരണം?*

ഈശോയുടെ സുവിശേഷാധിഷ്ഠിതമായ രക്ഷാകരമാർഗത്തിലാണ് സഭയുടെ പ്രധാന ഊന്നൽ. അതേസമയം ലോകത്തിന്റെ തിന്മകളെയും നീതിനിഷേധങ്ങളെയും സഭ പ്രതിരോധിക്കേണ്ടതുമുണ്ട്. ആത്മീയലക്ഷ്യങ്ങൾക്ക് തടസമാവാത്ത വിധത്തിൽ, കാലോചിതമായി സാമൂഹികവിഷയങ്ങളിൽ ഇടപെടാൻ സഭയ്ക്കു കഴിയും. പണ്ടുമുതലേ സഭ അതു ചെയ്യുന്നുണ്ട്. അടുത്തകാലത്ത് സ്വാശ്രയനിയമത്തിലടക്കം സഭ ഉണർന്നു പ്രവർത്തിക്കുന്നത് പൊതുസമൂഹം കണ്ടതുമാണ്. ആരോടായാലും അവഗണന കാട്ടുന്നത് ഒരു സർക്കാരിനും ഭൂഷണമല്ല.

*ഭിന്നശേഷി നിയമനത്തിന്റെ കുരുക്കിൽപ്പെട്ട് അംഗീകാരം വൈകുന്ന അധ്യാപകരുടെ ഗതികേട് സമൂഹം തിരിച്ചറിയുന്നുണ്ടോ?*

തീർച്ചയായും. അവരും സമൂഹത്തിന്റെ ഭാഗമല്ലേ. വർഷങ്ങളായി അവർ നേരിടുന്ന പ്രതിസന്ധി പറഞ്ഞുഫലിപ്പിക്കാനാവില്ല. നല്ല വിദ്യാഭ്യാസം നേടി, മാന്യമായ ജോലി



ചെയ്തിട്ടും ശമ്പളം ലഭിക്കാത്ത ഗതികേടിലാണ് ആയിരക്കണക്കിന് അധ്യാപകർ. അതിലേറെയും ചെറുപ്പക്കാരാണ്. ജോലി ഉണ്ടായിട്ടും വീട്ടുചിലവുകൾക്ക് കടം വാങ്ങേണ്ടി വരുന്നവർ, കുടുംബം പോറ്റാൻ വരുമാനമില്ലാത്തതിനാൽ വിവാഹം കഴിക്കുവാൻ മടിക്കുന്നവർ, സ്വന്തം മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും ചികിത്സാർഥം അധ്യാപനം കഴിഞ്ഞ് കൂലിപ്പണിക്കു പോകുന്നവർ... ഉയർന്ന ബിരുദവും യോഗ്യതയുമുള്ള ചെറുപ്പക്കാരാണ് ഇവരെല്ലാം. ഇവർ അനുഭവിക്കുന്ന യാതനയും അപമാനവും കണ്ടില്ലെന്നു നടിക്കാൻ മനഃസാക്ഷിയുള്ള ആർക്കും കഴിയില്ല. അഭ്യസ്തവിദ്യരുടെ അവസ്ഥയിതാണെങ്കിൽ, ഇതൊക്കെ കണ്ടും കേട്ടും വളരുന്ന നമ്മുടെ കുട്ടികൾ കേരളം വിട്ടുപോയില്ലെങ്കിലേ അതിശയമുള്ളൂ. ഈ ദയനീയാവസ്ഥ എങ്ങനെ മാറ്റിയെടുക്കണമെന്ന് എല്ലാവരും കൂട്ടായി ആലോചിക്കണം.

▸▸ *ഈ ഇന്റർവ്യൂ തയാറാക്കുമ്പോൾ ശുഭകരമായ ഒരു വാർത്ത വരുന്നുണ്ട്. കത്തോലിക്കാസഭയുടെ ആവശ്യങ്ങൾ അംഗീകരിക്കാമെന്ന ഉറപ്പ് ഗവണ്മെന്റ് നല്കിയെന്നാണ് വാർത്ത.*

സർക്കാർ ഇപ്പോൾ നല്കിയ വാഗ്ദാനം ഈ അധ്യാപകർക്കും സമൂഹത്തിനാകെയും ആശ്വാസം നല്കുന്നതാണ്. നമ്മുടെ അധ്യാപകർ ഉന്നയിച്ച ആവശ്യം തികച്ചും നീതിപൂർവകമായതിനാലാണ് നമ്മുടെ പിതാക്കന്മാരും വൈദികരും പൊതുസമൂഹവും മാധ്യമങ്ങളും അവർക്കൊപ്പം ശക്തിയുക്തം നിലകൊണ്ടത്. അതുകൊണ്ടുതന്നെ സർക്കാരിന്റെ ഈ മനംമാറ്റം നമ്മുടെ മുന്നോട്ടുള്ള സഞ്ചാരത്തിന് ആശ്വാസവും വെളിച്ചവും നല്കും. ○

സാക്ഷ്യം
ബേസിൽ ജോസഫ്

# എന്നെ വളർത്തിയത് സഭ



**സൺഡേ സ്കൂൾ പ്രസ്ഥാനത്തിലൂടെയും സഭയിലൂടെയുമാണ് ഞാൻ വളർന്നതെന്ന് എനിക്ക് അഭിമാനത്തോടെ പറയാൻ സാധിക്കും.**

ചെറുപ്പംമുതൽക്കേ ഞാൻ സൺഡേസ്കൂളുകളുടെ ഭാഗമാണ്. പ്രസംഗമത്സരം, സംഗീതമത്സരം തുടങ്ങി എല്ലാറ്റിലും ഞാനുണ്ടായിരുന്നു. ബത്തേരിപള്ളിയിൽ സ്ഥിരമായി പാട്ടുപാടിയും കീബോർഡ് വായിച്ചുമാണ് ഞാനെന്റെ കലാജീവിതത്തിനു തുടക്കമിട്ടത്. എന്നിലെ കലാകാരനെ വാർത്തെടുത്തതിൽ സഭ നല്ലൊരു പങ്കു വഹിച്ചിട്ടുണ്ട്. സൺഡേ സ്കൂൾ പ്രസ്ഥാനത്തിലൂടെയും സഭയിലൂടെയുമാണ് ഞാൻ വളർന്നതെന്ന് എനിക്ക് അഭിമാനത്തോടെ പറയാൻ സാധിക്കും.

അഖിലമലങ്കര പ്രസംഗമത്സരത്തിൽ സബ് ജൂനിയർ വിഭാഗത്തിൽ മത്സരിക്കാനായി പുത്തൻകുരിശിൽ പങ്കെടുക്കാൻ പോയത് ഞാനിപ്പോഴുമോർക്കുന്നു. കാണാതെ പഠിച്ച പ്രസംഗം നല്ലതുപോലെ പറഞ്ഞെങ്കിലും എനിക്ക് സമ്മാനമൊന്നും കിട്ടിയില്ല. അതിന്റെ വിഷമത്തിൽ ഞാനങ്ങനെ ഇരിക്കുമ്പോൾ എന്നെ ആശ്വസിപ്പിച്ചത് ഇപ്പോഴത്തെ ശ്രേഷ്ഠ കാതോലിക്കാബാവായാണ്. അന്ന് ഒന്നുമല്ലാതിരുന്ന എന്നെ അദേഹം ആശ്വസിപ്പിച്ച് മുറിയിലേക്കു കൂട്ടിക്കൊണ്ടുപോവുകയും, സാരമില്ല നമുക്ക് അടുത്തതവണ സമ്മാനം നേടാം എന്നു പ്രോത്സാഹിപ്പിക്കുകയും ചെയ്തു. വർഷങ്ങൾക്കിപ്പുറവും ഞാൻ ആ വാക്കുകൾ ഓർമിക്കുന്നുണ്ടെങ്കിൽ, അന്ന് എന്നെ ബാവായുടെ വാക്കുകൾ എത്രത്തോളം സ്വാധീനിച്ചു എന്നതിന് തെളിവാണല്ലോ അത്. ആ വാക്കുകൾ ഇപ്പോഴും വളരെ നന്ദിയോടും സന്തോഷത്തോടുംകൂടി ഞാനോർമിക്കുന്നു.

*(പ്രശസ്ത സംവിധായകനും അഭിനേതാവുമാണ് ബേസിൽ ജോസഫ്)*

മാർട്ടിൻ നൈനാൻ



# വലിയോ വലി കൂർക്കംവലി...

**വായ്നാറ്റം പോലെയാണ് കൂർക്കംവലി. വഹിക്കുന്നവന് അറിയില്ല. സഹിക്കുന്നവനോ അത് അസഹനീയമായി മാറുന്നു.**

വിവാഹിതയായി രണ്ടുമാസം മാത്രം പിന്നിട്ട മകൾ വിവാഹ മോചനം ആവശ്യപ്പെട്ടപ്പോൾ ഞെട്ടിത്തരിച്ചുനില്ക്കാനേ അവളുടെ മാതാപിതാക്കൾക്കായുള്ളു. മരുമകന് അന്യസ്ത്രീബന്ധമോ ലൈം ഗിക വ്യതിയാനമോ ഉണ്ടായിരിക്കാം എന്നു കരുതി വിശദമായി ചോ ദിച്ചപ്പോൾ, മകൾ പറഞ്ഞ മറുപടി അവരെ കൂടുതൽ ഞെട്ടിച്ചു:

അതൊന്നുമല്ല, ഗിരിയേട്ടന്റെ കൂർക്കംവലിയാ പ്രശ്നം. രണ്ടുമാസമായി ഞാൻ നേരാംവണ്ണം ഉറങ്ങിയിട്ട്.

അസഹ്യമായ കൂർക്കംവലി മൂലം വിവാഹമോചനം നടക്കുന്നത് വിദേശരാജ്യങ്ങളിൽ മാത്രമല്ല നമ്മുടെ നാട്ടിലും ഇപ്പോൾ അത്ര അസാധാരണമായ കാര്യമല്ല.

ഉത്തരം കേട്ടപ്പോൾ അമ്മ അച്ഛനെ നോക്കി. കൂർക്കംവലി വിവാഹ മോചനത്തിന് ഒരു കാരണമാണെങ്കിൽ, 30 വർഷം പിന്നിട്ട ദാമ്പത്യജീവിതത്തിൽ എത്ര പണ്ടേ വിവാഹമോചനം നടക്കേണ്ടതായിരുന്നു എന്നല്ലേ ആ നോട്ടത്തിന്റെ അർഥം. സത്യം ഇതാണെങ്കിലും, അസഹ്യമായ കൂർക്കംവലി മൂലം വിവാഹമോചനം നടക്കുന്നത് വിദേശരാജ്യങ്ങളിൽ മാത്രമല്ല നമ്മുടെ നാട്ടിലും ഇപ്പോൾ അത്ര അസാധാരണമായ കാര്യമല്ല.

കൂർക്കംവലി പലതരത്തിലുണ്ട്. ചിലപ്പോഴത് ഒരു കുറുകൽ പോലെയായിരിക്കും തുടങ്ങുന്നത്. പിന്നെയത് സൈക്കിൾ പോകുന്ന പോലുള്ള ശബ്ദമായി മാറും. അടുത്ത നിമിഷം കാറാകും, ബസാകും, ഒടുവിൽ തീവണ്ടിവരെയാകും... കാര്യം നിസാരമാണെന്നു തുടക്കത്തിൽ തോന്നാം. പക്ഷേ പ്രശ്നം ഗുരുതമായി അവസാനിക്കാനാണ് സാധ്യത. വായ്നാറ്റം പോലെയാണ് കൂർക്കംവലി. വഹിക്കുന്നവന് അറിയില്ല. സഹിക്കുന്നവനോ, അത് അസഹനീയമായി മാറുന്നു. കൂർക്കംവലിക്കുന്ന ആളെ വിളിച്ചുണർത്തിയിട്ട് കൂർക്കംവലിയുടെ പേരിൽ ദേഷ്യപ്പെട്ടാൽ അയാളുടെ പ്രതികരണം ഇങ്ങനെയായിരിക്കും: 'ഞാനോ കൂർക്കംവലിയോ... ഇല്ലേയില്ല. ഞാൻ കൂർക്കംവലിച്ചിട്ടില്ല. നിങ്ങൾക്കു തോന്നുന്നതാ. എനിക്ക് അതേപ്പറ്റി ഒന്നുമറിയില്ല.'

ഉറക്കവുമായി ബന്ധപ്പെട്ട് പലതരം പ്രശ്നങ്ങളുണ്ടാവാം. അവയിൽ ഏറ്റവും പ്രധാനം കൂർക്കംവലിയാണ്. ജീവനോടെയുള്ള എല്ലാവരും ശ്വാസോച്ഛ്വാസം ചെയ്യുന്നവരാണെങ്കിലും, നേരിയ ശബ്ദംപോലും അപ്പോൾ പുറത്തേക്കു വരാറില്ല. എന്നാൽ ഉറക്കത്തിൽ ശ്വാസോച്ഛ്വാസം ചെയ്യുമ്പോൾ ഒച്ചപ്പാടുള്ള കൂർക്കംവലി ഉണ്ടാകുന്നു. നേരിയ ഉറക്കത്തിൽനിന്ന് ഗാഢനിദ്രയിലേക്കു

### ഇവ നിങ്ങളറിയണം

- 70 ശതമാനം ആളുകളും പല പ്രായങ്ങളിൽ കൂർക്കംവലിക്കുന്നവരാണ്.
- കൗമാരക്കാരിൽ കൂർക്കംവലി പൊതുവെ കുറവാണ്.
- മുപ്പതുവയസിനും അറുപതു വയസിനും ഇടയിലുള്ളവരിലാണ് കൂർക്കംവലി കൂടുതൽ.
- പ്രായം വളരെ കൂടുതലായവരിൽ കൂർക്കംവലി കുറവാണ്

## കൂർക്കംവലിമൂലം പ്രശ്നങ്ങളോ?

കൂർക്കംവലി ശാരീരികവും മാനസികവുമായ പല പ്രത്യാഘാതങ്ങൾക്കും വഴി തെളിക്കാം.

**മാനസികപ്രശ്നങ്ങൾ**

- ടെൻഷൻ
- ഉറക്കംതൂങ്ങൽ. തത്ഫലമായി തൊഴിൽസ്ഥലത്തും ചിലപ്പോൾ യാത്രകളിലും ഉണ്ടാകാവുന്ന അപകടങ്ങൾ.
- വിട്ടുമാറാത്ത തലവേദന
- ഓർമക്കുറവ്
- പെട്ടെന്നുള്ള ദേഷ്യം
- ശ്രദ്ധക്കുറവ്
- കുട്ടികളിൽ എഡിഎച്ച്ഡി എന്ന രോഗാവസ്ഥ

**ശാരീരികപ്രശ്നങ്ങൾ**

- അമിതവണ്ണം
- അമിതക്ഷീണം
- അനിയന്ത്രിതമായ പ്രഷറും ഷുഗറും
- ഹൃദയാഘാതം
- നെഞ്ചുവേദന
- ഹൃദയത്തിന്റെ താളംതെറ്റൽ
- ശ്വാസകോശത്തിലുണ്ടാകുന്ന പ്രഷർ

ജോസഫ് സെബാസ്റ്റ്യൻ

# ജപമാലയെ പ്രണയിച്ചവൾക്ക് നൊബേൽ

**ഉത്തമ കത്തോലിക്കാവിശ്വാസിയും മരിയഭക്തയും വെനിസ്വേലയിലെ പ്രതിപക്ഷനേതാവുമായ മരിയ കൊറിന മച്ചാഡോയ്ക്ക് ഇത്തവണത്തെ സമാധാനത്തിനുള്ള നൊബേൽ.**

ഇത്തവണത്തെ സമാധാനത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ച മരിയ കൊറിന മച്ചാഡോ വെനിസ്വേലയിലെ പ്രതിപക്ഷനേതാവു മാത്രമല്ല, ഉത്തമ കത്തോലിക്കാവിശ്വാസിയും മരിയഭക്തയും കൂടിയാണ്. 2024 മെയ് 14ലെ ഫേസ്ബുക്ക് പേജിൽ മരിയ കുറിച്ചു: 7000ൽ അധികം ജപമാല ഞാൻ സൂക്ഷിക്കുന്നുണ്ട്. മരിയയുടെ ജപമാല പ്രണയം അറിയാവുന്നതുകൊണ്ട് പല അഭിമുഖങ്ങളിലും മരിയ ഒരു ചോദ്യം നേരിടാറുണ്ട്: എത്ര കൊന്തയുണ്ട് കൈയിൽ? അത്തരക്കാർക്കുള്ള മറുപടിയായിട്ടാണ് ഫേസ്ബുക്കിൽ കൊന്തയുടെ എണ്ണം അവർ വ്യക്തമാക്കിയത്. വെനിസ്വേലയിലെ ജനങ്ങൾ പല അവസരങ്ങളിലായി തനിക്കു നല്കിയതാണ് ഈ ജപമാലകളത്രയും എന്ന് മരിയ കുറിക്കുന്നു. കൊന്ത അണിഞ്ഞാണ് പൊതുവേദികളിലെല്ലാം മരിയ കൊറിന മച്ചാഡോ പ്രത്യക്ഷപ്പെടുന്നത്. പ്രസിഡന്റ് തെരഞ്ഞെടുപ്പ് പ്രചാരണവേളയിൽപോലും മരിയയുടെ കഴുത്ത് അലങ്കരിച്ചത് ജപമാലയായിരുന്നു. മരിയ ഒരിക്കൽ പ

മാറുമ്പോഴാണ് ഇതു സംഭവിക്കുന്നത്.

**കാരണങ്ങൾ**

ശ്വാസോച്ഛ്വാസം നടക്കുമ്പോൾ വായു കടന്നുപോകുന്ന വഴിയിലെവിടെയെങ്കിലും തടസങ്ങളുണ്ടാകുന്നതാണ് കൂർക്കംവലിക്കു കാരണം. ജലദോഷവും മൂക്കടപ്പും വഴി ഇതു സംഭവിക്കാം. ശ്വാസഗതിയിൽ കുറുനാക്ക് തടസമായി വരുന്നത്, തൊണ്ടയിലെ പേശികൾ അയഞ്ഞു ദുർബലമാകുന്നത്, മൂക്കിന്റെ പാലത്തിനുണ്ടാകുന്ന തകരാറുകൾ, ടോൺസലൈറ്റിസ്, ഹൃദയസംബ

## ആരാണ് മുന്നിൽ? പുരുഷന്മാരോ സ്ത്രീകളോ?

*കൂർക്കംവലിയെക്കുറിച്ചു പറയുമ്പോൾ തീർച്ചയായും ചോദിക്കേണ്ട ഒരു ചോദ്യമുണ്ട്. പുരുഷന്മാരിലാണോ സ്ത്രീകളിലാണോ കൂർക്കംവലി കൂടുതൽ? സ്ത്രീകളേക്കാൾ പുരുഷന്മാരിൽ കൂർക്കംവലി ഇരട്ടിയിലധികമാണ്. എന്തുകൊണ്ടാണ് പുരുഷന്മാരിൽ കൂർക്കംവലിയുടെ തോത് കൂടിയിരിക്കുന്നത്? പുരുഷന്മാരുടെ കഴുത്തും ശ്വാസനാളവും സ്ത്രീകളുടേതിനേക്കാൾ വീതിയേറിയതാണ്. അതുകൊണ്ടുതന്നെ വായു കടന്നുപോകുമ്പോൾ കൂടുതൽ വിറയലും ശബ്ദവും ഉണ്ടാകാൻ സാധ്യത ഏറിയിരിക്കുന്നു. സ്ത്രീകളുടെ ശരീരത്തിലെ ഈസ്ട്രജനും പ്രൊജസ്ട്രോണും ശ്വാസകോശപ്രവർത്തനം സ്ഥിരതയോടെ നിലനിർത്താൻ സഹായിക്കുന്നവയാണ്. ഇതു കൂർക്കംവലി കുറയ്ക്കും. എന്നാൽ ആർത്തവവിരാമത്തോടെ സ്ത്രീകളുടെ കൂർക്കംവലിയിൽ പ്രകടമായ മാറ്റം കണ്ടുവരുന്നുണ്ട്. പുരുഷന്മാരിൽ വയറിനും കഴുത്തിനും ചുറ്റും കൊഴുപ്പ് അടിഞ്ഞുകൂടുന്നതും അവരിൽ കൂർക്കംവലി വർധിക്കാൻ ഇടയാക്കുന്നു.*



റഞ്ഞു: 'എനിക്ക് ഒരുപാടു കൊന്തകളുണ്ട്. ഓരോന്നും ഓരോ നിധിപോലെ ഞാൻ സൂക്ഷിക്കുന്നു.' എല്ലാ ദിവസവും രാവിലെയും രാത്രിയിലുമുള്ള പ്രാർഥനയും മരിയ മുടക്കാറില്ല. അടുത്തദിവസത്തേക്കുള്ള പ്ലാൻ റെഡിയാക്കാൻ സഹായിക്കുന്നതും പ്രാർഥനയാണെന്ന് അവർ സാക്ഷ്യപ്പെടുത്തുന്നു.

മരിയ വിവാഹമോചിതയും മൂന്നുകുട്ടികളുടെ അമ്മയുമാണ്. മരിയയുടെ ആക്ടിവിസം പലപ്പോഴും സുരക്ഷാഭീഷണി ഉയർത്തുന്ന സാഹചര്യത്തിൽ ഭർത്താവ് അവരെ ഉപേക്ഷിച്ചുപോയതാണ്. വെനിസ്വേലൻ സർക്കാരിന്റെ ഭീഷണിയെതുടർന്ന് 14 മാസത്തിലേറെ മച്ചാഡോയും ഒളിവിൽ കഴിയേണ്ടിവന്നു. മൂന്നുമക്കളിൽ മൂത്ത മകൾ അന്നയൊഴികെ രണ്ടുപേരും ഭർത്താവിനൊപ്പം വിദേശത്താണ്.

വെനസ്വേലയിൽ ജനാധിപത്യത്തിനും മനുഷ്യാവകാശങ്ങൾക്കുംവേണ്ടി നിരന്തരം പോരാടിയതിനും, വർധിച്ചുവരുന്ന ഇരുട്ടിലും ജനാധിപത്യത്തിന്റെ ദീപം കെടാതെ സൂക്ഷിച്ചതിനും, സമാധാനപരമായ പോരാട്ടങ്ങളിലൂടെ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചതിനുമാണ് മരിയ കൊറിന മച്ചാഡോയ്ക്ക് 2025ലെ നൊബേൽ സമ്മാനം ലഭിച്ചത് എന്നു കമ്മിറ്റി അഭിപ്രായപ്പെട്ടു. 'ധീരയും പ്രതിബദ്ധതയുമുള്ള സമാധാനത്തിന്റെ വക്താവ്' എന്നാണ് നൊബേൽ കമ്മിറ്റി മരിയയെ വിശേഷിപ്പിച്ചത്. നൊബേൽ സമാധാനത്തിനായി 338 വ്യക്തികളെയും 94 സംഘടനകളെയും പരിഗണിച്ചതിൽ നിന്നാണ് ഒടുവിൽ മരിയയെ തെരഞ്ഞെടുത്തത്. തനിക്കു സമാധാന നൊബേൽ വേണമെന്ന് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് പരസ്യമായി ആവശ്യപ്പെടുകപോലും ചെയ്തിരുന്നു. എന്നിട്ടും ആ അതുല്യമായ അംഗീകാരം തേടിയെത്തിയത് മരിയയെയാണ്. ഇസ്രായേലുമായി അടുത്തബന്ധം പുലർത്തുന്ന വ്യക്തി എന്നതാണ് മരിയ നേരിടുന്ന വലിയ വിമർശനങ്ങളിലൊന്ന്.

ന്ധമായ പ്രശ്നങ്ങൾ, ക്ഷീണം, അമിതവണ്ണം, തൈറോയ്ഡ് എന്നിങ്ങനെ പലതരം കാരണങ്ങൾകൊണ്ട് കൂർക്കംവലി ഉണ്ടാകാറുണ്ട്. വല്ലപ്പോഴും കൂർക്കംവലിക്കുന്നത് അത്രയധികം പ്രശ്നമാക്കേണ്ടതില്ല. എന്നാൽ തുടർച്ചയുള്ളതും മറ്റുള്ളവർക്കുകൂടി ബുദ്ധിമുട്ടു സൃഷ്ടിക്കുന്നതുമാണ് കൂർക്കംവലിയെങ്കിൽ, നിർബന്ധമായും ഡോക്ടറെ കാണണം.

**പരിഹാരമാർഗം**

കൂർക്കംവലിയുടെ യഥാർഥ കാരണം കണ്ടെത്തുകയാണ് ആദ്യം ചെയ്യേണ്ടത്. അമിതവണ്ണം മൂലമാണ് കൂർക്കംവലി ഉണ്ടാകുന്നതെങ്കിൽ അമിതഭാരം കുറയ്ക്കുക. ഇടതുവശം തിരിഞ്ഞ് കിടന്നുറങ്ങുന്നതാണ് മറ്റൊരു പോംവഴി. മലർന്നുകിടന്ന് ഉറങ്ങുന്നവർക്ക് കൂർക്കംവലി കൂടുതലായിരിക്കും. മലർന്നുകിടക്കുമ്പോൾ നാവ് തൊണ്ടയിലേക്കിറങ്ങുന്നതാണു കാരണം. കിടന്നുറങ്ങുമ്പോൾ തലയണ ഒഴിവാക്കുന്നതും, അത്താഴം നേരത്തെ കഴിക്കുന്നതും കൂർക്കംവലി കുറയ്ക്കും. നിറഞ്ഞ വയറോടെ ഉറങ്ങാൻ പോകുന്നത് കൂർക്കംവലിയുടെ തീവ്രത കൂട്ടും. മറ്റെല്ലാ രോഗങ്ങൾക്കും എന്നതുപോലെ കൂർക്കംവലിക്കും വ്യായാമം നല്ലതാണ്. പതിവായി വ്യായാമം ചെയ്യുമ്പോൾ കഴുത്തിലെ പേശികൾക്കു ബലം കിട്ടുകയും അത് കൂർക്കംവലി കുറയ്ക്കുകയും ചെയ്യും. ○



# അറിയാം ഈ സംഗീത പ്രതിഭകളെ...

**സമയമാം രഥത്തിൽ ഞാൻ സ്വർഗയാത്ര ചെയ്യുന്നു എന്ന ഗാനത്തെ പ്രശസ്തമാക്കിയത് അരനാഴികനേരം എന്ന സിനിമയാണ്. ജർമൻ മിഷനറിയായ നൈഗാലിനാണ് ഇതിന്റെ രചയിതാവ്.**

നാം പാടികേൾക്കുന്ന, നമ്മുടെ വിശ്വാസജീവിതത്തെ അലംകൃതമാക്കുന്ന പല ക്രൈസ്തവ ഭക്തിഗാനങ്ങളുടെയും യഥാർഥ അവകാശികൾ ആരൊക്കെയാണ്? പല ഗാനങ്ങളുടെയും എഴുത്തധികാരം നാം മറ്റാർക്കൊക്കെയോ കൊടുത്തിരിക്കുന്നു എന്നതാണ് വാസ്തവം. അത്തരം പാട്ടുകളുടെ യഥാർഥ അവകാശികൾ ആരൊക്കെയാണ് എന്നൊന്നറിഞ്ഞാലോ.

ഞാനുറങ്ങാൻ പോകും മുമ്പായ്
നിനക്കേകുന്നിതാ നന്ദി നന്നായ്
ഇന്നു നീ കാരുണ്യപൂർവം തന്ന
നന്മകൾ ഒക്കെയ്ക്കുമായി...

പല തലമുറകളുടെ ഓർമകളിൽ ഇന്നും നിറഞ്ഞുനില്ക്കുന്ന മനോഹരമായ പ്രാർഥനാഗാനമാണ് ഇത്. ചിലർക്കെങ്കിലും ഇത് ഒരു സിനിമാഗാനമാണെന്ന് അറിയില്ല. ഇനി സിനിമാഗാനമാണെന്ന് അറിയാമെങ്കിൽത്തന്നെ, ആ പാട്ടിന്റെ കർത്തൃത്വം പതിവുപോലെ വയലാറിനും ദേവരാജനും നല്കുന്നവരായിരിക്കും ഏറെയും. ഇത്തരമൊരു ക്രൈസ്തവഭക്തിഗാനം എഴുതാൻ മാത്രമുള്ള സിദ്ധി വയലാറിനും, ഈണം നല്കാനുള്ള പ്രതിഭ ദേവരാജനും മാത്രമേയുള്ളൂ എന്നാണ് നമ്മുടെ പരമ്പരാഗത വിശ്വാസം. പക്ഷേ, ഈ ഗാനം രചിച്ചത് വയലാറോ, ഈണം നല്കിയത് ദേവരാജൻ മാഷോ അല്ല. വർഗീസ് മാളിയേക്കൽ രചിച്ച് ജോബ് മാസ്റ്റർ ഈണം നല്കിയതാണ് ഞാനുറങ്ങാൻ പോകും മുമ്പായ് എന്ന പ്രശസ്തഗാനം.

തൊമ്മന്റെ മക്കൾ എന്ന ശശികുമാർ സിനിമയിലാണ് ഈ ഗാനം ഉൾപ്പെടുത്തിയിരിക്കുന്നത്. പാട്ടുമായി ബന്ധപ്പെട്ട മറ്റൊരു രസകരമായ കാര്യമുണ്ട്. ഇതു സിനിമയ്ക്കുവേണ്ടി എഴുതിയതല്ല. സ്വർഗസന്ദേശം



ജോബ് മാസ്റ്റർ

**വർഗീസ് മാളിയേൽ രചിച്ച് ജോബ് മാസ്റ്റർ ഈണം നല്കിയ പ്രശസ്ത ഭക്തിഗാനമാണ് ഞാനുറങ്ങാൻ പോകും മുമ്പായ്, നിനക്കേകുന്നിതാ നന്ദി നന്നായ്.**

എന്ന ഗാനസമാഹാരത്തിനു വേണ്ടി വർഗീസ് മാളിയേക്കലും ജോബ് മാസ്റ്ററും (അല്ലിയാമ്പൽ കടവിൽ എന്ന ഗാനത്തിലൂടെ അനശ്വരനായ ജോബ് മാസ്റ്റർ തന്നെ) ചേർന്ന് സൃഷ്ടിച്ച ഈ ഗാനം, സംവിധായകൻ ശശികുമാറിന്റെയും തിരക്കഥാകൃത്ത് പി.ജെ ആന്റണിയുടെയും ആഗ്രഹപ്രകാരം സിനിമയിൽ ഉൾപ്പെടുത്തുകയായിരുന്നു. സിനിമയിലെ മറ്റു ഗാനങ്ങളുടെ സ്രഷ്ടാക്കൾ വയലാറും ബാബുരാജും ആയതിനാൽ ഈ ഗാനവും അവരുടെ പേരിലാണ് ഇന്നും പലയിടങ്ങളിലും അറിയപ്പെടുന്നത്. പക്ഷേ ചലച്ചിത്രത്തിൽ, പ്രാർഥനാഗാനം - വർഗീസ് മാളിയേക്കൽ, ജോബ് ആന്റ് ജോർജ് എന്ന രീതിയിൽ സംവിധായകൻ ക്രെഡിറ്റ് കൊടുത്തിട്ടുണ്ട്.



ശശികലമേനോൻ



ദേവരാജൻ മാസ്റ്റർ

**മരിയഭക്തരായ ആളുകൾക്ക് ഏറെ ഇഷ്ടപ്പെട്ട ഗാനമാണ് നിത്യസഹായമാതാവേ, ആശ്രിതർക്കാശ്വാസമേകണമേ. എഴുതിയത് ശശികലമേനോൻ. ദേവരാജൻ മാഷാണ് സംഗീതം.**

നിത്യസഹായമാതാവേ
ആശ്രിതർക്കാശ്വാസമേകണമേ
ജീവിതവീഥിയിൽ അന്ധരാം ഞങ്ങൾക്ക്
കരുണതൻ പൊൻകതിർ ചൊരിയേണമേ...

മരിയഭക്തരായ ആളുകൾക്ക് ഏറെ ഇഷ്ടപ്പെട്ട ഗാനമാണിത്. പിന്നിൽ വയലാറും ദേവരാജനും എന്നാണ് കരുതുന്നതെങ്കിൽ പാതി മാത്രമേ ശരിയുള്ളൂ. ദേവരാജനാണ് സംഗീതം. പക്ഷേ എഴുതിയത് ശശികലമേനോനാണ്. അഗ്നിനക്ഷത്രം എന്ന ചിത്രത്തിലേതാണ് ഗാനം. മലയാളസിനിമാ ഗാനരചനാരംഗത്ത് ആദ്യമായെത്തിയ സ്ത്രീയെഴുത്തുകാരിയാണ് അവർ. മാത്രവുമല്ല, മലയാളസിനിമകൾക്കുവേണ്ടി ഏറ്റവും കൂടുതൽ ഗാനങ്ങൾ രചിച്ച സ്ത്രീയും ശശികല തന്നെ. എന്നാൽ,

നിത്യവിശുദ്ധയാം കന്യാമറിയമേ
നിൻ നാമം വാഴ്ത്തപ്പെടട്ടെ
നന്മ നിറഞ്ഞ നിൻ സ്നേഹവാത്സല്യങ്ങൾ
ഞങ്ങൾക്കനുഗ്രഹമാകട്ടെ...

എന്നു തുടങ്ങുന്ന ഗാനം രചിച്ചത് വയലാറാണ്. ഈണം നല്കിയത് ദേവരാജൻ മാഷും. 1969ൽ പുറത്തിറങ്ങിയ നദി എന്ന സിനിമയിലേതാണ് ഈ ഗാനം.

ക്രിസ്തുമസ് സീസണിൽ ഏറ്റവും കൂടുതൽ ആലപിക്കപ്പെടുന്ന ഗാനങ്ങളിൽ ഒന്നാണ് കാലിത്തൊഴുത്തിൽ പിറന്നവനേ. ജി. പ്രേംകുമാർ സംവിധാനം ചെയ്ത് 1979ൽ പുറത്തിറങ്ങിയ സായുജ്യം എന്ന സിനിമയിലേതാണ് ഗാനം. യൂസഫലി കേച്ചേരിയാണ് ഗാനരചയിതാവ്. കെ.ജെ ജോയ് സംഗീതം നിർവഹിച്ചിരിക്കുന്നു. ഫൈവ് സ്റ്റാർ ഹോസ്പിറ്റൽ എന്ന സിനിമയിൽ, വാതിൽ തുറക്കൂ നീ കാലമേ എന്നു തുടങ്ങുന്ന ക്രൈസ്തവഭക്തിഗാനം രചിച്ചതും യൂസഫലി തന്നെ. ബോംബെ രവിയാണ് ഈ ഗാനത്തിന് ഈണം പകർന്നിരിക്കുന്നത്.

സമയമാം രഥത്തിൽ ഞാൻ സ്വർഗയാത്ര ചെയ്യുന്നു
എൻ സ്വദേശം കാണ്മതിന്നായ് ബദ്ധപ്പെട്ടോടിടുന്നു...

ഈ ഗാനം കേൾക്കാത്തവരായി ആരുംതന്നെ ഉണ്ടാവില്ല. ഇതിനെ ജനകീയമാക്കിയത് അരനാഴികനേരം എന്ന സിനിമയാണ്. വയലാറിന്റെ പേരിലാണ് ഈ ഗാനവും അറിയപ്പെടുന്നത്. എന്നാൽ വയലാർപോലും ഈ ഗാനത്തിന്റെ പേരിൽ ജർമൻ മിഷനറിയായ നൈഗാലിനോട് കടപ്പെട്ടിരിക്കുന്നു. 1867 നവംബർ മൂന്നിന് ജർമനിയിൽ ജനിച്ച നൈഗാൽ 18-ാം വയസിലാണ് സുവിശേഷവത്കരണ മേഖലയിലേക്ക് ഇറങ്ങിയത്. ആ യാത്രയുടെ ഫലമായി മലബാറിലെത്തിയ അദേഹം മലയാളം പഠിക്കുകയും സാഹിത്യരചനകളിൽ ഏർപ്പെടുകയും ചെയ്തു. അങ്ങനെ അദേഹം രചിച്ച ഗാനമാണ്



വയലാർ

നിത്യവിശുദ്ധയാം
കന്യാമറിയമേ എന്നു
തുടങ്ങുന്ന ഗാനം
രചിച്ചത് വയലാറാണ്.
ഈണം നല്കിയത്
ദേവരാജൻ മാഷും.




നൈഗാൽ

സമയമാംരഥത്തിൽ... അരനാഴികനേരം സിനിമയിൽ മരണവുമായി ബന്ധപ്പെട്ട പശ്ചാത്തലത്തിൽ ഒരു ഗാനം രചിക്കേണ്ട സാഹചര്യം വന്നപ്പോൾ വയലാർ തന്നെയാണ് ഈ ഗാനം തെരഞ്ഞെടുത്തതും, വളരെ നിസാരമായ തിരുത്തലുകൾ അതിൽ വരുത്തിയതും. സർഗപ്രതിഭയായ വയലാറിനുപോലും ആദരവുള്ള വ്യക്തിയായിരുന്നു നൈഗാൽ എന്നു ചുരുക്കം. 47-ാം വയസിൽ ജർമനിയിലേക്കു പോയ നൈഗാൽ പിന്നെയൊരിക്കലും കേരളത്തിലേക്കു തിരികെ വന്നില്ല.

വീണ്ടും ചില വീട്ടുകാര്യങ്ങൾ എന്ന സത്യൻ അന്തിക്കാട് സിനിമയിൽ മനോ

## കുരിശിന്റെ വഴിയും ആബേലച്ചനും



*ക്രൈസ്തവ ഭക്തിഗാനശാഖയ്ക്ക് ഒരിക്കലും വിസ്മരിക്കാൻ കഴിയാത്ത ഗാനരചയിതാവാണ് ഫാ. ആബേൽ സിഎംഐ. അച്ചൻ എഴുതിയ പാട്ടുകളാണ് ഇന്നും സഭയിലെ വിശേഷാവസരങ്ങളിലെല്ലാം ഉപയോഗിക്കുന്നത്. പീഡാനുഭവവാരത്തിൽ നടത്തുന്ന കുരിശിന്റെ വഴിയിലെ പ്രാർഥനയും ഗാനങ്ങളുമാണ് അതിൽ ഏറ്റവും പ്രധാനം. അതിനുശേഷം എത്രയോ കുരിശിന്റെ വഴി പ്രാർഥനകൾ നിലവിൽ വന്നു. പക്ഷേ, ആബേലച്ചന്റെ രചനയെ അതിശയിക്കാൻ അവയ്ക്കൊന്നിനും കഴിഞ്ഞില്ല. സീറോമലബാർസഭയിലെ മൃതദേഹ സംസ്കാരശുശ്രൂഷകളിലെ പാട്ടുകൾ, വിഭൂതിയിലും വിശുദ്ധ വാരത്തിലും ആലപിക്കുന്ന മനുഷ്യാ നീ മണ്ണാകുന്നു, മഹേശ്വരാ നിൻ, താലത്തിൽ വെള്ളമെടുത്തു, ഗാഗുൽത്താമലയിൽനിന്നും തുടങ്ങിയ കീർത്തനങ്ങൾ... ഇങ്ങനെ എത്രയെത്ര മഹത്തായ രചനകളാണ് ആ തൂലികയിൽനിന്നും ജന്മമെടുത്തത്.*

*പരിശുദ്ധാത്മാവേ നീയെഴുന്നള്ളി വരണമേ എന്റെ ഹൃദയത്തിൽ, പുൽക്കൂട്ടിൽ വാഴുന്ന പൊന്നുണ്ണീ, എഴുന്നള്ളുന്നു രാജാവെഴുന്നള്ളുന്നു, ഭാരതം കതിരുകണ്ടു, ദൈവമേ നിൻ ഗേഹമെത്ര മോഹനം, നട്ടുച്ചനേരത്ത് കിണറിന്റെ തീരത്ത്, നിത്യനായ ദൈവത്തിൻ പുത്രനാണ് നീ, മോദം കലർന്നു നിന്നെ... എന്നിങ്ങനെ ആബേലച്ചന്റെ ധാരാളം ഗാനങ്ങൾ വിശ്വാസികളുടെ ഹൃദയങ്ങളിൽ ഭക്തിയുടെ നിലാവു പരത്തുന്നു. ഗാനങ്ങൾ ആബേലച്ചന്റേതാണെങ്കിലും ഈണം നല്കിയത് അക്കാലത്തെ പ്രശസ്ത സംഗീതസംവിധായകരാണ്. ഗാഗുൽത്താമലയിൽ നിന്നും, മോദം കലർന്നു നിന്നെ എന്നീ ഗാനങ്ങൾ റാഫി ജോസ് ചിട്ടപ്പെടുത്തി. പരിശുദ്ധാത്മാവേ നീയെഴുന്നള്ളി വരണമേ എന്റെ ഹൃദയത്തിൽ തുടങ്ങിയ ഗാനങ്ങളുടെ മ്യൂസിക് ഡയറക്ടർ കെ.കെ ആന്റണിയാണ്. ലദീഞ്ഞിൽ ആലപിക്കപ്പെടുന്ന കർത്താവേ കനിയണമേ, മിശിഹായേ കനിയണമേ എന്ന ലുത്തിനിയ രചിച്ചതും ആബേലച്ചൻ തന്നെ. അതിന് ഈണം പകർന്നതോ, എം.കെ അർജുനൻ എന്ന സിനിമ സംഗീതസംവിധായകനും.*

## ദുഃഖത്തിന്റെ പാനപാത്രവുമായ് കൊച്ചുകുഞ്ഞുപദേശി





ദുഃഖത്തിന്റെ പാനപാത്രം കർത്താവെന്റെ കയ്യിൽ തന്നാൽ
സന്തോഷത്തോടതുവാങ്ങി ഹാലേലുയ്യ പാടീടും ഞാൻ
ദോഷമായിട്ടൊന്നും എന്നോടെന്റെ താതൻ ചെയ്കയില്ല
എന്നെയവൻ അടിച്ചാലും അവനെന്നെ സ്നേഹിക്കുന്നു...

ഇങ്ങനെ ഈ ലോകത്തിൽ അധികമാർക്കും പാടാൻ കഴിയില്ല. അങ്ങനെ ആദ്യം പാടിയ ആളുടെ പേരാണ് സാധു കൊച്ചുകുഞ്ഞുപദേശി. പാടുക മാത്രമല്ല, അപ്രകാരം ജീവിക്കുകകൂടി ചെയ്ത ആളാണ് അദ്ദേഹം. 12-ാം വയസിൽ വിവാഹിതനായി. 17-ാം വയസിൽ സുവിശേഷപ്രഘോഷണത്തിന് ഇറങ്ങിത്തിരിച്ചു. പിന്നീടുള്ള കാലമത്രയും വേദനകളിലൂടെയും പ്രതിസന്ധികളിലൂടെയും ദാരിദ്ര്യത്തിലൂടെയും ഒറ്റപ്പെടലിലൂടെയും ഈ സാധുമനുഷ്യൻ കടന്നുപോയി. സാധു കൊച്ചുകുഞ്ഞുപദേശിയുടെ ജീവിതം നമുക്ക് ഊഹിക്കാൻ കഴിയുന്നതിനുമപ്പുറം സംഘർഷഭരിതമായിരുന്നു.


ജീവിതത്തിലെ ഏതു തിക്താനുഭവത്തിന്റെ മുമ്പിലും ദൈവത്തിലുള്ള ശരണം നഷ്ടപ്പെടുത്താതെ ജീവിക്കാൻ സാധിച്ചു എന്നതാണ് സാധു കൊച്ചുകുഞ്ഞുപദേശിയുടെ പ്രത്യേകത. ഭാര്യയും മക്കളും പോലും അദ്ദേഹത്തെ ഉപേക്ഷിച്ചുപോയിട്ടുണ്ട്. രണ്ടാമത്ത മകൻ സാമുവേൽകുട്ടിയുടെ മരണത്തെ തുടർന്നാണ് വിഖ്യാതമായ ദുഃഖത്തിന്റെ പാനപാത്രം കൊച്ചുകുഞ്ഞുപദേശി എഴുതിയത്. ജീവിതത്തിലെ കടുത്ത സങ്കടങ്ങളിലൂടെ കടന്നുപോയപ്പോഴും അദ്ദേഹം ആ വരികളിൽ ദൈവികമായ പ്രത്യാശ കരുതിവെച്ചു. താൻ രചിച്ച പ്രത്യാശയുടെ ഗാനങ്ങൾ മറ്റുള്ളവരെക്കൊണ്ട് വീണ്ടുംവീണ്ടും പാടിപ്പിച്ചു. അതുകേട്ടുകൊണ്ടാണ് അദ്ദേഹം അന്ത്യനിമിഷങ്ങളിൽ കണ്ണടച്ച് ദൈവസന്നിധി പ്രാപിച്ചത്.


ഇടയാറന്മുളയിലെ ളാക സെന്റ് തോമസ് മാർത്തോമ്മാപള്ളി സെമിത്തേരിയിലെ ഉപദേശിയുടെ കല്ലറയ്ക്കുമീതെ അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം കുറിച്ചുവെച്ചിരിക്കുന്ന വചനമിതാണ്: 'ആത്മാവ് നക്ഷത്രഗോളങ്ങൾക്കപ്പുറം കർത്താവിനെ എതിരേല്ക്കാൻ പോയിരിക്കുന്നു. എന്റെ കർത്താവിന്റെ വരവിൽ, ആ ദിവ്യമായ കൂടിക്കാഴ്ചയിൽ എല്ലാവരുമായി കണ്ടുകൊള്ളാം...'


യൂസഫലി


കെ.ജെ. ജോയ്


ബോംബെ രവി


കൈതപ്രം


സത്യൻ അന്തിക്കാട്

ഹരമായ ഒരു പ്രാർഥനാഗാനമുണ്ട്.


വിശ്വം കാക്കുന്ന നാഥാ വിശ്വൈകനായകാ
ആത്മാവിലെരിയുന്ന തീയണയ്ക്കു
നിൻ ആത്മചൈതന്യം നിറയ്ക്കു
ആത്മചൈതന്യം നിറയ്ക്കൂ...

എന്നു തുടങ്ങുന്നതാണ് ഈ ഗാനം. ചിത്രത്തിലെ മറ്റു ഗാനങ്ങളെല്ലാം കൈതപ്രം - ജോൺസൺ ടീമിന്റേതാകയാൽ ഈ ഗാനവും കൈതപ്രത്തിന്റേതാണെന്ന് പൊതുവെ തെറ്റിദ്ധരിക്കപ്പെടാറുണ്ട്. പക്ഷേ സംവിധായകൻ സത്യൻ അന്തിക്കാടാണ് ഈ ഗാനം രചിച്ചത്.

പല വിചാരം

ടി.സി മാത്യു

**സഭയോടും വിശ്വാസത്തോടും പ്രതിബദ്ധത ഇല്ലാത്തവരുടെ കൈകളിലേക്കു പള്ളിഭരണം ചെല്ലുമ്പോൾ ശബരിമലകളുടെ ആവർത്തനം ഭയപ്പെടണം.**



# ശബരിമലയിലെ കൊള്ളക്കാർ

ശബരിമല ക്ഷേത്രത്തിലെ സ്വർണം കവർന്നു. ഒറ്റപ്പെട്ട ഒരു തവണത്തെ മോഷണമല്ല. വർഷങ്ങളായി നടന്നുവന്ന വലിയ മോഷണപരമ്പര. വർഷംതോറും കോടിക്കണക്കിനു വിശ്വാസികൾ വ്രതം നോറ്റ്, പുണ്യപാപങ്ങളുടെ പ്രതീകമായ ഇരുമുടിക്കെട്ടും ചുമന്ന് മലചവിട്ടി, ദേവദർശനം നടത്തി സായുജ്യം തേടുന്ന സങ്കേതമാണ് ശബരിമല. അവിടത്തെ സ്വർണമാണു തട്ടിപ്പിലൂടെ ചിലർ കൈയടക്കിയത്. ഒപ്പം, ക്ഷേത്രത്തിലെ കതകുപാളികളും ചില വിഗ്രഹങ്ങളും വിറ്റുവെന്നും ആരോപണമുണ്ട്.

ശബരിമലയിൽ ഭരണം നടത്തുന്നത് തിരുവിതാംകൂർ ദേവസ്വംബോർഡാണ്. ബോർഡ് അംഗങ്ങളെയും ചെയർമാനെയും നിയമസഭയിലെ ഹിന്ദു ജനപ്രതിനിധികൾ ചേർന്നാണു തെരഞ്ഞെടുക്കുന്നത്. സ്വാഭാവികമായും ഭരണമുന്നണിയുടെ നോമിനിമാർക്കാണു ജയിക്കാൻ കഴിയുക. ക്ഷേത്രസമ്പത്തിന്റെ പരിപാലനവും വിനിയോഗവും ദേവസ്വംബോർഡിന്റെ മാത്രം ചുമതലയിലാണ്.

### മദ്യരാജാവിന്റെ സംഭാവന

1998ൽ, അന്നു രാജ്യത്തെ മദ്യവ്യവസായത്തിലെ കിരീടം വെക്കാത്ത രാജാവായിരുന്ന വിജയ് മല്യ ശബരിമല ശ്രീകോവിലും ദ്വാരപാലക ശില്പങ്ങളും വാതിലും സ്വർണം പൊതിഞ്ഞു നല്കാമെന്ന് അറിയിച്ചു. 30.3 കിലോഗ്രാം സ്വർണം ഉപയോഗിച്ച് ശ്രീകോവിൽ 1999ൽ സ്വർണം പൊതിഞ്ഞു. ദ്വാരപാലക ശില്പങ്ങൾക്കു മാത്രം 1.564 കിലോഗ്രാം സ്വർണം എന്നാണു രേഖ. പിറ്റേവർഷം അവ പൂർത്തീകരിച്ചു.

മൂന്നു പതിറ്റാണ്ടു കഴിയുമ്പോൾ മല്യ ഇന്ത്യൻ വ്യവസായമേഖലയിൽ ഒന്നുമല്ലാതായി. മദ്യസാമ്രാജ്യം നഷ്ടപ്പെട്ടു. രാജ്യത്തു കേസുകളും കടബാധ്യതയും നേരിടാനാവാതെ ബ്രിട്ടനിൽ കഴിയുന്നു. വായ്പ നല്കിയ ബാങ്കുകൾ വലിയ തുക എഴുതിത്തള്ളേണ്ടി വന്നു. പിന്നീടു ഗണ്യമായ ഭാഗം മല്യയുടെ ആസ്തികൾ പിടിച്ചെടുത്തതുവഴി വീണ്ടെടുത്തു.

### പൊന്നു ചെമ്പായി

ആ മല്യ നല്കിയ പൊന്ന് ഏതാനും വർഷംകൊണ്ട് ചെമ്പാക്കി മാറ്റിയ കൊടിയ തട്ടിപ്പാണു ശബരിമലയിൽ അരങ്ങേറിയത്. തികച്ചും യാദൃച്ഛികമായാണ് തട്ടിപ്പു പുറത്തുവന്നത്. സമീപകാലത്ത് ദ്വാരപാലകശില്പങ്ങൾ ചെന്നൈയിലേക്കു കൊണ്ടുപോയി; അറ്റകുറ്റപ്പണിക്ക് എന്ന പേരിൽ. ശബരിമല കാര്യങ്ങൾക്കായി ഉള്ള ഹൈക്കോടതി ബെഞ്ചിന്റെ അനുമതി ഇല്ലാതെയായിരുന്നു ഇത്. ഇതു ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ കോടതി ഗൗരവമായി ഇടപെട്ടു. അതിന്റെ തുടർചോദ്യങ്ങളാണ് അമ്പലക്കവർച്ചയുടെ ഇരുണ്ടകഥകൾ പുറത്തു കൊണ്ടുവന്നത്. മല്യ നല്കിയതു മാത്രമല്ല കവർച്ച. മല്യ സ്വർണപ്പാളികൾ പൊതിഞ്ഞു നല്കിയതു മൊത്തം മാറ്റി, പകരം സ്വർണം പൂശിയ ചെമ്പുപാളികൾ വെച്ചു എന്നാണു പുറത്തുവരുന്ന വിവരങ്ങൾ പ്രകാരം അനുമാനിക്കേണ്ടത്.

മല്യ സ്വർണം പൊതിഞ്ഞു നല്കിയതാണ് ദ്വാരപാലക ശില്പങ്ങൾ. പൊതിയുക എന്നാൽ പാളി ഉറപ്പിക്കലാണ്. സ്വർണപ്പാളിക്ക് ഒരിക്കലും മാറ്റം വരില്ല. ചെളിയും പൊടിയും മറ്റും മൂലം തിളക്കം മങ്ങിയാൽ അതു തൂത്തുമിനുക്കാം. പക്ഷേ 2019ൽ ഉണ്ണികൃഷ്ണൻ പോറ്റി എന്നയാൾ അവയും പീഠങ്ങളും സ്വർണം പൂശി നവീകരിക്കാം എന്നു ബോർഡിനെ അറിയിച്ചപ്പോൾ, എന്തിന് എന്ന ചോദ്യം ആരും ഉന്നയിച്ചില്ല. സ്വർണപ്പാളിയിൽ വീണ്ടും സ്വർണം പൂശേണ്ടതില്ല എന്നതു സാമാന്യവിവരം. പക്ഷേ ആരും ആ വിവരം പറഞ്ഞുമില്ല. അപ്പോഴേക്കും യഥാർഥ പാളികൾ മാറ്റി, സ്വർണം പൂശിയ പാളികളും മറ്റും അവിടെ സ്ഥാനം പിടിച്ചിരുന്നിരിക്കണം. മല്യയുടെ കമ്പനി സ്വർണപ്പാളി എന്നു കുറിച്ചുകൊടുത്തത് ദേവസ്വം രജിസ്റ്ററിൽ ചെമ്പുപാളി എന്നാണു രേഖപ്പെടുത്തിയത് എന്നു പറയപ്പെടുന്നു. വിഗ്രഹങ്ങളിലെ ചെമ്പുപാളികളും അവയുടെ പീഠങ്ങളും സ്വർണം പൂശാൻ കൊടുത്തു വിടുന്നു എന്നാണ് അതു സംബന്ധിച്ച ദേവസ്വം ഉത്തരവിലും കാണുന്നത് എന്നാണു റിപ്പോർട്ടുകൾ.




**ശബരിമലയിൽ ആചാരം ലംഘിച്ചു യുവതികളെ കയറ്റാൻ ഉത്സാഹിച്ച ദേവസ്വം ബോർഡുകളാണ്, ഈയിടെ ശബരിമല വികസനപദ്ധതി ഉണ്ടാക്കാൻ കോടികൾ മുടക്കി ആഗോളസംഗമം നടത്തിയത്.**

ചുരുക്കം ഇതാണ്: വിജയ് മല്യ ശബരിമല ക്ഷേത്രത്തിലേക്കു സ്വർണപ്പാളികൾ നല്കി. അതു കുറച്ചു കഴിഞ്ഞപ്പോൾ ചെമ്പാക്കി

# ചർച്ച് ആക്റ്റ് എന്തിനു വേണ്ടി?

ശബരിമല ധർമശാസ്താ ക്ഷേത്രവും അനുബന്ധങ്ങളുമായി ബന്ധപ്പെട്ട കൊള്ളയുടെ കഥകൾ മറ്റു ചില വിഷയങ്ങളിലേക്കും ശ്രദ്ധതിരിക്കും. വിവിധ മതസ്ഥാപനങ്ങളുടെ ഭരണവും നടത്തിപ്പും സംബന്ധിച്ച വിഷയങ്ങൾ അതിൽ സ്വാഭാവികമായും ഉയരുന്നു.

ഇതിൽ ക്രൈസ്തവസമൂഹത്തിന്റെ സമ്പത്തും സ്വത്തുക്കളും കൈകാര്യം ചെയ്യുന്നതിനു ചർച്ച് ആക്റ്റ് കൊണ്ടുവരണമെന്നു കുറേ കാലമായി ആവശ്യം ഉയരാറുണ്ട്. അതിനു ബലമായി ഉന്നയിക്കുന്ന കാര്യമാണ്, ഹിന്ദുക്ഷേത്രങ്ങളും അവയുടെ സമ്പത്തും നിയമസഭ തെരഞ്ഞെടുക്കുന്ന ദേവസ്വം ബോർഡുകളാണു നടത്തുന്നത് എന്നത്. അത്തരമൊന്നു വന്നാൽ വിശ്വാസികൾക്ക് പ്രയോജനകരമായി കാര്യങ്ങൾ നടക്കും, മെത്രാന്മാരും വൈദികരുംകൂടി വിശ്വാസികളുടെ സമ്പത്തും നേർച്ചപ്പണവും ദുർവിനിയോഗം ചെയ്യുന്നത് അവസാനിക്കും, കാര്യങ്ങൾ സുതാര്യമാകും എന്നൊക്കെയാണ് ആരോപണമുന്നയിക്കുന്നവരുടെ വാദം. ആ വാദങ്ങളുടെ ന്യായം ഇവിടെ പരിശോധിക്കുന്നില്ല.

പൊതുസമ്പത്ത് കൈകാര്യം ചെയ്യുന്നതിൽ പൊതുസമൂഹത്തിനു ഭാഗഭാഗിത്വം വേണം എന്ന ഉദാത്തമായ ആശയമാണ് അതിനു പിന്നിൽ എന്നു വാദത്തിനുവേണ്ടി സമ്മതിക്കാം. അപ്പോൾ ഒരു ചോദ്യം. നിലവിലുള്ളതിനേക്കാൾ മെച്ചപ്പെട്ട ഒരു സംവിധാനമാകുമോ ചർച്ച് ആക്റ്റ് കൊണ്ടുവരിക? ഹിന്ദു എംഎൽഎമാർ തെരഞ്ഞെടുക്കുന്ന ബോർഡും, സർക്കാർ നിയോഗിക്കുന്ന ദേവസ്വം കമ്മീഷണറും ഒക്കെയുള്ളതാണ് ദേവസ്വം ബോർഡുകൾ. അവിടെ എന്താണു നടക്കുന്നത്?

**കൃഷ്ണയ്യർ മുതൽ**

2009ൽ റിട്ടയേഡ് ജസ്റ്റീസ് വി.ആർ കൃഷ്ണയ്യർ അധ്യക്ഷനായ, സംസ്ഥാന നിയമപരിഷ്കാര കമ്മീഷനാണ് ചർച്ച് ആക്റ്റിനുവേണ്ടി ഒരു കരടുബിൽ തയാറാക്കിയത്-The Kerala Christian Church Properties and Institutions Trust Bill 2009. പിന്നീടു 2019ൽ റിട്ടയേഡ് ജസ്റ്റീസ് കെ.ടി തോമസ് ചെയർമാനായ നിയമപരിഷ്കാര കമ്മീഷൻ പരിഷ്കരിച്ച കരടുബിൽ തയാറാക്കി. അതിനെപ്പറ്റി തീരുമാ



നമോ തുടർനടപടികളോ ഉണ്ടായിട്ടില്ല. പൊതുജനാഭിപ്രായം ശേഖരിച്ചിട്ടു മാത്രമേ ഇക്കാര്യത്തിൽ തീരുമാനം എടുക്കൂ എന്നു 2022ൽ സർക്കാർ ഹൈക്കോടതിയെ അറിയിച്ചു. എങ്കിലും ഇടയ്ക്കിടെ ഈ നിയമനിർമാണത്തെപ്പറ്റി ചർച്ചകൾ സജീവമാകാറുണ്ട്.

ഇടവക, രൂപത, സംസ്ഥാന തലങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട സമിതികൾ സഭാസ്വത്തുക്കൾ കൈകാര്യം ചെയ്യുന്ന സംവിധാനമാണ് നിർദിഷ്ട കരടുബിൽ വിഭാവന ചെയ്യുന്നത്. ഇടവകകൾ ചാരിറ്റബിൾ ട്രസ്റ്റുകളായി രജിസ്റ്റർ ചെയ്ത് നിർദിഷ്ട നിയമപ്രകാരം ഭരണം നടത്തണം. ബോർഡ് ഓഫ് ട്രസ്റ്റിമാരാണു ഭരണം നടത്തുക. പണം കൈകാര്യം ചെയ്യുന്നതും ഓഡിറ്റ് ചെയ്യിക്കുന്നതും ട്രസ്റ്റിന്റെ ചുമതല. ഇടവക, രൂപത, സംസ്ഥാനതലങ്ങളിൽ ട്രസ്റ്റുകൾ ഉണ്ടാകണം. ദേവസ്വം കമ്മീഷണറുടെ മാതൃകയിൽ ഒരു ചർച്ച് കമ്മീഷണറെയും ബിൽ നിർദേശിക്കുന്നു. സർക്കാർ നിയമിക്കുന്ന ഈ കമ്മീഷണറുടെ പക്കൽ ഓഡിറ്റ് ചെയ്ത കണക്കുകൾ ട്രസ്റ്റുകൾ സമർപ്പിക്കണം. ഇടവകയിൽ വികാരിയും രൂപതയിൽ ബിഷപ്പും ട്രസ്റ്റ് പൊതുയോഗത്തിലും ട്രസ്റ്റ് കമ്മിറ്റിയിലും അധ്യക്ഷർ ആയിരിക്കും. സംസ്ഥാന തലത്തിൽ സഭയുടെ സംസ്ഥാന മേധാവിയാണ് അധ്യക്ഷൻ.

**രാഷ്ട്രീയക്കാരെ കയറ്റാൻ**

നിലവിൽ സിവിൽനിയമങ്ങളും സഭകളുടെ കാനൻനിയമങ്ങളും പാലിച്ചു നടത്തുന്നതാണ് സഭാസ്വത്തുക്കളുടെ ഭരണം. മാനുഷികമായ പാകപ്പിഴകൾ അവിടെയും ഉണ്ടാകാം. എങ്കിലും താരതമ്യേന കുറവ് കുഴപ്പങ്ങളേ അവയിൽ ഉണ്ടാകാറുള്ളൂ. അവയുടേതായ പ്രശ്നപരിഹാര സംവിധാനങ്ങൾക്ക് ഒട്ടുമിക്ക വിഷയങ്ങളും പരിഹരിക്കാൻ കഴിയുന്നുമുണ്ട്. നിർദിഷ്ട നിയമനിർമാണം പ്രായോഗികമായി സഭകളുടെ മുകളിൽ രാഷ്ട്രീയ ഭരണാധികാരികളെ കയറ്റി വെക്കാനുള്ള ഒരു ഉദ്യമം മാത്രമായേ കാണാൻ പറ്റൂ. വിശ്വാസികളുടെ ഹിതം മാനിച്ചു സുതാര്യത കൊണ്ടുവരാൻ വേണ്ടിയുള്ളതെന്ന വ്യാഖ്യാനം അതിന്റെ മറ മാത്രം. സഭയോടും വിശ്വാസത്തോടും പ്രതിബദ്ധത ഇല്ലാത്തവരുടെ കൈയിലേക്കു പള്ളിഭരണം ചെല്ലുമ്പോൾ ശബരിമലകളുടെ ആവർത്തനം ഭയപ്പെടണം.

**നിർദിഷ്ട ചർച്ച് ആക്റ്റ് പ്രായോഗികമായി, സഭകളുടെ മുകളിൽ രാഷ്ട്രീയ ഭരണാധികാരികളെ കയറ്റി വെക്കാനുള്ള ഒരു ഉദ്യമം മാത്രമായേ കാണാൻ പറ്റൂ.**

മാറ്റി. ആരു ചെയ്തു? ആരും പറയുന്നില്ല. ശബരിമല ഭരിച്ച ദേവസ്വം ബോർഡുകളാണ് ഉത്തരം പറയേണ്ടത്. അവരാകട്ടെ അവിടെ കണ്ടതെല്ലാം ചെമ്പായിരുന്നെന്നു പറയുന്നവരും.

**ബാക്കി എന്തെങ്കിലും ഉണ്ടോ?**

ഇനിയാണു ചോദ്യങ്ങൾ: മല്യ നല്കിയതിൽ എത്ര ബാക്കിയുണ്ട്, അപഹരിച്ചത് ആരെല്ലാം, അതിനു കൂട്ടു നിന്നവരും കണ്ണടച്ചവരും ആരൊക്കെ, സ്വർണം പൂശാനെന്നു പറഞ്ഞു വിശ്വാസികളായ പല സമ്പന്നരിലുംനിന്നു ചിലർ വാങ്ങിയത് എത്ര തുക, അതിൽ എത്ര തുക സ്വർണം പൂശാൻ ഉപയോഗിച്ചു, ബാക്കി ആരുടെ കൈയിൽ?

ചോദ്യങ്ങൾ തീരുന്നില്ല. ഉത്തരം കിട്ടുന്നുമില്ല. ഉത്തരം കണ്ടെത്താൻ പ്രത്യേക പൊലീസ് സംഘത്തെ ഹൈക്കോടതി നിയോഗിച്ചിട്ടുണ്ട്. ഒരുപക്ഷേ സിബിഐ അന്വേഷണവും വരാം.

ഒരു കാര്യം വ്യക്തമാണ്. ഉന്നതതല അറിവോ സഹകരണമോ ഇല്ലാതെ ഇതൊന്നും നടക്കില്ല. അത് ഏതു തലം വരെ എന്നും, ആരൊക്കെ എന്നും മാത്രമേ അറിയാനുള്ളൂ. പക്ഷേ അത് അറിയാനാകുമോ?

ദേവസ്വം ബോർഡുകൾ അതതു കാലത്തെ സർക്കാരുകൾ നിയോഗിക്കുന്നവർ മാത്രം ഉൾപ്പെട്ടതാണ്. 2016 മുതൽ ഇടതുപക്ഷ

## പദ്മനാഭസ്വാമി ക്ഷേത്രത്തിലെ ബി നിലവറയുടെ രഹസ്യം

തിരുവനന്തപുരം ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിലെ നിലവറകൾ കോടതി നിർദേശപ്രകാരം 2011ൽ തുറന്നു പരിശോധിച്ചു. പക്ഷേ പല അറകളുള്ളതിൽ ബി നിലവറ പരിശോധിക്കാനായില്ല. തുരുമ്പു പിടിച്ച താഴു തുറക്കാൻ പറ്റാത്തതാണു കാരണമെന്ന് കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ആയിരുന്ന വിനോദ് റായിയുടെ നേതൃത്വത്തിലുള്ള സമിതി റിപ്പോർട്ടു ചെയ്തു.

തിരുവിതാംകൂർ രാജവംശക്കാരുടെ കടുത്ത എതിർപ്പു മൂലമാണു തുറക്കാത്തതെന്നു വിമർശകർ പറയുന്നു. ദേവപ്രശ്നത്തിൽ ബി നിലവറ തുറന്നാൽ ശാപം എന്നു കണ്ടതുകൊണ്ടു തുറക്കാത്തതാണെന്നു വേറൊരു പക്ഷവുമുണ്ട്. എന്നാൽ റായിയുടെ റിപ്പോർട്ടിലെ ഒരു പരാമർശം ശ്രദ്ധേയമാണ്. 1990നും 2011നുമിടയിൽ ഏഴു തവണയെങ്കിലും ബി നിലവറ തുറന്നിട്ടുണ്ടാകും എന്നതാണത്. എന്തിന്, ആര് തുറന്നു എന്നോ, തുറന്നിട്ട് എന്തു ചെയ്തെന്നോ പറഞ്ഞിട്ടില്ല. എന്തായാലും ബി നിലവറ തുറന്നില്ല. അതിൽ എന്താണ് ഇനി ഉള്ളതെന്നോ ഇല്ലാതായതെന്നോ ആരും അറിയാതെ കിടക്കുന്നു.

ബാക്കി അറകളിൽ സർവേ നടത്തി, ഉരുപ്പടികളുടെ രജിസ്റ്റർ ഉണ്ടാക്കി. കാവലും ഏർപ്പെടുത്തി. മൂല്യനിർണയം ഔദ്യോഗികമായി പുറത്തു വിട്ടിട്ടില്ല. എങ്കിലും രണ്ടു ലക്ഷം കോടി രൂപയുടെ സ്വർണവും മറ്റും ബി ഒഴികെയുള്ള അറകളിൽ ഉണ്ട് എന്നാണു സാമാന്യ നിഗമനം. മറ്റെല്ലാറ്റിലും ഉള്ളതിൽ കൂടുതൽ നിധി, കണക്കെടുക്കാത്ത ബി അറയിൽ ഉണ്ടെന്നാണു പൊതുസംസാരം.

2011ലെ തുറക്കലിനെ തുടർന്ന്, ക്ഷേത്രം തന്ത്രി, രാജകുടുംബ പ്രതിനിധി, കേന്ദ്രസർക്കാർ പ്രതിനിധി, കേരള സർക്കാർ പ്രതിനിധി എന്നിവരടങ്ങിയ സമിതിയെ നിലവറകളുടെ കാര്യത്തിനായി നിയമിക്കുകയും, പ്രത്യേക കാവൽ ഏർപ്പെടുത്തുകയും ചെയ്തു.

ചിത്തിര തിരുനാൾ ബാലരാമവർമ രാജ്യഭാരം ഏറ്റശേഷം 1931ൽ ക്ഷേത്ര നിലവറകൾ തുറന്നിരുന്നു. മൂല്യം തിട്ടപ്പെടുത്താനായി കുറെ ചാക്കുകളിൽ നിലവറയിൽ നിന്നുള്ള കുറെ ഉരുപ്പടികൾ രാജകൊട്ടാരത്തിലേക്കു കൊണ്ടുപോയതായും അന്നു പത്ര

Nov 2

### പരിശുദ്ധാത്മാവിനോടുള്ള പ്രാർഥന

പരിശുദ്ധാത്മാവായ ദൈവമേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കാനും മറക്കാനും കഴിവു തരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എനിക്കുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ, വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊ് ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു... (നിയോഗം പറയുക). ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

*റിയ തോമസ്*

Nov 3

### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കു വേി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

*റിയ തോമസ്*

Nov 3

### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കു വേി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

*റിയ തോമസ്*

വാർത്തകൾ ഉണ്ടായിരുന്നു. അവയ്ക്ക് പിന്നീട് എന്തു സംഭവിച്ചെന്ന് അറിവില്ല.

**തുറക്കുന്നതിനു സമ്മതിക്കാതെ**

പദ്മനാഭ സ്വാമി ക്ഷേത്രം സംബന്ധിച്ച പല കേസുകളുടെ തുടർച്ചയായാണ് 2011ൽ നിലവറകൾ തുറക്കേണ്ടി വന്നത്. തിരുവിതാംകൂർ ഇന്ത്യൻ യൂണിയനിൽ ലയിച്ചപ്പോൾ അന്നത്തെ മഹാരാജാവിന് (ശ്രീ ചിത്തിര തിരുനാൾ) ക്ഷേത്രഭരണം വിട്ടുകൊടുത്തിരുന്നു. അത് അദേഹത്തിന്റെ കാലത്തേക്കു മാത്രമായിരുന്നെന്നും, പിന്നീടു വന്ന കുടുംബകാരണവർക്ക് ആ അധികാരമില്ലെന്നും ചൂണ്ടിക്കാട്ടുന്ന ഹർജികളും കേസുകളിൽ ഉൾപ്പെട്ടിരുന്നു.

നിലവറ തുറക്കുന്നതു തടയാൻ പല രീതിയിൽ ശ്രമിച്ചിട്ടും കോടതി മുൻപാകെ ഫലിക്കാതെ വന്നപ്പോഴാണ് തുരുമ്പിച്ച പൂട്ട് കച്ചിത്തുരുമ്പായത്. രാജകുടുംബം ക്ഷേത്ര സമ്പത്തുകൾ കടത്തി എന്ന് അക്കാലത്തു പലരും ആരോപിച്ചിരുന്നു. പിന്നീടു സുപ്രീം കോടതി അമിക്കസ് ക്യൂറിയായി നിയമിച്ച ഗോപാൽ സുബ്രഹ്മണ്യത്തിന്റെ വിപുലമായ റിപ്പോർട്ടിൽ, ക്ഷേത്രഭരണത്തിലെ കെടുകാര്യസ്ഥതകളും അഴിമതിയും വിവരിക്കുന്നുണ്ട്.

ക്ഷേത്ര നിലവറകളിൽ ഇത്രയേറെ സമ്പത്ത് എങ്ങനെവന്നു എന്നതു സംബന്ധിച്ച് ചരിത്രരേഖകൾ ഇല്ല. വേണാട് തിരുവിതാംകൂർ ആകാൻ വേണ്ടി കീഴടക്കിയ ചെറു രാജ്യങ്ങളുടെ കൊട്ടാരങ്ങളിലെയും, ശത്രുക്കളായ പ്രഭുക്കന്മാരുടെ വീടുകളിലെയും സമ്പാദ്യങ്ങൾ, രാജ്യത്തെ കുരുമുളകും മറ്റും വിദേശികൾക്കു വിൽക്കുന്നതിനു ലഭിച്ചിരുന്ന പ്രതിഫലം, ഹൈദരാലിയും ടിപ്പുവും മലബാറിൽ നടത്തിയ പടയോട്ടകാലത്ത് തിരുവിതാംകൂറിൽ അഭയംതേടിയ നാടുവാഴികളും സമ്പന്ന കുടുംബങ്ങളും ഏല്പിച്ച സമ്പത്ത് എന്നിവയൊക്കെ ക്ഷേത്ര നിലവറയിൽ സൂക്ഷിച്ചതാകാം. താരതമ്യേന ആർഭാടം കുറഞ്ഞവരും, വിദേശയാത്ര നടത്താത്തവരുമായ തിരുവിതാംകൂർ ഭരണകർത്താക്കൾക്കു ചെലവുകൾ കുറവായിരുന്നു. അതിനാൽ ഇത്തരം സമ്പത്ത് ഒട്ടൊക്കെ സുരക്ഷിതമായിരുന്നു. സമ്പത്ത് നാടിനു പ്രയോജനകരമായി വിനിയോഗിക്കാനുള്ള ആശയങ്ങളും അവർക്കു കുറവായിരുന്നിരിക്കാം.

എന്തായാലും അവരാരും അധ്വാനിക്കാതെ (യുദ്ധവും ശത്രുസംഹാരവും അധ്വാനമായി കാണുന്നില്ല) ഉണ്ടാക്കിയ സമ്പത്ത് വെച്ചിട്ടുള്ള നിലവറകൾ ആരും കണ്ട് സമ്പത്തു തിട്ടപ്പെടുത്തരുതെന്നു ചിലർ വാശിപിടിക്കുമ്പോൾ, ചില സംശയങ്ങൾ ഉയരുന്നതു സ്വാഭാവികം.

ബോർഡുകളാണുള്ളത്. ശബരിമലയിൽ ആചാരം ലംഘിച്ചു യുവതികളെ കയറ്റാൻ ഉത്സാഹിച്ച ബോർഡുകളാണ് അവ. ഈയിടെ ശബരിമല വികസനപദ്ധതി ഉണ്ടാക്കാൻ കോടികൾ മുടക്കി അവർ ആഗോളസംഗമവും നടത്തി. അതെല്ലാം കഴിഞ്ഞാണ് കാനനക്ഷേത്രമായ ശബരിമലയിലെ സ്വർണക്കൊള്ള പുറത്തറിഞ്ഞത്.

**കാട്ടിലെ തടി, തേവരുടെ ആന...**

ആരെങ്കിലും അന്വേഷിച്ച് ചില ഉത്തരങ്ങൾ കണ്ടെത്തിയേക്കാം. കുറേ പ്രതികൾ ഉണ്ടാകാം. അവരെ ശിക്ഷിച്ചെന്നും വരാം. അതിനപ്പുറം യഥാർഥ പ്രതികളെ തുറന്നു കാണിക്കുകയോ, മാതൃകാപരമായി ശിക്ഷിക്കുകയോ ചെയ്യുമെന്നു പ്രതീക്ഷിക്കാൻ പ്രയാസമാണ്.

പുറത്തുവന്ന റിപ്പോർട്ടുകൾ പ്രകാരം, ശബരിമലയുമായി ബന്ധപ്പെട്ട എല്ലായിടത്തും അഴിമതി നടക്കുന്നു എന്നു സംശയിക്കണം. അവിടെ ജോലികൾക്കു കരാർ കിട്ടുന്നവർ മുതൽ ദേവസ്വം ബോർഡ് വരെ നീളുന്നു അഴിമതിയുടെ പരമ്പര. വിഗ്രഹങ്ങളും കട്ടിളയും കതകും അവയിലെ പൊതിച്ചിലുകളും നിലത്തു വിരിച്ച കല്ലും തുടങ്ങി തൊടുന്നതെല്ലാം വില്പനച്ചരക്കാക്കുന്നു. ഭക്തരുടെ വിശ്വാസത്തെ ചൂഷണം ചെയ്തു പണംതട്ടുന്നു. അധികാരികൾ അറിഞ്ഞും, അറിഞ്ഞിട്ടു കണ്ണടച്ചും, വീതം വാങ്ങിയും, അറിയാതെയും ഒക്കെ അരങ്ങേറുകയാണ് തട്ടിപ്പുകൾ. "കാട്ടിലെ തടി, തേവരുടെ ആന, പിടിയെടാ പിടി."

○

ഷാരോൺ രഞ്ജിത്



# എന്തുകൊണ്ടു കല്യാണം കഴിക്കണം?

**പരസ്പരം മനസിലാക്കുകയും ആശ്വസിപ്പിക്കുകയും ബലംകൊടുക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്ന രണ്ടുപേർ. അവരാണ് ദാമ്പത്യത്തെ ഫലദായകമാക്കുന്നത്.**

ജനനം മുതൽ മരണം വരെയുള്ള ഒരു യാത്രയാണ് ജീവിതം. ഈ ജീവിതയാത്രയിൽ പലരെയും കണ്ടുമുട്ടും. പലർക്കുമൊപ്പം യാത്ര തുടരും. പക്ഷേ ചിലരൊക്കെ ചിലപ്പോൾ പാതിവഴിയിൽ യാത്ര അവസാനിപ്പിക്കാറുണ്ട്. ജീവിതം പിന്നെയും ബാക്കിയാവും. അപ്പോഴും യാത്ര തുടരേണ്ടതുണ്ട്. ജീവിതയാത്രയെ പരിപൂർണ സന്തോഷത്തിലേക്കു നയിക്കുന്നത് ചിലരുടെയൊക്കെ സാന്നിധ്യവും കരുതലും സ്നേഹവും പിന്തുണയുമാണ്. ഇത്തരത്തിലുള്ള സന്തോഷത്തിന്റെ പൂർണതയിലേക്കു നയിക്കുന്ന ഏറ്റവും ഹൃദ്യമായ ബന്ധമാണ് വിവാഹം. അതു ജീവിതത്തിന് പുതിയ നിറവും സുഗന്ധവും തിരിച്ചറിവും നല്കുന്നു.

**സ്വന്തമായൊരാൾ**

ഒരാൾക്ക് നിയമാനുസൃതമായും പൂർണമായും ജീവിതാന്ത്യംവരെ സ്വന്തമാക്കാൻ മറ്റൊരാളെ കിട്ടുന്നത് വിവാഹത്തിലൂടെ മാത്രമാണ്. ജീവിതത്തിലെ ഏതവസ്ഥയിലും ഒരു വ്യക്തി കൂടെയുണ്ടായിരിക്കുക എന്നത് മറ്റെല്ലാ ബന്ധങ്ങളിലും നിർബന്ധമായും ലഭിക്കണമെന്നില്ല. വിവാഹത്തിലാണ് അത്തരത്തിലുള്ള സാധ്യതയുള്ളത്. സമ്പത്തിലും ദാരിദ്ര്യത്തിലും ദുഃഖത്തിലും സന്തോഷത്തിലും ആരോഗ്യത്തിലും അനാരോഗ്യത്തിലുമെല്ലാം ഒന്നിച്ചായിരിക്കാം എന്നാണല്ലോ ദമ്പതികൾ വിവാഹദിനത്തിൽ വാഗ്ദാനം ചെയ്യുന്നത്!

**സാമൂഹികാംഗീകാരം**

സാമൂഹികജീവിയാണ് മനുഷ്യൻ. അയാളെ സമൂഹത്തിൽ അംഗീകരിക്കുന്ന

**ജീവിതയാത്രയെ പരിപൂർണ സന്തോഷത്തിലേക്കു നയിക്കുന്നത് ജീവിതപങ്കാളിയുടെ സാന്നിധ്യവും കരുതലും സ്നേഹവും പിന്തുണയുമാണ്.**

തിനും ബഹുമാനിക്കുന്നതിനും സ്ഥാന പ്പെടുത്തുന്നതിനും കുടുംബവ്യവസ്ഥ യ്ക്ക് പ്രധാന പങ്കുണ്ട്. സാമൂഹികാം ഗീകാരത്തിനുള്ള പ്രധാനമാർഗമാണ് നല്ലൊരു കുടുംബം. സ്ത്രീയും പുരുഷ നും തമ്മിലുള്ള സ്നേഹബന്ധത്തിന് അംഗീകാരം കിട്ടുന്നതും ആശീർവാദം ലഭിക്കുന്നതും വിവാഹത്തിലാണ്.

**തലമുറയ്ക്കു രൂപം കൊടുക്കാൻ**

മനുഷ്യൻ ഒരു തുടർച്ചയാണ്. ആരു ടെയൊക്കെയോ തുടർച്ചകളാണ് ഓ രോരുത്തരും. വിവാഹത്തിലൂടെ ദമ്പ തികൾ മറ്റൊരു തലമുറയ്ക്കു രൂപം കൊടുക്കുന്നു. പുതുതലമുറകൾ രൂപ പ്പെടുന്നത് അപ്പന്റെയും അമ്മയുടെയും സ്നേഹവും വാത്സല്യവും ശിക്ഷണ വും അനുഭവിച്ച്, ധാർമികബോധത്തിൽ ചുവടുകൾ ഉറപ്പിച്ചായിരിക്കണം. വിവാ ഹത്തിലൂടെ മാത്രമേ അതു സാധിക്കൂ. കുഞ്ഞുങ്ങൾ ജനിക്കാൻ വിവാഹം ആവശ്യമില്ലെന്നു പറയുന്നവരുണ്ട്. പക്ഷേ, വിവാഹത്തിലൂടെ ജനിക്കുന്ന കുഞ്ഞുങ്ങൾക്കു മാത്രമേ സാമൂഹി കാന്തസ് കൈവരിക്കാനാവൂ.

**മാനസികപിന്തുണ**

പരസ്പരം മനസിലാക്കുന്ന രണ്ടു പേർ; ആശ്വസിപ്പിക്കുകയും ബലംകൊ ടുക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്ന രണ്ടുപേർ. വിവാഹത്തിലൂടെ ലഭിക്കുന്ന മറ്റൊരു നന്മയാണിത്.

**സാമ്പത്തികഭദ്രത**

വിവാഹിതരാകുന്നതോടെയാണ് വ്യക്തികൾക്കു സാമ്പത്തികഭദ്രത കൈവരുന്നത്. രണ്ടുപേരുടെ ചെറു തും വലുതുമായ പങ്കുവെക്കലുകൾ വലിയൊരു നിക്ഷേപമായി മാറുന്നു. ജീവിതനിലവാരം മെച്ചപ്പെടുത്താ നും, ഭാവികാര്യങ്ങൾക്കായി വിനിയോ ഗിക്കാനും ഇതേറെ സഹായകമാണ്.

**ജീവിതപൂർണത**

വ്യക്തിജീവിതം സഫലമാകുന്നത് വിവാഹത്തിലൂടെയാണ്. വിവാഹ ജീവിതം പൂർണതയുടേതാണ്. സ്നേ ഹവും വിശ്വാസവും സഹിഷ്ണുതയും പങ്കുവെക്കലും ചേരുമ്പോൾ അവിടെ ജീവിതത്തിന്റെ സമ്പൂർണത കൈ വരിക്കാനാകുന്നു. ○

## ക്രൈസ്തവപീഡനം ഐക്യരാഷ്ട്രസഭയിൽ ഉന്നയിച്ച് വത്തിക്കാൻ

ആഗോളതലത്തിൽ ക്രൈസ്തവർക്കെ തിരേ വർധിച്ചു വരുന്ന പീഡനം അവസാനി പ്പിക്കാൻ കൂടുതൽ നടപടികൾ സ്വീകരി ക്കണമെന്ന് ഐക്യരാഷ്ട്രസഭയിൽ വത്തി ക്കാൻ. സെപ്റ്റംബർ 29ന് ന്യൂയോർക്കിൽ നടന്ന ഐക്യരാഷ്ട്രസഭയുടെ പൊതുസ മ്മേളനത്തിലാണ് വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ്പ് പോൾ റിച്ചാർഡ് ഗാലഗർ ഈ ആവശ്യമുന്നയിച്ചത്.

ആഗോളതലത്തിൽ ഏറ്റവും കൂടുതൽ പീഡിപ്പിക്കപ്പെടുന്ന വിഭാഗമാണ് ക്രൈസ് തവർ. എന്നാൽ അന്താരാഷ്ട്രസമൂഹം അവരുടെ ദുരവസ്ഥയ്ക്കു നേരെ കണ്ണട യ്ക്കുകയാണ്. ആർച്ചുബിഷപ്പ് ഗാലഗർ പറഞ്ഞു. 36 കോടി ക്രൈസ്തവർ കഠിന തോതിലുള്ള പീഡനമോ വിവേചനമോ അനുഭവിക്കുന്ന പ്രദേശങ്ങളിലാണ് താമസി ക്കുന്നതെന്നും, ഇക്കഴിഞ്ഞ ചെറിയ കാല യളവിൽ പള്ളികൾക്കും വീടുകൾക്കും വിശ്വാസികൾക്കും നേരേ സംഘടിതമായ ആക്രമണങ്ങൾ വർധിക്കുന്നുണ്ടെന്നും അദേഹം ചൂണ്ടിക്കാട്ടി. ദക്ഷിണ സുഡാൻ, സുഡാൻ എന്നിവയടക്കം നിരവധി ആഫ്രിക്കൻ രാജ്യങ്ങൾ ആശങ്കാജന കമായ മേഖലകളായി മാറിയിട്ടുണ്ടെന്ന് ആർച്ചുബിഷപ്പ് ചൂണ്ടിക്കാട്ടി. കോംഗോ ഡെമോക്രാറ്റിക് റിപ്പബ്ലിക്കിലെ ഒരു കത്തോ ലിക്കാ ഇടവകയ്ക്കു നേരെയുണ്ടായ ആക്ര മണത്തിൽ 64 പേരാണ് കൊല്ലപ്പെട്ടത്.

ഇസ്രായേലിനും പലസ്തീനുമിടയിൽ ദ്വിരാഷ്ട്രപരിഹാരം അടിസ്ഥാനമാക്കി യുള്ള ശാശ്വത സമാധാനം എന്ന പരിശുദ്ധ സിംഹാസനത്തിന്റെ നിലപാട് ആർച്ചു ബിഷപ്പ് ആവർത്തിച്ചു. ബന്ദികളെ മോചി പ്പിക്കാനും, സ്ഥിരമായ വെടിനിർത്തൽ നിലവിൽ വരാനും, സന്നദ്ധസംഘടനക ളുടെ സഹായവിതരണം സുഗമമാക്കാ നും, മാനുഷികനിയമം പൂർണമായും മാനിക്കാനും, വിവേചനരഹിതമായ ബലപ്ര യോഗവും നിർബന്ധിത കുടിയിറക്കവും അവസാനിപ്പിക്കാനും ലെയോ മാർപാപ്പാ ആവശ്യപ്പെടുന്നതായും ആർച്ചുബിഷപ്പ് വ്യക്തമാക്കി.

ബോബി ജോസ് കട്ടിക്കാട്

# രണ്ടാം പിറവി



**ജീവിതം നിങ്ങളോട് എത്ര കഠിനമായി പെരുമാറുമ്പോഴും നിങ്ങൾക്കു ജീവിതത്തോട് മധുരമായി പ്രതികരിക്കാം എന്നൊരു പാഠം കൂടി ഫ്രാൻസിസിന്റെ സൂര്യകീർത്തനത്തിലുണ്ട്.**

അസീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ സൂര്യകീർത്തനത്തിന്റെ 800-ാം വാർഷികം ഞങ്ങളുടെ ആശ്രമങ്ങളിൽ അവിടവിടെയായി ആഘോഷിക്കുന്നുണ്ട്. ഫ്രാൻസിസിനെപ്പോലെ, ഒടുവിൽ പാട്ടിലേയ്ക്കെത്തുക എന്നത് പ്രധാനപ്പെട്ട കാര്യമാണെന്നു തോന്നുന്നു. ദൈവത്തിന്റെ കുഴലൂത്തുകാരൻ എന്നാണ് അയാളെ വിളിച്ചിരുന്നത്. ഒരിക്കൽ അതു സംഭവിക്കുകതന്നെ ചെയ്തു. വിചിത്രമായ രീതിയിൽ പെരുമാറിയിരുന്ന ആ മനുഷ്യനെ കുറച്ചുപേർ ചേർന്ന് ആക്രമിക്കുകയാണ്. ഒരാൾ ചോദിക്കുന്നു: നീ ആരാണ്?

അത്യുന്നതന്റെ ട്രംപറ്റ് മുഴക്കുന്ന ആൾ എന്നാണ് അയാളുടെ മറുപടി.

സ്വയം സംഗീതമായി, സ്വയം വാദ്യോപകരണമായി മാറിയ ഒരാളായും ഫ്രാൻസിസിനെ വായിച്ചെടുക്കാം. സകലരെയും പ്രകാശിപ്പിക്കുകയും, സകലരുടെ

**നിങ്ങൾ നിങ്ങളുടേതായ ഒരു ദ്വീപ് സൃഷ്ടിക്കുന്നില്ലെങ്കിൽ മറ്റുള്ളവർ നിങ്ങൾക്കുവേണ്ടി രൂപപ്പെടുത്തിയ ദ്വീപിനകത്ത് നിങ്ങൾ ശ്വാസംമുട്ടിയും ഭക്ഷണംകഴിക്കാതെയും മരിച്ചുപോകും.**



ചുറ്റുമുള്ള
പലതിന്റെയും
അമൂല്യത
മനസിലാക്കുമ്പോഴേ
നമുക്കു നമ്മുടെ
യോഗ്യതയെക്കുറിച്ചു
ധാരണയുണ്ടാകൂ.

യും സംശയങ്ങൾക്ക് ഉത്തരം കൊടുക്കുകയും ചെയ്യുന്ന ദേശത്തിന്റെ ഗുരുവായി ഒരാളുണ്ടായിരുന്നു. അയാളോട് കുറെ കുട്ടികൾ ചില കുസൃതിചോദ്യങ്ങൾ ചോദിക്കുന്നു. എന്നാൽ അയാൾക്ക് അതിനൊന്നിനും ഉത്തരമുണ്ടായിരുന്നില്ല. കുട്ടികൾ അവരുടെ പൊട്ടിച്ചിരികളിലേക്കും തമാശകളിലേക്കും മടങ്ങിപ്പോയെങ്കിലും, അയാളുടെ ജീവിതം അതോടെ ബുദ്ധിമുട്ടിലായി.

ആ രാത്രിയിൽ അയാൾ സ്വയം വിലയിരുത്തുമ്പോൾ അയാൾ ഇങ്ങനെ പറയുന്നു: ഒരു ദേശത്തിനു മുഴുവൻ ഉത്തരം കൊടുക്കാമെന്നൊക്കെ മോഹിച്ച് ഞാൻ ജീവിച്ചു. പക്ഷേ ഇപ്പോഴാവട്ടെ, ഈ കുഞ്ഞുങ്ങൾ പോലും എന്നെ തോല്പിച്ചു കളഞ്ഞു. അയാളപ്പോൾ ഓർത്തത്, ദേശത്തിലെ ക്ഷേത്രത്തിന്റെ പടവുകളിൽ കാലാകാലങ്ങളായി ഋതുക്കളറിയാതെ കണ്ണുംപൂട്ടിയിരിക്കുന്ന ഒരു മനുഷ്യനെയാണ്. ആചാര്യനെന്ന നിലയിൽ തന്റെ ജീവിതം എത്രയോ ദരിദ്രമായിപ്പോയി എന്നു സങ്കടപ്പെടുന്ന ഒരാൾ. ആ മനുഷ്യന്റെ അടുക്കൽച്ചെന്ന് സ്വയംവരിച്ച അന്ധതയിൽ ശിഷ്ടകാലം മുഴുവൻ അയാൾ കീർത്തനങ്ങൾ പാടി സ്വന്തജീവിതം അവസാനിപ്പിച്ചുവെന്നാണ് കഥ.

അത് ജീവിതത്തിലെ ഒരു ഘട്ടമാണ്. ജ്ഞാനവും അതിന്റെ സങ്കീർണതകളും, അറിവും അതിന്റെ വ്യർഥാഭിമാനങ്ങളുമൊക്കെ വകഞ്ഞുമാറ്റി ഒരാൾ ഇങ്ങനെ ശുദ്ധസംഗീതത്തിലേക്കെത്തുന്നു. വേദപുസ്തകത്തിന്റെ ആരംഭത്തിലൊക്കെ കാണാം, അമ്മമേരി ഉണ്ണിയേശുവിനെ കൈക്കുഞ്ഞായി ദേവാലയത്തിൽ കൊണ്ടുവരുമ്പോൾ അവനെ പാട്ടുപാടി സ്വാഗതം ചെയ്യുന്നതായി. ശുദ്ധസംഗീതത്തിലേക്ക് അവരുടെ സായന്തനം വളർന്നെത്തുകയാണ്.

ഞാൻ കാണണമെന്നു നിനച്ച കാഴ്ചകളൊക്കെ എന്റെ കണ്ണുകൾ കണ്ടിരിക്കുന്നു.

പാട്ടുപാടുന്ന അന്ധഗായകൻ, അയാളുടെ തന്നെ സ്വയംപ്രകാശത്തിലേയ്ക്കെത്തുന്ന മനുഷ്യനാണ്. പുറത്തുള്ള വെട്ടങ്ങളൊന്നും അയാളെ സഹായിക്കുന്നില്ല. അതുപോലെയൊരു സായന്തനം എന്നുപറയുന്നത് തീർത്തും ഒരു സങ്കല്പമാണെന്നു കരുതാം. ഫ്രാൻസിസ് എത്തുന്നതും അവിടേക്കാണ്. കൊടിയ നേത്രരോഗം ഉണ്ടായിരുന്ന കാലമാണ്. പതുക്കെപതുക്കെ അന്ധതയിലേക്ക് നടന്നടുക്കുകയാണ്; അതുകൂടാതെ മലേറിയായും. ശരീരത്തിൽ ഏറ്റുവാങ്ങിയ മുറിവുകളുടെ, പഞ്ചക്ഷതങ്ങളുടെ തീവ്രവേദന വേറെ. ഒരു കുപ്പിച്ചില്ലുകണക്കെ പൊടിഞ്ഞുപോകുന്ന വേദനയുടെ നേരമെന്നു വേണമെങ്കിൽ പറയാം. ആ വേദനയുടെ ഇരുട്ടിലിരുന്നുകൊണ്ട് സൂര്യനെ നോക്കിയാണ് ഫ്രാൻസിസ് സൂര്യകീർത്തനം ആലപിക്കുന്നത്!

ജീവിതം നിങ്ങളോട് എത്ര കഠിനമായി പെരുമാറുമ്പോഴും നിങ്ങൾക്കു ജീവിതത്തോട് മധുരമായി പ്രതികരിക്കാം എന്നൊരു പാഠം കൂടി സൂര്യകീർത്തനത്തിലുണ്ട്. അയാൾ ആർക്കുവേണ്ടിയാണു പാടുന്നത്? തനിക്കു നോക്കാൻ പറ്റാതെപോകുന്ന സൂര്യനുള്ള സ്തോത്രഗീതമാണത്. എല്ലാം നിങ്ങൾക്ക് ഉതകണമെന്നും, എല്ലാം നിങ്ങളുടെ ജീവിതത്തെ മെച്ചപ്പെടുത്തണമെന്നുമുള്ള ചില സങ്കല്പങ്ങൾ ഈ കീർത്തനത്തിൽ താനേ അടർന്നുപോകുന്നതു കാണാം. ഇവിടെ ആവർത്തിക്കപ്പെടുന്ന ഒരു വാക്കുണ്ട്; നിനക്കു സ്തുതിയായിരിക്കട്ടെ.

കാലംചെയ്ത മാർപാപ്പായുടെ ചാക്രികലേഖനത്തിന്റെ തലക്കെട്ടായി അതു പിന്നീടു മാറുന്നത് നമ്മൾ കാണുന്നു. ഒരേയൊരു സ്തുതിയേയുള്ളൂ എന്നാണ് സൂര്യകീർത്തനത്തിലൂടെ വ്യക്തമാക്കപ്പെടുന്നത്. ഒരൊറ്റ പ്രഭുവിനെ കണ്ടെത്തുക എന്നതാണ് സ്പിരിച്ചാലിറ്റി അഥവാ ആധ്യാത്മികത. അത്തരമൊരു വലിയ ബോധ്യത്തിൽ നിന്നാണ് ഏറ്റവും വലിയ സ്വാതന്ത്ര്യം ആരംഭിക്കുന്നത്. സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്നു പറയുന്നതിന്റെ അർഥം ആലോചിച്ചിട്ടുണ്ടോ? ചെറിയ ചെറിയ മനുഷ്യരെയാണ്

നാം അടിമകളാക്കുന്നത്. കവികൾ പറയുന്നതുകണക്കെ, നിങ്ങൾ നിങ്ങളുടേതായ ഒരു ദ്വീപ് സൃഷ്ടിക്കുന്നില്ലെങ്കിൽ മറ്റുള്ളവർ നിങ്ങൾക്കുവേണ്ടി രൂപപ്പെടുത്തിയ ദ്വീപിനകത്ത് നിങ്ങൾ ശ്വാസംമുട്ടിയും ഭക്ഷണംകഴിക്കാതെയും മരിച്ചുപോകും.

ജോൺ പോൾ രണ്ടാമൻ പാപ്പാ കത്ത് എഴുതി അവസാനിപ്പിച്ചിരുന്നത് ഇങ്ങനെയായിരുന്നു: പൂർണമായും നിന്റേത് (totally yours). ഞാൻ ആരുടേതാണ് എന്ന് ആദ്യമേ ഡിഫൈൻ ചെയ്യുന്നത് നല്ലതാണ്. ഈയൊരു സങ്കീർത്തനം ആ പ്രകാശത്തിൽ വായിച്ചെടുത്താൽ പലരീതിയിലുള്ള വെളിച്ചത്തിന്റെ പൊട്ടുകൾ നമ്മുടെ ആന്തരികതയിലേക്കു പ്രവേശിക്കുന്നതായി അനുഭവപ്പെടാം.

ഇരുട്ടിലിരുന്ന് വെളിച്ചത്തെക്കുറിച്ചെഴുതിയ പാട്ടാണ് സൂര്യകീർത്തനം. ആത്മവിശ്വാസം കുറയുമ്പോഴും ജീവിതം ഭാരമുള്ളതായി അനുഭവപ്പെടുമ്പോഴും മനസിൽ വിചാരിച്ചോളൂ, ഞാൻ നിന്റേതാണ്. നമ്മുടെമേലുള്ള സ്വത്തവകാശം അവനാണ് എന്ന മുദ്ര അനുഭവിപ്പിക്കുന്ന ഒരു വ്യത്യാസമുണ്ട്. പൊളിറ്റിക്സും റിലീജിയനും രണ്ടും രണ്ടാണ് എന്നു പറയാൻ നമ്മുടെ നാട്ടിൽ പലപ്പോഴും പ്രയോഗിക്കുന്ന ഒന്നാണ് സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും. കൂട്ടിയോജിക്കേണ്ട സന്ധികളൊന്നും ഇവയ്ക്കിടയിലില്ല എന്നു സൂചിപ്പിക്കാനാണ് ഇതുപറയുന്നത്.

കപ്പംകൊടുക്കുക എന്നതിന് ടാക്സ് എന്ന അർഥം മാത്രമല്ല ഉള്ളത്. വിധേയരായിരിക്കുക എന്നൊരർഥംകൂടി അതിനുണ്ട്. സീസർ നാണയത്തെ കമ്മട്ടത്തിൽനിന്നു രൂപപ്പെടുത്തുന്നതുപോലെ, അതിനകത്ത് അയാളുടെ മുദ്ര പതിഞ്ഞുകിടക്കുന്നതുപോലെ, നിങ്ങൾ രൂപപ്പെട്ടത് ആരിൽ നിന്നാണ്? ദൈവത്തിൽനിന്ന്. അങ്ങനെയെങ്കിൽ, നാണയത്തിൽ സീസറിന്റെ മുദ്രയുള്ളതുപോലെ നിങ്ങളുടെ ഉള്ളിലെ മുദ്രയെന്നു പറയുന്നത് ദൈവത്തിന്റെയാണ്. അതുകൊണ്ട് നിങ്ങൾ ദൈവത്തിനു മാത്രം വിധേയപ്പെട്ടു ജീവിക്കുക എന്നു പറയുന്ന വലിയ സ്വാതന്ത്ര്യത്തിന്റെ സ്റ്റേറ്റ്മെന്റിനെയാണ്, ഇന്ന് കോംപ്രമൈസിന്റെ സ്റ്റേറ്റ്മെന്റായി പലപ്പോഴും ഗണിക്കുകയും ആവർത്തിച്ചു പറയുകയും ചെയ്യുന്നത്.

പ്രാർഥന എന്നുപറയുന്നതു തന്നെയാണ് ഏറ്റവും വലിയ ലിബറേഷൻ. ഒറ്റയാളേയുള്ളൂ. ആ ഒറ്റയാൾ പലരീതിയിൽ നമ്മുടെ ലോകം മെച്ചപ്പെടുത്താനും നമ്മെ മെച്ചപ്പെടുത്താനുമായി നമുക്കു ചുറ്റിനുമുണ്ട്. കാരണം നമുക്കു ചുറ്റും സൃഷ്ടപ്രപഞ്ചമാണല്ലോ. ചന്ദ്രനിലും താരകങ്ങളിലും അങ്ങു ഞങ്ങളുടെ ആകാശത്തെ പ്രകാശിപ്പിക്കുന്നു. വെള്ളം കൊണ്ട് ഞങ്ങളെ സ്നാനപ്പെടുത്തുന്നു. സഹോദരി ജലമേ എന്നൊക്കെയാണ് ഫ്രാൻസിസ് വിളിക്കുന്നത്. അത്രത്തോളം അതു പ്രഷ്യസ് ആണെന്നാണ് സൂചന. സത്യത്തിൽ വെള്ളത്തോളം വിലപിടിപ്പുള്ള മറ്റെന്തെങ്കിലും ഉണ്ടോ?

വെള്ളത്തിന്റെ സയൻസിനെക്കുറിച്ച് നമ്മൾ കൃത്യമായ ബോധത്തിലേക്കു വന്നിട്ടുണ്ടാവില്ല. വെള്ളം വെറുതെ ഇങ്ങനെ രൂപപ്പെടുത്താൻ കഴിയില്ലല്ലോ. പ്രപഞ്ചാരംഭത്തിൽ വെള്ളമെങ്ങനെയായിരുന്നോ അതുപോലെ തന്നെയാണ് ഇപ്പോഴും. നശിപ്പിക്കാൻ പറ്റില്ല. അളവിനു വ്യത്യാസം വരുത്താൻ പറ്റുന്ന ഒന്നല്ല അത്. അളവിനു വ്യത്യാസം വരുത്താൻ നിങ്ങൾക്ക് ഏതെങ്കിലും വിധത്തിൽ പറ്റാത്ത ഒന്നായതുകൊണ്ട് അതിനോളം മൂല്യമുള്ള മറ്റൊന്നും ഈ ലോകത്തിൽ ഇനി രൂപപ്പെടാനുമില്ല.

ചുറ്റുമുള്ള പലതിന്റെയും അമൂല്യത മനസിലാക്കുമ്പോഴേ നമുക്കു നമ്മുടെ യോഗ്യതയെക്കുറിച്ചു ധാരണയുണ്ടാകൂ. കടന്നുപോകുന്നതിനു മുമ്പ് ഫ്രാൻസിസ് ആവശ്യപ്പെടുന്നത്, എല്ലാം ഉരിഞ്ഞുമാറ്റാനാണ്. നഗ്നനായി താൻ വന്നു, നഗ്നനായി താൻ മടങ്ങുന്നു. മരണം ഒരു രണ്ടാംപിറവിയാണെന്ന ധ്യാനവിചാരത്തെ അടിവരയിട്ട് അയാൾ കടന്നുപോയി. സമസ്തപ്രപഞ്ചവും അങ്ങേയ്ക്കു വാഴ്ത്ത് നല്കുമ്പോൾ മരണത്തെപോലും ഞങ്ങൾ ഭയപ്പെടുന്നില്ല. മരണവും പെങ്ങളാണ്. അങ്ങേയ്ക്കു സ്തുതിയായിരിക്കട്ടെ. ○


**പ്രായമായവർക്ക് ഗ്രേയ്സ്ഫുൾ ധ്യാനം**

(60 വയസിനു മുകളിലുള്ളവർക്ക് താമസിച്ചുള്ളത്)
കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ

നവംബർ 13,14,15,16
ഡിസംബർ 16,17,18,19

മുൻകൂട്ടി ബുക്ക് ചെയ്യുക
ധ്യാനം ബുക്ക് ചെയ്യാൻ വിളിക്കുക
ഫോൺ – 8086399023, 9495107045

അഡ്വ. ദീപ്തി മുക്കട

# അമ്മയ്ക്കെന്താ ജോലിക്കു പോയാൽ?

**സ്വപ്നങ്ങളെ പിന്തുടർന്ന് അതു സാക്ഷാത്കരിക്കുന്ന അമ്മയെ കണ്ടുവേണം മക്കൾ വളരാൻ. അവരാണ് പുതിയ കാലത്തിലെ പ്രചോദനം.**

അന്ന് വിനുക്കുട്ടൻ സ്കൂൾ വിട്ടുവന്നത് വലിയൊരു സങ്കടവുമായാണ്. വീട്ടിലെത്തിയതേ അവൻ അത് അമ്മയോടു പങ്കുവെക്കുകയും ചെയ്തു.

'ജോയലിന്റെ അമ്മ അവന്റെ പിറന്നാളിന് എന്താ സമ്മാനം കൊടുത്തതെന്ന് അമ്മയ്ക്കറിയാമോ? ഒരു സ്മാർട് വാച്ച്. ഞാനെത്ര നാളായി അമ്മയോടു ചോദിക്കുന്നു, ഒരു സ്മാർട് വാച്ച് വാങ്ങിത്തരാൻ. എന്നിട്ട് ഇതുവരേം അമ്മയെനിക്കു വാച്ചുവാങ്ങിത്തന്നോ?'



**സ്വന്തമായി കാശില്ലാത്തതും, തീരെ നിസാര കാര്യങ്ങൾക്കുപോലും ഭർത്താവിനു മുമ്പിൽ കൈനീട്ടേണ്ടിവരുന്നതും സ്ത്രീയുടെ ആത്മാഭിമാനത്തിൽ ഏല്പിക്കുന്ന മുറിവ് മാരകമാണ്.**



**ജോലിയും കുടുംബജീവിതവും സന്തുലിതമായി കൊണ്ടു പോകുകയാണ് ഇന്നത്തെ കാലത്ത് സ്ത്രീയുടെ മുമ്പിലെ വെല്ലുവിളി.**

'അതിന് എന്റെ കൈയിലെവിടുന്നാ മോനേ കാശ്? എനിക്കു ജോലിയുണ്ടോ?' അവന്റെ അമ്മ താര ചോദിച്ചു.

'അമ്മയ്ക്കെന്താ ജോലിക്കു പോയാല്...? ജോയലിന്റെ അമ്മ ജോലി ചെയ്യുന്നുണ്ടല്ലോ. ആൽബിന്റേം റൂബന്റേം അമ്മമാരും ജോലി ചെയ്യുന്നുണ്ട്. പിന്നെയെന്താ അമ്മയ്ക്ക് ജോലിക്കു പോയാൽ?'

'നിന്റെ ചേട്ടനെ നോക്കാൻ വേണ്ടിയാ ഞാനെന്റെ ജോലി ആദ്യം വേണ്ടെന്നു വെച്ചത്. അവൻ ഒരുവിധമായപ്പോഴേക്കും നീ... പിന്നെ നിന്റെ അനിയത്തി... അതും പോരാഞ്ഞ് നിന്റെ വല്യപ്പൻ... വല്യമ്മ... എല്ലാറ്റിനേം നോക്കിനോക്കി ഞാനെന്റെ ജീവിതം കളഞ്ഞുകുളിച്ചു. ഈ നാല്പത്തിരണ്ടാം വയസിൽ ഇനി എനിക്കാരു ജോലി തരാനാ?' താര പെട്ടെന്ന് പൊട്ടിക്കരയുകയും, കരഞ്ഞുകൊണ്ട് അടുക്കളയിലേക്കു പോവുകയും ചെയ്തു. തെറ്റ് ചെയ്തഭാവത്തിൽ നില്ക്കാനേ വിനുക്കുട്ടന് സാധിച്ചുള്ളൂ. അമ്മയോട് ഇതൊന്നും ചോദിക്കുകയോ പറയുകയോ വേണ്ടിയിരുന്നില്ല. ജോലിയും പണവും സംബന്ധമായ എന്തുകാര്യം പറയുമ്പോഴും അമ്മ കരയുകയും ദേഷ്യപ്പെടുകയും ചെയ്യുന്നതിനു പിന്നിൽ ഇങ്ങനെയൊരു ഇച്ഛാഭംഗംകൂടിയുണ്ടെന്ന കാര്യം ഇപ്പോഴാണ് മനസിലായതെന്നു മാത്രം.

നമ്മുടെ പല കുടുംബങ്ങളിലും കണ്ടുവരുന്ന ഒരു പ്രതിഭാസമാണിത്. ഭർത്താവ് മാത്രം ജോലിക്കു പോകുന്നു. ഭാര്യ പലപ്പോഴും വീട്ടമ്മയായി ഒതുങ്ങിക്കഴിയുന്നു. വിദ്യാഭ്യാസമുണ്ടായിട്ടും, ജോലിചെയ്യാൻ ആഗ്രഹമുണ്ടായിട്ടും, ചിലപ്പോൾ ജോലി തന്നെയുണ്ടായിട്ടും, മക്കളുടെ ജനനത്തോടെയോ അല്ലെങ്കിൽ ഭർത്താവിന്റെ വൃദ്ധരായ മാതാപിതാക്കളെ ശുശ്രൂഷിക്കുന്നതിനുവേണ്ടിയോ സ്ത്രീകൾ ജോലിചെയ്യാതെ വീട്ടിൽതന്നെ തളയ്ക്കപ്പെടുന്നു. ഇതു സ്ത്രീകളിൽ ഉണ്ടാക്കുന്ന കടുത്ത മാനസികസമ്മർദത്തെക്കുറിച്ച് പലരും അറിയാറില്ല. ഭൂരിപക്ഷവും മനസിലാക്കാറുമില്ല.

വീടിനുള്ളിൽതന്നെ ഒതുങ്ങിക്കഴിയുമ്പോൾ സ്ത്രീകൾ അനുഭവിക്കുന്ന സമ്മർദം സഹിക്കാനാവാതെ വരുമ്പോഴാണ് അതു പലപ്പോഴും മക്കളോടുള്ള ദേഷ്യമായും പൊട്ടിത്തെറിയായും ശിക്ഷയായും പുറത്തേക്കു വരുന്നത്. സ്വന്തമായി കൈയിൽ കാശില്ലാത്തതും, തീരെ നിസാര കാര്യങ്ങൾക്കുപോലും ഭർത്താവിനു


**വിവാഹ ഒരുക്ക ധ്യാനം**

| | | |
|---|---|---|
| 2025 NOVEMBER | - 3,4,5 (Zion) | - Booking going on |
| | - 10,11,12 (Zion) | - Booking going on |
| | - 17,18,19 (Zion) | - Booking going on |
| 2025 DECEMBER | - 13,14,15 (Zion) | - Booking going on |
| | - 20,21,22 (Zion) | - Booking going on |
| | - 29,30,31 (Zion) | - Booking going on |
| 2026 JANUARY | - 5,6,7 (Zion) | - Booking going on |
| | - 12,13,14 (Zion) | - Booking going on |
| | - 24,25,26 (Zion) | - Booking going on |
| | - 31,Feb 1,2 (Zion) | - Booking going on |

*അന്വേഷണങ്ങൾക്ക്*
ഫാമിലി അപ്പോസ്തലേറ്റ്, ചങ്ങനാശ്ശേരി
ഫോൺ - **0481 2424476** സമയം - 11 am to 5 pm



മുമ്പിൽ കൈനീട്ടേണ്ടിവരുന്നതും അവളുടെ ആത്മാഭിമാനത്തിൽ ഏല്പിക്കുന്ന മുറിവ് മാരകമാണ്.

കുടുംബത്തിനുവേണ്ടി ജീവിതം ഹോമിക്കുന്ന സ്ത്രീകളെ പണ്ടുകാലങ്ങളിൽ ദേവതമാരായി വാഴ്ത്താറുണ്ടായിരുന്നു. പക്ഷേ കാലം മാറി. അത്തരം വിശേഷണങ്ങൾ കാലഹരണപ്പെട്ടു. ഇപ്പോൾ അങ്ങനെയുള്ളവർ, ജീവിക്കാൻ അറിഞ്ഞുകൂടാത്തവരെന്നാണ് മുദ്രകുത്തപ്പെടുന്നത്. പ്രതികൂലമായ അവസ്ഥകളോടു പടപൊരുതി, ആത്മാഭിമാനത്തോടെ നിവർന്നുനിന്ന് സ്വയംപര്യാപ്തരാകുന്ന സ്ത്രീകളാണ് ഇന്നത്തെ മാതൃകകൾ. സ്വന്തമായി സ്വപ്നങ്ങൾ വേണ്ടെന്നു വെക്കുകയല്ല, സ്വപ്നങ്ങളെ സാക്ഷാത്കരിക്കാനാണ് സ്ത്രീകൾ ശ്രദ്ധിക്കേണ്ടത്.

ഇപ്പോൾ പലയിടത്തും ആവർത്തിക്കുന്ന ഒരു വാചകമുണ്ട്: ലോകത്തിലെ ഏറ്റവും വലിയ പോരാളിയാണ് അമ്മ. അതു ശരിയാണ്. സ്വപ്നങ്ങളെ പിന്തുടർന്ന് അതു സാക്ഷാത്കരിക്കുന്ന അമ്മയെ കണ്ടുവേണം മക്കൾ വളരാൻ. അത്തരം അമ്മമാരാണ് പുതിയകാലത്തിൽ മക്കൾക്കു പ്രചോദനമാകേണ്ടത്. സ്വന്തം സ്വപ്നങ്ങളെ കുഴിച്ചുമൂടി, അതിന്റെ പേരിൽ നഷ്ടബോധവും ആത്മനിന്ദയുമായി കഴിഞ്ഞുകൂടുന്ന സ്ത്രീകൾ സ്വന്തം ജീവിതം മാത്രമല്ല, കുട്ടികളുടെ ജീവിതംകൂടി താറുമാറാക്കുന്നു.

മാതാപിതാക്കൾ രണ്ടുപേരുംകൂടി മക്കളെ വളർത്തുന്ന രീതിയാണ് മക്കളുടെ വളർച്ചയ്ക്കു നല്ലത്. അച്ഛൻ കുടുംബചെലവുകൾ നിർവഹിക്കണം, അമ്മ വീടുപരിപാലനവും എന്ന പരമ്പരാഗതശൈലി ഇപ്പോഴത്തെ സാഹചര്യത്തിൽ ഒട്ടും ശരിയല്ല. രണ്ടുപേരുംകൂടി കുടുംബം നോക്കിനടത്തുന്ന രീതിയാണ് അഭികാമ്യം. പ്രസവത്തെത്തുടർന്നോ മറ്റെന്തെങ്കിലും കാരണങ്ങളാലോ കുറേക്കാലം സ്ത്രീകൾക്ക് ജോലിയിൽനിന്നു വിട്ടുനില്ക്കേണ്ടിവരാം. അതൊരിക്കലും സ്ഥിരമാകാതെ നോക്കണം.

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ

Nov1
ഒരു വിശ്വാസി

സാമ്പത്തികഭദ്രത ഒരു സ്ത്രീയെ കൂടുതൽ സ്വതന്ത്രയാക്കും, ആത്മാഭിമാനമുള്ളവളാക്കും. ജോലി ചെറുതോ വലുതോ, കിട്ടുന്ന തുക ചെറുതോ വലുതോ എന്നതൊന്നും പ്രശ്നമല്ല. തീരെ ചെറുതാണെങ്കിലും, സ്വന്തം കാര്യങ്ങൾക്കുവേണ്ടി ആരുടെ മുമ്പിലും കൈനീട്ടാതെ കഴിയാൻ അതവരെ പ്രാപ്തരാക്കും. അതുകൊണ്ട് സ്ത്രീകൾ വീടുകളിൽ സ്ഥിരമായി തളച്ചിടപ്പെടുന്നവരാകാതെ ജോലിചെയ്യുക. അതു കുടുംബത്തിന് ഒരു വരുമാനമാർഗം കൂടിയാണെന്നും ഓർക്കുക.

ഇനി ആദ്യം പറഞ്ഞ ജോയലിന്റെ അമ്മയുടെ കാര്യമെടുക്കുക. വർഷങ്ങളായി ഗൾഫിൽ നഴ്സായി ജോലി ചെയ്യുകയായിരുന്നു അവൾ. പലവട്ടം തിരികെ മടങ്ങാൻ അവൾക്കാഗ്രഹമുണ്ടായിരുന്നു. പക്ഷേ ഭർത്താവ് സമ്മതിച്ചില്ല. നാട്ടിലെങ്കിലും ജോലിചെയ്യാൻ ഒടുവിൽ അനുവാദം ചോദിച്ചപ്പോൾ അതും നിരാകരിച്ചു. കുടുംബത്തിനുവേണ്ടി അധ്വാനിക്കാൻ നിർബന്ധിക്കപ്പെടുകയായിരുന്നു അവൾ. മക്കളെ നാട്ടിൽവിട്ടു വിദേശങ്ങളിൽ ജോലിചെയ്യുന്ന അമ്മമാർക്ക് മക്കളുടെ പല ആവശ്യങ്ങളും പണം കൊടുത്തു നിറവേറ്റാൻ കഴിഞ്ഞേക്കാം. പക്ഷേ ഒരിക്കലും മക്കളുടെ വൈകാരികാവശ്യങ്ങൾ നിർവഹിക്കാൻ അതുകൊണ്ടു സാധിക്കില്ല. ജോലിയും കുടുംബജീവിതവും സന്തുലിതമായി കൊണ്ടുപോകുകയാണ് ഇന്നത്തെ കാലത്ത് സ്ത്രീയുടെ മുമ്പിലെ വെല്ലുവിളി. കുടുംബത്തിനുവേണ്ടി ജോലിയോ, ജോലിക്കുവേണ്ടി കുടുംബമോ ഉപേക്ഷിക്കരുത്. രണ്ടിനും അതിന്റേതായ പ്രാധാന്യം കൊടുത്തു മുന്നോട്ടുപോവുന്ന വ്യക്തിയാണ് നിങ്ങളെങ്കിൽ, അതായിരിക്കും മക്കൾക്കു മുമ്പിൽ നിങ്ങൾ നല്കുന്ന മികച്ച മാതൃക. ○

ഡോ. ജോസഫ് കളത്തിൽ



# വിശുദ്ധ കുർബാനയും നൃത്തവും

**നടനസംഘക്കാരെക്കൊണ്ട് ഡാൻസ് ചെയ്യിച്ച് ലിറ്റർജിയെ ആകർഷണീയമാക്കാൻ ശ്രമിക്കുന്നത് പൂർണമായും യുക്തിഹീനമാണ്. (ബെനഡിക്ട് പതിനാറാമൻ പാപ്പാ)**

ഈയിടെ എറണാകുളം-അങ്കമാലി അതിരൂപതയിലെ ഒരു പള്ളിയിൽ, അതിരൂപതയിലെ പ്രോ-പ്രോട്ടോ സിഞ്ചെല്ലൂസിന്റെ കാർമികത്വത്തിൽ നടന്ന വിശുദ്ധ കുർബാനയർപ്പണത്തിലെ വിഭജന ശുശ്രൂഷാസമയത്ത് ഒരു കൂട്ടം പെൺകുട്ടികൾ ആരാധനാഗീതത്തോടൊപ്പം നൃത്തച്ചുവടുകൾ വെക്കുന്ന വീഡിയോ കാണാനിടയായി.

ഡാൻസ് മനോഹരമായ കലാരൂപമാണ്. ആത്മീയമേഖലയിലും ഡാൻസ് സമർഥമായി ഉപയോഗിക്കാൻ സാധിക്കും. എന്നാൽ, വിശുദ്ധ കുർബാനയിൽ ഡാൻസിന് എന്തെങ്കിലും സ്ഥാനമുണ്ടോ? ഡാൻസ് അനുവദനീയമാണോ? തുടങ്ങിയ ചോദ്യങ്ങൾ ഇവിടെ പ്രസക്തമാണ്. ഭാഗ്യസ്മരണാർഹനായ ബെനഡിക്ട് പതിനാറാമൻ പാപ്പാ 'ലിറ്റർജിയുടെ ചൈതന്യം' എന്ന ഗ്രന്ഥത്തിലെ 'ശരീരവും ലിറ്റർജിയും' എന്ന അധ്യായത്തിൽ എഴുതുന്നു: 'ഡാൻസ് ചെയ്യുന്നത് ക്രിസ്തീയ ആരാധനയുടെ പ്രകാശനരൂപമല്ല. വിവിധ മതങ്ങളിലെ ആരാധനയിൽ ഉപയോഗിച്ചിരുന്ന ഭക്തിനൃത്തങ്ങൾക്ക്

> ലിറ്റർജി ഒരിക്കലും ആരുടെയും സ്വകാര്യസ്വത്തല്ല. ആഘോഷിക്കുന്ന കാർമികന്റെയോ രഹസ്യങ്ങൾ ആഘോഷിക്കപ്പെടുന്ന സമൂഹത്തിന്റെയോ സ്വത്തല്ല അത്. (വി. ജോൺപോൾ രണ്ടാമൻ മാർപാപ്പാ)

വിവിധങ്ങളായ ലക്ഷ്യങ്ങളാണുള്ളത്. എന്നാൽ ഇവയൊന്നും യുക്തിസഹബലിയായ ലിറ്റർജിയുടെ അടിസ്ഥാന ലക്ഷ്യവുമായി പൊരുത്തപ്പെടുന്നതല്ല. നടനസംഘക്കാരെക്കൊണ്ട് ഡാൻസ് ചെയ്യിച്ച് ലിറ്റർജിയെ ആകർഷണീയമാക്കാൻ ശ്രമിക്കുന്നത് പൂർണമായും യുക്തിഹീനമാണ്' (ലിറ്റർജിയുടെ ചൈതന്യം, പുറം 207).

ഡാൻസ് മുതലായ കലാരൂപങ്ങളിലൂടെ ലിറ്റർജിയെ ആകർഷണീയമാക്കാൻ ശ്രമിക്കുന്നത് തീർത്തും യുക്തിഹീനമാണെന്നു പറയാനുള്ള കാരണം, തുടർന്ന് മാർപാപ്പാ വിശദീകരിക്കുന്നുണ്ട്. ഒരിക്കൽ ഒരിടത്തു പോയപ്പോൾ അനുതാപശുശ്രൂഷ ഡാൻസിന്റെ രൂപത്തിൽ അവതരിപ്പിച്ചതും, അതിന് വിശ്വാസികളുടെ ഇടയിൽനിന്നും ഹർഷാരവത്തോടുകൂടിയ കരഘോഷം ലഭിച്ചതുമായ അനുഭവം അദ്ദേഹം അനുസ്മരിക്കുന്നു. പാപ്പാ പറയുന്നു: 'അവിടെ നടന്നത് യഥാർഥ അനുതാപത്തിൽനിന്ന് തികച്ചും അകന്നിരുന്ന ഒരു പരിപാടി മാത്രമായിരുന്നു. ലിറ്റർജിക്ക് മനുഷ്യനെ ആകർഷിക്കാൻ സാധിക്കുന്നത് അത് അതിലേക്കു തന്നെ നോക്കുമ്പോഴല്ല, ദൈവത്തിലേക്കു നോക്കുമ്പോഴാണ്.' ദൈവത്തെ ആരാധനാവേദിയിൽ പ്രവേശിക്കുവാനും പ്രവർത്തിക്കുവാനും അനുവദിക്കുക എന്നത് പ്രധാനപ്പെട്ടതാണെന്നും, അപ്പോൾ കേവലം വിനോദത്തിനപ്പുറമുള്ള എന്തോ ഒന്ന് സംഭവിച്ച അനുഭവം വിശ്വാസികൾക്കു ലഭിക്കുകയാണെന്നും മാർപാപ്പാ ഓർമിപ്പിക്കുന്നു. ഒരു ക്രിസ്തീയറീത്തും (റീത്ത് അഥവാ സ്വയാധികാരസഭ) ലിറ്റർജിയിൽ ഡാൻസ് ഉൾപ്പെടുത്തിയിട്ടില്ലെന്നു വിശദീകരിക്കുന്ന മാർപാപ്പാ, എത്യോപ്യൻ റീത്തിലും റോമൻ റീത്തിലുമുള്ള ഡാൻസ് എന്നത് താളാത്മകമായി സംവിധാനം ചെയ്യപ്പെട്ട പ്രദക്ഷിണമാണെന്നും ചൂണ്ടിക്കാണിക്കുന്നു.

സാംസ്കാരികാനുരൂപണം (Inculturation) എന്ന വാക്ക് കത്തോലിക്കാസഭയിൽ പലപ്പോഴും ഉപയോഗിക്കുന്ന ഒന്നാണ്. ഒരു പ്രദേശത്തെ സംസ്കാരവുമായി ക്രിസ്തീയവിശ്വാസം അനുരൂപപ്പെടുന്നതിനെ ഇതർഥമാക്കുന്നു. സഭ സ്ഥിതിചെയ്യുന്ന സ്ഥലത്തെ ജനങ്ങളുടെ സംസ്കാരത്തിൽ ആരാധനാഘോഷം (Liturgy) പ്രകാശിപ്പിക്കാനുള്ള പ്രവണത ഉചിതമാണെന്ന് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം സൂചിപ്പിക്കുന്നുണ്ട്. ആരാധനക്രമംതന്നെ സംസ്കാരങ്ങളെ ജനിപ്പിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നുണ്ടെന്നത് വസ്തുതയാണല്ലോ (CCC,1207). എന്നാൽ, ഇതുമായി ബന്ധപ്പെട്ട ശ്രദ്ധേയമായ ഒരു നിരീക്ഷണം ബെനഡിക്ട് മാർപാപ്പാ ഈ ഗ്രന്ഥത്തിൽ പങ്കുവെക്കുന്നുണ്ട്. ലിറ്റർജിയെയും സാംസ്കാരികാനുരൂപണത്തെയുംകുറിച്ചു പറയുമ്പോൾ ഗൗരവതരമായ ഒരു കാര്യമുണ്ട്. ഇന്നു ലിറ്റർജി എവിടെയും സാംസ്കാരികാനുരൂപണത്തിനുള്ള ഒരു പരീക്ഷണശാലയായി മാറിയിരിക്കുന്നു. സാംസ്കാരികാനുരൂപണം എന്നു കേൾക്കുമ്പോൾതന്നെ അതിനെ



**സീറോമലബാർസഭയുടെ തക്സ (Liturgical Text) യാതൊരു തരത്തിലും വിശുദ്ധ കുർബാനയ്ക്കിടെ ഡാൻസോ അതുപോലുള്ള കലാരൂപങ്ങളോ നടത്താൻ അനുവദിക്കുന്നില്ല.**

ലിറ്റർജിയുമായി മാത്രം ബന്ധപ്പെടുത്താനാണ് ആളുകൾ ശ്രമിക്കുന്നത്. ഈ വസ്തുതയാണ് പാപ്പാ ചൂണ്ടിക്കാണിക്കുന്നത്. അതിന്റെ ഫലമായി ലിറ്റർജിയിൽ ദൗർഭാഗ്യകരമായ പല വൈകൃതങ്ങളും കടന്നുകൂടുന്നു.

തങ്ങൾക്കുവേണ്ടിയാണ് ഈ വൈകൃതങ്ങൾ സംഭവിക്കുന്നതെങ്കിലും, വാസ്തവത്തിൽ ആരാധനാസമൂഹം അതിന്റെ പേരിൽ വിഷമിക്കുകയാണ് ചെയ്യുന്നത് (ലിറ്റർജിയുടെ ചൈതന്യം,

ആരോഗ്യം
പല്ലവി തോമസ്

# ചുമച്ചു ചുമച്ച്...

ചുമമരുന്നു കഴിച്ച് മധ്യപ്രദേശിലും രാജസ്ഥാനിലും കുട്ടികൾ മരിച്ച സംഭവം പലരെയും ഞെട്ടിച്ചിട്ടുണ്ട്. ചുമയ്ക്ക് മരുന്നു കഴിക്കുന്നതിനെ ഭയപ്പെടുന്ന അവസ്ഥയിലേക്കുവരെ അതു നമ്മെ കൊണ്ടുചെന്നെത്തിച്ചിരിക്കുന്നു. മരുന്നു കഴിക്കാതെ ചുമമാറുമോ, മരുന്നു കഴിച്ചാൽ അപകടമാകുമോ എന്നൊക്കെയാണ് പലരുടെയും ആശങ്കകൾ.

അതെന്തായാലും വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരവസ്ഥയാണ് ചുമ. ശ്വാസകോശത്തിന്റെ പൊടുന്നനെയുള്ള ചുരുങ്ങലാണ് ചുമ വരുത്തിവെക്കുന്നത്. ചുമയൊരിക്കലും ഒരു രോഗമല്ല, രോഗലക്ഷണമാണ്. എങ്കിലും ചുമ നമ്മളെ വല്ലാതെ ബുദ്ധിമുട്ടിക്കാറുണ്ട്; പ്രത്യേകിച്ചു പൊതുവിടങ്ങളിൽ നില്ക്കുമ്പോൾ. നിർത്താതെ ചുമയ്ക്കുന്നത് ചുമയ്ക്കുന്നവർക്കു മാത്രമല്ല, കണ്ടുനില്ക്കുന്നവർക്കും ബുദ്ധിമുട്ടും അസ്വസ്ഥതയും ഉണ്ടാക്കുന്നു.

പക്ഷേ ചുമ ഇപ്പോൾ പൊതുവെ ഉയർന്ന തോതിൽ കണ്ടുവരുന്നുണ്ട്. പ്രത്യേകിച്ച്, പനി വന്നു സുഖമായിട്ടും വിട്ടുമാറാതെ തുടരുന്ന ചുമ. രണ്ടാഴ്ചയിലേറെ നീണ്ടുനില്ക്കുന്ന ഇത്തരം ചുമ ശ്രദ്ധിക്കണം. റ്റി ബി പോലുള്ള രോഗങ്ങളുടെ ലക്ഷണമാവാം ഇത്തരത്തിലുള്ള ചുമ.

പുറം 209). കേവലം ബാഹ്യമായ രൂപഭാവങ്ങളിലുള്ള മാറ്റം സാംസ്കാരികാനുരൂപണമല്ലെന്നു മാത്രമല്ല, സാംസ്കാരികാനുരൂപണം എന്ന വിഷയത്തെപ്പറ്റി ഏറെ തെറ്റിദ്ധാരണയ്ക്ക് അതു വഴിതെളിക്കുമെന്ന മുന്നറിയിപ്പും മാർപാപ്പാ നല്കുന്നു. തികച്ചും ബാഹ്യവും ഉപരിപ്ലവവുമായ രീതിയിൽ മറ്റു മതങ്ങളിലെ ആരാധനാരൂപങ്ങൾ കടമെടുക്കുന്നതിനെക്കുറിച്ചാണ് അദേഹം ഇവിടെ സൂചിപ്പിക്കുന്നത്. ഈ പശ്ചാത്തലത്തിൽ വേണം, സീറോ മലബാർസഭയിൽ 1980കളിൽ ചിലർ തുടങ്ങിവെച്ച 'ഭാരതപൂജ'യെക്കുറിച്ചു ചിന്തിക്കാൻ. ഭാരതപൂജ, Mini Mass, Short Mass തുടങ്ങിയ പേരുകളിൽ നടത്തിയ ഈ ആരാധനക്രമപരീക്ഷണങ്ങൾ, ലിറ്റർജിയുടെ ശരിയായ ചൈതന്യത്തിനും ലക്ഷ്യത്തിനും എതിരായിരുന്നതുകൊണ്ട് വത്തിക്കാൻതന്നെ പിന്നീടു നിരോധിക്കുകയുണ്ടായി.

സാംസ്കാരികാനുരൂപണം എന്ന പേരിൽ ആരാധനക്രമത്തിൽ അനുവദനീയമല്ലാത്ത കാര്യങ്ങൾ ചെയ്യുന്നത് തീർച്ചയായും ആരാധനക്രമപരമായ അപഭ്രംശമാണ് (Liturgical aberration). സഭയുടെ പ്രബോധനാധികാരം എപ്പോഴും ഇത്തരം അപഭ്രംശങ്ങൾക്കെതിരെ മുന്നറിയിപ്പു നല്കിയിട്ടുണ്ട്. സാംസ്കാരികാനുരൂപണം



വിശ്വാസത്തിന്റെ മഹാരഹസ്യങ്ങളെ സഭയോടു ചേർന്നു നിന്നുകൊണ്ട്
ആഘോഷിക്കുന്ന മഹത്തായ വേദിയാണ് വിശുദ്ധ കുർബാന.



എന്നാൽ ഇവിടെ പരാമർശിക്കുന്ന, പനിക്കു ശേഷമുള്ള ചുമ യുടെ കാരണം അതൊന്നുമല്ല. അഡിനോ വൈറസ്, റെസ്പി റേറ്ററി സിൻസിഷ്യൽ വൈറസ് എന്നിവ ശ്വാസകോശനാളികളെ ബാധിക്കുന്നതു മൂലമുണ്ടാകുന്ന അണുബാധയാണ് ഇപ്പോൾ കാണുന്ന വിട്ടുമാറാത്ത ചുമയ്ക്കു കാരണം.

പൊടിപടലങ്ങൾ നിറഞ്ഞ തണുത്ത അന്തരീക്ഷമാണ് അതിൽ മുഖ്യപങ്കുവഹിക്കുന്നത്. തണുപ്പുകാലത്ത് അന്തരീക്ഷത്തിൽ തങ്ങിനില്ക്കുന്ന പൊടിപടലങ്ങൾ ശരീരത്തിന്റെ പ്രതിരോധശേ ഷി കുറയ്ക്കുകയും ചുമ വർധിപ്പിക്കുകയും ചെയ്യുന്നു. ചുമ നീ ണ്ടുനില്ക്കുമ്പോൾ അല്ലെങ്കിൽ തുടർച്ചയായി ചുമയ്ക്കുമ്പോൾ കടുത്ത ക്ഷീണം അനുഭവപ്പെടുകയും, ജോലിയിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കാതെ വരികയും ചെയ്യാം. ചിലർക്കാകട്ടെ, ചുമയ്ക്കുമ്പോൾ അറിയാതെ മൂത്രം പോകുകയും ചെയ്യും. ഇതൊക്കെ മാനസികമായിക്കൂടി വ്യക്തികളെ ബാധിക്കുന്ന ചില പ്രശ്നങ്ങളാണ്.

ചുമ നീണ്ടുപോകുമ്പോൾ അതിനെ അവഗണിക്കാതിരിക്കുക; പ്രത്യേകിച്ച് പ്രമേഹം, ബിപി, ശ്വാസകോശസംബന്ധമായ രോഗങ്ങൾ എന്നിവ ഉള്ളവർ. വില്ലൻചുമ എന്ന രീതി യിൽ സംശയിക്കേണ്ട ചില ചുമകളുമുണ്ട്. അതുകൊണ്ട് ചുമയുടെ കാരണം കണ്ടെത്തി ചികിത്സിക്കുക. ചുമയെ ചുമയുടെ പാട്ടിനു വിടാതെ പിടിച്ചുകെട്ടുക.

നടക്കേണ്ടത് ക്രിസ്തീയസംസ്കാരത്തെ അതിന്റെ എല്ലാ മാനങ്ങളിലും അനാവ രണം ചെയ്തുകൊണ്ടായിരിക്കണം എന്ന ശ്രദ്ധേയമായ നിരീക്ഷണവും ബെനഡിക്ട് മാർപാപ്പാ നടത്തുന്നു. ഈ ക്രിസ്തീയസം സ്കാരം പരസ്പര സഹകരണത്തിന്റെയും സാമൂഹിക അവബോധത്തിന്റെയും പാ വങ്ങളോടുള്ള പരിഗണനയുടെയും സംസ്കാരമാണ്.

ഈ പശ്ചാത്തലത്തിലാണ് വിശുദ്ധ കുർബാനയ്ക്കിടെയുള്ള ഡാൻസിനെ മന സിലാക്കേണ്ടത്. സീറോമലബാർസഭയു ടെ തക്സ (Liturgical Text) യാതൊരു തരത്തിലും വിശുദ്ധ കുർബാനയ്ക്കിടെ ഡാൻസോ അതുപോലുള്ള കലാരൂപങ്ങ ളോ നടത്താൻ അനുവദിക്കുന്നില്ല. മാത്രമല്ല, അംഗീകൃതമായ ഗാനങ്ങളും രീതികളും മാത്രമേ വിശുദ്ധ കുർബാനയിൽ ഉപയോ ഗിക്കാവൂ എന്നു നിർദേശിക്കുന്നുമുണ്ട് (സീറോമലബാർസഭയുടെ കുർബാനക്രമം സംബന്ധിക്കുന്ന പൊതുനിർദേശങ്ങൾ, No.16). ലത്തീൻ സഭയും ആരാധന ക്രമത്തിലെ സാംസ്കാരികാനുരൂപ ണത്തെക്കുറിച്ച് വ്യക്തമായ നിർദേശങ്ങൾ നല്കുന്നുണ്ട്. ജനങ്ങളുടെ സംസ്കാ രത്തിൽ വിശ്വാസം ജന്മമെടുക്കുമ്പോൾ കലയും വാസ്തുവിദ്യയും വിശ്വാസത്തിന്റെ ആധികാരികമായ പ്രകാശനമായി രൂപ പ്പെടുമെന്ന് ഇതുമായി ബന്ധപ്പെട്ട രേഖ ചൂണ്ടിക്കാണിക്കുന്നു. 'When faith is incarnate in the culture of a people, then art and architecture will become an authentic expression of the faith articulated in the context of people and cultures who receive the gospel' (Directives for the Celebration of the Liturgy, Conference of Catholic Bishops of India, 2016, p.35). അതിനാൽ വിശുദ്ധ കുർബാനയെ കേവലം പരീക്ഷണങ്ങൾ നടത്തുന്ന വേദിയാക്കി മാറ്റുന്ന പ്രവണതയിൽനിന്ന് ബന്ധപ്പെട്ടവർ പിന്തിരിയേണ്ടതുണ്ട്. വിശ്വാസത്തിന്റെ മഹാരഹസ്യങ്ങളെ സഭയോടു ചേർന്നു നി ന്നുകൊണ്ട് ആഘോഷിക്കുന്ന മഹത്തായ വേദിയാണ് വിശുദ്ധ കുർബാന. ഭാഗ്യസ്മരണാ ർഹനായ ജോൺപോൾ രണ്ടാമൻ മാർപാപ്പാ ചാക്രികലേഖനത്തിൽ പറയുന്ന വാക്കുകൾ ഏറെ അർഥവത്താണ്: 'ലിറ്റർജി ഒരിക്കലും ആരുടെയും സ്വകാര്യസ്വത്തല്ല; ആഘോ ഷിക്കുന്ന കാർമികന്റെയോ രഹസ്യങ്ങൾ ആഘോഷിക്കപ്പെടുന്ന സമൂഹത്തിന്റെയോ സ്വത്തല്ല' (Ecclesia de Eucharistia, No.52). ○

ലെയോ പതിനാലാമൻ പാപ്പാ

# ദൈവാനുഗ്രഹങ്ങളെ തിരിച്ചറിയുക

**നമ്മുടെ കഴിവുകൾ ചെറുതായിരിക്കാം. പക്ഷേ, ദൈവകരങ്ങളിൽ വലിയ അദ്ഭുതങ്ങൾ പ്രവർത്തിക്കാൻ അതു പര്യാപ്തമാണ്.**

മനുഷ്യൻ പരിമിതികളുടെ മധ്യേ വലയുമ്പോൾ ദൈവം അവന്റെ മേൽ കരുണയും സൗഖ്യവും വർഷിക്കുന്ന അനുഭവങ്ങൾ ഒരു വശത്ത്. മറുവശത്തോ, കൃപകൾ മറന്നു ജീവിക്കുന്ന മനുഷ്യരുടെ നന്ദിയില്ലായ്മ വെളിപ്പെടുന്ന സന്ദർഭങ്ങൾ. ദൈവത്തിന്റെ നിരുപാധിക സ്നേഹം, മനുഷ്യന്റെ നന്ദിയില്ലാത്ത ഹൃദയം തുടങ്ങിയ കാര്യങ്ങൾ ധ്യാനവിഷയമാക്കുന്നത് നല്ലതാണ്.

## എളിയവരോടുള്ള ദൈവത്തിന്റെ അളവറ്റ കരുണ

എളിയവരോടും സാധാരണക്കാരോടും ദൈവം കാണിക്കുന്ന അളവറ്റ കരുണയെക്കുറിച്ചു ആദ്യമായി ധ്യാനിക്കാം. രാജാക്കന്മാരുടെ രണ്ടാംപുസ്തകം അഞ്ചാം അധ്യായത്തിൽ പരാമർശിക്കുന്ന നാമാന്റെ ജീവിതം ദൈവകരുണയുടെ മഹത്തായ ഉദ്ഘോഷണമാണ്.

സിറിയായിലെ ശക്തനായ സൈന്യാധിപനായിരുന്നു നാമാൻ. എന്നാൽ അദേഹത്തെ കുഷ്ഠരോഗം ബാധിക്കുന്നു. അക്കാലത്ത് വലിയ ശാപമായും, സാമൂഹികഭ്രഷ്ടിനു നിമിത്തമായും കുഷ്ഠരോഗത്തെ കണ്ടിരുന്നു. ഈ വലിയ സൈന്യാധിപന്റെ സൗഖ്യത്തിന് ഒരു കൊച്ചു ദാസിപ്പെൺകുട്ടിയുടെ നിഷ്കളങ്കമായ വാക്കുകളാണു വഴിതെളിക്കുന്നത്. ഇസ്രായേൽക്കാരിയായ അവൾ, തന്റെ യജമാനനോട് എലീഷാ പ്രവാചകനെക്കുറിച്ചു പറയുന്നു.

നാമാൻ ഔദ്യോഗിക പദവികൾ മാറ്റിവെച്ച് എലീഷായുടെ അടുത്തെത്തി. എന്നാൽ എലീഷാ നേരിട്ടു വരാതെ ദൂതൻ മുഖാന്തരം, ജോർദാൻ നദിയിൽ ഏഴു പ്രാവശ്യം മുങ്ങിക്കുളിക്കാൻ നാമാനോട് ആവശ്യപ്പെട്ടു. നാമാൻ ആദ്യം കോപിച്ചെങ്കിലും, ഭൃത്യന്മാരുടെ നിർബന്ധംമൂലം എലീഷായുടെ വാക്കുകൾ അനുസരിച്ചു. ജോർദാൻ നദിയിൽ ഏഴുപ്രാവശ്യം മുങ്ങിക്കുളിച്ചപ്പോൾ അദേഹത്തിന്റെ ശരീരം ഒരു പിഞ്ചുകുഞ്ഞിന്റേതുപോലെ സൗഖ്യംനേടി.

ഈ സംഭവം പല പാഠങ്ങളും നല്കുന്നുണ്ട്: ഒന്ന്, ദൈവം മുഖം നോക്കാതെ കരുണ കാണിക്കുന്നു. നാമാൻ ഒരു വിജാതീയനും, ഇസ്രായേലിന്റെ ശത്രുവായിരുന്ന സിറിയായുടെ സൈന്യാധിപനുമാണ്. എന്നിട്ടും ദൈവം അവനോടു കരുണ കാണിച്ചു. ദൈവത്തിന്റെ സ്നേഹം ജാതി, മത, വർണ വ്യത്യാസമില്ലാതെ എല്ലാവർക്കുമുള്ളതാണെന്ന സത്യമാണ് ഇതു വെളിപ്പെടുത്തുന്നത്.

രണ്ട്, എളിയവരെയാണ് ദൈവം തന്റെ പ്രവൃത്തികൾക്കായി നിയോഗിക്കുന്നത്. ഇവിടെ ഒരു കൊച്ചു ദാസിപ്പെൺകുട്ടിയെ നാമാന്റെ സൗഖ്യത്തിന് ദൈവം നിമിത്തമാക്കുന്നു. നമ്മുടെ കഴിവുകൾ ചെറുതായിരിക്കാം. പക്ഷേ, ദൈവകരങ്ങളിൽ വലിയ അദ്ഭുതങ്ങൾ പ്രവർത്തിക്കാൻ അതു പര്യാപ്തമാണ്.

മൂന്ന്, വിശ്വാസത്തിന്റെ പ്രാധാന്യം ഇവിടെ എടുത്തു കാണിക്കുന്നുണ്ട്. എലീഷായുടെ വാക്കുകൾ അസാധാരണമായി തോന്നിയെങ്കിലും, നാമാൻ വിശ്വസിച്ച്

**നന്ദി പറയുന്നത് കേവലം ഒരു കടമ മാത്രമല്ല, നമ്മുടെ ജീവിതത്തിൽ സന്തോഷവും സമാധാനവും നിറയ്ക്കുന്ന പ്രവൃത്തികൂടിയാണ്.**

അനുസരിച്ചപ്പോഴേ സൗഖ്യം ലഭിക്കുന്നുള്ളൂ. വിശ്വാസം നമ്മുടെ ജീവിതത്തിൽ അദ്ഭുതങ്ങൾ കൊണ്ടുവരും. വിശ്വസിക്കാത്ത ഒരാൾക്ക്, അദ്ഭുതങ്ങൾ സംഭവിക്കുമെങ്കിലും, അതിൽ ദൈവകരം തിരിച്ചറിയാൻ കഴിയാതെ പോകുന്ന നിർഭാഗ്യകരമായ അവസ്ഥയുണ്ടാകും.

ഈ ലോകത്തിൽ, സമ്പത്തും അധികാരവും സ്ഥാനമാനങ്ങളും ഉള്ളവരെയാണ് സമൂഹം സാധാരണ ശ്രദ്ധിക്കാറുള്ളത്. ഈ പ്രലോഭനം നമ്മുടെയും ജീവിതത്തിൽ കടന്നെത്താം. വലുതിനു സ്ഥാനം കൊടുത്ത് ചെറുതിനെ വിസ്മരിക്കുന്ന മനുഷ്യപ്രകൃതം. നമ്മുടെ ദൈവം അങ്ങനെയല്ല. അവിടുന്ന് അശരണരെയും വേദനിക്കുന്നവരെയും ഒറ്റപ്പെട്ടവരെയും സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേക്കു തള്ളപ്പെട്ടവരെയും സ്നേഹിക്കുന്നു. അവിടുത്തെ കരുണയുടെ ആഴം ആർക്കും അളന്നറിയാനാവില്ല.

**ദൈവത്തോട് നന്ദി പറയാൻ മറക്കരുത്**

നമ്മുടെ ഹൃദയത്തിൽനിന്ന് നന്ദി ഒരിക്കലും മാഞ്ഞുപോകരുത്. ഈശോ പത്ത് കുഷ്ഠരോഗികളെ സുഖപ്പെടുത്തുന്ന സംഭവം (ലൂക്കാ 17:11-19) ഇതിന് ഉദാഹരണമായെടുക്കാം. സമരിയായും ഗലീലിയും കടന്നുപോകുമ്പോൾ, പത്ത് കുഷ്ഠരോഗികൾ അവനെ കണ്ടുമുട്ടി. അവർ ദൂരെനിന്നു നിലവിളിച്ച്, 'ഈശോയേ ഗുരോ, ഞങ്ങളിൽ കനിയണമേ' എന്നു പറഞ്ഞു. പുരോഹിതന്മാരുടെ അടുത്തു പോയി നിങ്ങളെത്തന്നെ കാണിക്കാൻ ഈശോ അവരോട് ആവശ്യപ്പെട്ടു. പോകുന്ന വഴിയിൽവെച്ച് അവർ സുഖംപ്രാപിച്ചു.

സൗഖ്യം ലഭിച്ചവരിൽ ഒൻപതു പേരും തങ്ങളുടെ വഴിക്കു പോയി. അവരിൽ ഒരു സമരിയാക്കാരൻ മാത്രം, തനിക്കു സൗഖ്യം ലഭിച്ചു എന്നു കണ്ടപ്പോൾ, ഉച്ചത്തിൽ ദൈവത്തെ മഹത്വപ്പെടുത്തി തിരിച്ചുവന്നു. അവൻ ഈശോയുടെ കാൽക്കൽ സാഷ്ടാംഗം പ്രണമിച്ച് നന്ദിപറഞ്ഞു. ഈശോ ചോദിച്ചു: 'പത്തുപേർക്കല്ലേ സൗഖ്യം ലഭിച്ചത്? മറ്റ് ഒൻപതു പേർ എവിടെ? ദൈവത്തിനു നന്ദിയർപ്പിക്കുവാൻ ഈ വിജാതീയനല്ലാതെ മറ്റാരും തിരിച്ചുവന്നില്ലേ?'

ഈ സംഭവം പല കാര്യങ്ങളും പഠിപ്പിക്കുന്നു. മനുഷ്യന്റെ സ്വാർഥതയാണ് അതിൽ ഒന്നാമത്തേത്. സൗഖ്യം ലഭിച്ചപ്പോൾ, തങ്ങളുടെ ആവശ്യം കഴിഞ്ഞു എന്ന് മറ്റുള്ള ഒൻപതു പേരും കരുതി. സൗഖ്യം നല്കിയ ദൈവത്തെ മറന്നു. നമ്മുടെ



ജീവിതത്തിലും ഇങ്ങനെ സംഭവിക്കാം. എന്തെങ്കിലും അത്യാവശ്യം വരുമ്പോൾ ദൈവത്തോട് അപേക്ഷിക്കും. ആവശ്യം നിറവേറി കഴിയുമ്പോൾ, ദൈവത്തിനു നന്ദിപറയാൻ മറക്കും. പിന്നീട് ദൈവവിചാരമില്ലാതെ ജീവിക്കയും ചെയ്യും. അപ്പോഴൊക്കെ ഈശോയുടെ ചോദ്യം നമ്മുടെ കാതുകളിൽ അലയടിക്കണം, 'ദൈവത്തിനു നന്ദിയർപ്പിക്കാൻ ഈ വിജാതീയനല്ലാതെ മറ്റാരും തിരിച്ചുവന്നില്ലേ?'

നന്ദി പറയാനുള്ള മനസുണ്ടാവുക എന്നതാണ് രണ്ടാമത്തെ കാര്യം. രോഗശാന്തി ലഭിച്ച ശമരിയാക്കാരൻ, തനിക്കു ലഭിച്ച സൗഖ്യത്തിന് ദൈവത്തോടു നന്ദി പറയാൻ മനസുതുറന്നു. ദൈവത്തോടുള്ള സ്നേഹം പ്രകടിപ്പിക്കാൻ നമുക്കുള്ള ഏറ്റവും മനോഹരമാർഗമാണ് നന്ദിയുള്ള ഹൃദയം. ശരീരത്തിനാണ് സുഖം ലഭിച്ചത്. പക്ഷേ, അവിടെ ഒരു ആലോചനയുടെ ആവശ്യം കർത്താവ് എടുത്തു പറയുന്നു. ആരിൽനിന്നാണ് സൗഖ്യം ലഭിച്ചതെന്നു തിരിച്ചറിയുക, അവനോട് കൃതജ്ഞത ഉള്ളവരായിരിക്കുക എന്നതാണ് ആലോചന.

ഈ ആലോചനയിൽ നിന്നും അനുഗ്രഹങ്ങളെ തിരിച്ചറിയുക എന്നതാണ് മൂന്നാമത്തെ കാര്യം. നമുക്കു ലഭിക്കുന്ന ഓരോ കാര്യവും ദൈവാനുഗ്രഹമാണ്. നല്ല ആരോഗ്യം, കുടുംബം, ജോലി, ഭക്ഷണം, വെള്ളം... ഇതെല്ലാം ദൈവദാനങ്ങളാണല്ലോ. ഈ അനുഗ്രഹങ്ങളെ തിരിച്ചറിഞ്ഞ് നന്ദിപറയണം. സന്തോഷങ്ങളിൽ മാത്രമല്ല, ദുഃഖങ്ങളിലും ദൈവപരിപാലനയിൽ വിശ്വസിക്കണം. ഇതാണ് പുണ്യാത്മാക്കളുടെ ജീവിതമാതൃക. നന്ദി പറയുന്നത് കേവലം ഒരു കടമ മാത്രമല്ല, ജീവിതത്തിൽ സന്തോഷവും സമാധാനവും നിറയ്ക്കുന്ന പ്രവൃത്തികൂടിയാണ്. നന്ദിയുള്ള ഹൃദയമാണ് ദൈവത്തിനു പ്രിയപ്പെട്ട യാഗം. ○

നടുത്തളം
GLOBAL NEWS

## ഗാസായിൽ ആശുപത്രി തുടങ്ങാൻ ഇറ്റാലിയൻ സഭ

ഗാസായിൽ സഹനങ്ങളിലൂടെയും ദുരിതങ്ങളിലൂടെയും കടന്നുപോകുന്ന സാധാരണ ജനത്തിനും, അവിടെയുള്ള പ്രാദേശികസഭയ്ക്കും തങ്ങളുടെ സാമീപ്യവും സഹായവുമറിയിച്ച് ഇറ്റലിയിലെ കത്തോലിക്കാസഭ. വിശുദ്ധ നാട് സന്ദർശന വേളയിൽ ഇറ്റാലിയൻ മെത്രാൻ സമിതി സെക്രട്ടറി ജനറലും കാല്യരി മെത്രാപ്പോലീത്തായുമായ ആർച്ചുബിഷപ്പ് ജ്യുസേപ്പേ ബത്തൂരി, ജറുസലേമിലെ ലത്തീൻ പാത്രിയർക്കേറ്റിന്റെ കൂടി സഹകരണത്തോടെ ഗാസായിൽ പുതിയൊരു ആശുപത്രി തുറക്കാൻ പദ്ധതിയിടുകയാണെന്ന് അറിയിച്ചു.

ജറുസലേമിലെ ലത്തീൻ പാത്രിയർക്കീസ് കർദിനാൾ പിയർ ബാത്തിസ്ത പിസബാല്ല നയിക്കുന്ന വിശുദ്ധ നാട്ടിലെ സഭയോടുള്ള ഇറ്റാലിയൻ സഭയുടെ സാഹോദര്യവും ഐക്യദാർഢ്യവും അറിയിക്കുന്നതിനാണ് താൻ ഈ യാത്ര നടത്തിയതെന്ന് ആർച്ചുബിഷപ്പ് ബത്തൂരി വ്യക്തമാക്കി. മാത്രമല്ല, മെച്ചപ്പെട്ട ഒരു ലോകത്തെക്കുറിച്ചുള്ള പ്രത്യാശയും, മനുഷ്യാന്തസിനെ ചവിട്ടിമെതിക്കുന്ന അന്യായമായ അതിക്രമങ്ങളിലുള്ള പ്രതിഷേധവും അറിയിക്കാൻകൂടി ഈ യാത്ര ലക്ഷ്യമിടുന്നു. അന്യായമായ ആക്രമണങ്ങൾ ഇല്ലാതാകണം. ബന്ദികൾ വിട്ടയക്കപ്പെടണം. നമുക്ക് അംഗീകരിക്കാനോ മനസിലാക്കാനോ സാധിക്കാത്തതരത്തിൽ ശിക്ഷിക്കപ്പെടുന്ന ഒരു ജനതയ്ക്കു നേരെയുള്ള ആക്രമണങ്ങൾ അവസാനിക്കട്ടെയെന്നും അദേഹം കൂട്ടിച്ചേർത്തു.

ഗാസായിൽ ഒരു ആശുപത്രി തുറക്കാൻ പദ്ധതിയിടുന്നതിനു പ്രചോദനം, ഞങ്ങളുടെ വിശ്വാസവും പ്രത്യാശയുമാണ്. ഇത്തരം അക്രമങ്ങളെ അപലപിക്കാനും, വ്യക്തമായ സഹായസഹകരണം നല്കാനും അതു ഞങ്ങളോട് ആവശ്യപ്പെടുന്നു. കുടുംബങ്ങൾക്ക് പിന്തുണയും സഹായങ്ങളും നല്കാനും, ഭക്ഷണസാധനങ്ങൾ ആവശ്യപ്പെട്ട ഇടങ്ങളിൽ അതെത്തിക്കാനും സഭ ശ്രമിക്കുകയാണ്. യുവജനങ്ങൾക്ക് അഭയകേന്ദ്രങ്ങളൊരുക്കി വിദ്യാഭ്യാസം നല്കാനും, അതുവഴി സമാധാനത്തിന്റെ ശക്തി ഉയർത്തിക്കൊണ്ടുവരാനുമാണ് തങ്ങൾ ശ്രമിക്കുന്നതെന്ന് അദേഹം വ്യക്തമാക്കി.

ഇറ്റലിയിലെ മെത്രാൻസമിതിയുടെ പ്രതിനിധികൾക്ക് വിശുദ്ധനാട്ടിലേക്കു തീർഥാടനം നടത്താനുള്ള സാധ്യതകളെക്കുറിച്ച് പഠിക്കാൻ കൂടിയായിരുന്നു ആർച്ചുബിഷപ്പ് ബത്തൂരിയുടെ സന്ദർശനം. ഇത്തരം തീർഥാടനങ്ങൾ, സ്ഥലസന്ദർശനങ്ങൾക്കുള്ള അവസരം മാത്രമല്ല, പ്രദേശത്തെ ജനതകളോടുള്ള ബന്ധം ആഴപ്പെടുത്താൻ സഹായിക്കുമെന്ന് കർദിനാൾ പിസബാല്ല വിശദീകരിച്ചു.



## സാഗ്രഡ ഫമിലിയ ലോകത്തിലെ ഏറ്റവും ഉയരം കൂടിയ ദേവാലയം

ലോകത്തിലെ ഏറ്റവും ഉയരം കൂടിയ ദേവാലയമായി സ്പെയിനിലെ സാഗ്രഡ ഫമിലിയ ഉടൻ മാറും. നിർമാണം തുടരുന്ന സാഗ്രഡ ഫമിലിയ ദേവാലയത്തിന്റെ മധ്യഭാഗത്തെ 'യേശുവിന്റെ ഗോപുരം' (172.5 മീറ്റർ ഉയരം) പൂർത്തിയാകുന്നതോടെയാണ് ബസിലിക്ക ലോകത്തെ എല്ലാ ദേവാലയങ്ങളെയും മറികടന്ന് ഏറ്റവും ഉയരമുള്ള ദേവാലയമായി മാറുക. ജർമനിയിലെ ഉലം മിൻസ്റ്റർ ദേവാലയമാണ് നിലവിൽ (161.5 മീറ്റർ ഉയരം) ഏറ്റവും ഉയരമുള്ള ദേവാലയം.

155 മീറ്റർ (508 അടി) പിന്നിട്ട 'യേശുവിന്റെ ഗോപുര'ത്തിന്റെ പിൻബലത്തിൽ സാഗ്രഡ ഫമിലിയ ബാഴ്സലോണയിലെ ഏറ്റവും ഉയരം കൂടിയ ദേവാലയമായി ഇടംപിടിച്ചു കഴിഞ്ഞു. 2025 അവസാനമോ 2026ന്റെ തുടക്കത്തിലോ നിർമാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

ദൈവരഹസ്യത്തെ മഹത്വപ്പെടുത്തുന്ന



വിശുദ്ധ കല 'സത്യവും മനോഹരവുമാണ്' എന്നു സഭ പഠിപ്പിക്കുന്നു (CCC 2502). അതിമനോഹരമായ ദേവാലയ വാസ്തുശില്പകലയുടെ മകുടമാണ് ഈ ദേവാലയം. ദൈവമഹത്വം വിളിച്ചോതുന്ന സാഗ്രഡ ഫമിലിയ ബസിലിക്കയുടെ നിർമാണം പൂർത്തീകരിച്ച് ബലിയർപ്പണത്തിൽ പങ്കെടുക്കാനും പ്രാർഥിക്കാനും സാധിക്കുന്ന നിമിഷത്തിനായി കാത്തിരിക്കുകയാണ് ബാഴ്സിലോണയിലെ ജനങ്ങൾ.

## മിഷനറീസ് ഓഫ് ചാരിറ്റി 75ന്റെ നിറവിൽ

വി. മദർ തെരേസ സ്ഥാപിച്ച മിഷനറീസ് ഓഫ് ചാരിറ്റി, സേവനത്തിന്റെയും കാരുണ്യത്തിന്റെയും 75 വർഷങ്ങൾ പൂർത്തിയാക്കി. സ്ഥാപകദിനം കൊൽക്കത്തയിലെ മദർ ഹൗസിൽ ആഘോഷിച്ചു.

വി. മദർ തെരേസയുടെ ശവകുടീരം സ്ഥിതിചെയ്യുന്ന ചാപ്പലിൽ കൊൽക്കത്ത ആർച്ചുബിഷപ്പ് ഏലിയാസ് ഫ്രാങ്ക് വിശുദ്ധ കുർബാന അർപ്പിച്ചു. അതിരൂപത ചാൻസലർ ഫാ. ഡൊമിനിക് ഗോമസ്, സുപ്പീരിയർ ഫാ. ബെഞ്ചമിൻ എംസി തുടങ്ങിയവർ സഹകാർമികരായിരുന്നു.



തുടർന്നു നടന്ന ജന്മദിനസമ്മേളനത്തിൽ ആർച്ചുബിഷപ്പ് ഏലിയാസ് ഫ്രാങ്ക്, ഡെറക് ഒബ്രിയൻ എംപി, സുപ്പീരിയർ ജനറൽ സിസ്റ്റർ മേരി ജോസഫ് എംസി തുടങ്ങിയവർ പ്രസംഗിച്ചു.

മദർ ഹൗസിനു പുറത്ത് സ്ഥാപിച്ച വി. മദർ തെരേസയുടെ പുതിയ ശില്പം, പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജിയെ പ്രതിനിധീകരിച്ച് ഡെറക് ഒബ്രിയൻ എം.പി അനാച്ഛാദനം ചെയ്തു. വടക്കൻ ബംഗാളിലെ പ്രകൃതിദുരന്തങ്ങൾ കാരണമാണ് മമത ബാനർജിക്ക് പങ്കെടുക്കാൻ കഴിയാതെ വന്നത്. വി. മദർ തെരേസ, അടുത്തേക്ക് ഓടിവരുന്ന ഒരു കൊച്ചുപെൺകുട്ടിയുടെ കൈ പിടിച്ചിരിക്കുന്ന രീതിയിലാണ് ശില്പം.

മുതിർന്ന പത്രപ്രവർത്തകൻ ആന്റോ അക്കര നിർമിച്ച 'മദർ തെരേസ-പ്രോഫെറ്റ് ഓഫ് കംപാഷൻ' എന്ന ഡോക്യുമെന്ററിയുടെ പ്രീമിയർ സ്ക്രീനിംഗും നടന്നു. 1995ൽ മദർ തെരേസയുമായുള്ള ആന്റോ അക്കരയുടെ അഭിമുഖത്തിൽ നിന്നുള്ള അപൂർവസംഭവങ്ങളും ഡോക്യുമെന്ററിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ○

റവ. ഡോ. ജോസ് ചേന്നാട്ടുശേരി സിഎംഐ *(വൈസ് ചാൻസിലർ, ക്രൈസ്റ്റ് യൂണിവേഴ്സിറ്റി, ബാംഗ്ലൂർ)*

# പ്രത്യാശയുടെ സുവിശേഷസാക്ഷ്യം

**വളർന്ന സാഹചര്യങ്ങളിൽ ചുരുങ്ങിപ്പോയ ചരിത്രമല്ല, സ്വയം മുറിച്ചുനല്കിയും പങ്കുവെച്ചും ആശ്വസിപ്പിച്ചും വളർത്തിയ സാക്ഷ്യമാണ് ചങ്ങനാശേരി അതിരൂപതയുടേത്.**

വിശ്വാസചൈതന്യത്തിന്റെയും വിശുദ്ധ പാരമ്പര്യങ്ങളുടെയും കറകളഞ്ഞ സാക്ഷ്യമാണ് ചങ്ങനാശേരി അതിരൂപത. സഭയ്ക്കും സമൂഹത്തിനും അതിരൂപത നല്കിക്കൊണ്ടിരിക്കുന്ന സംഭാവനകൾ അസംഖ്യമത്രേ. പ്രതിസന്ധികൾക്കു നടുവിൽ ഈശോയ്ക്കൊപ്പം മരിക്കാൻ തയാറാണെന്നു സധൈര്യം പറഞ്ഞ മാർ തോമാശ്ലീഹായുടെ വിശ്വാസചൈതന്യമാണ് അതിരൂപതയുടെ സിരകളിലൂടെ ഒഴുകുന്നത്. നീതിയിലും വിശ്വസ്തതയിലും തിരുക്കുടുംബത്തെ പരിപാലിച്ച മാർ യൗസേപ്പിതാവാണ് മധ്യസ്ഥൻ. പരിശുദ്ധ അമ്മയുടെ പ്രത്യേക സംരക്ഷണം വിശ്വാസവളർച്ചയുടെ പടവുകളോരോന്നിലും നാം അനുഭവിച്ചറിയുന്നു. ചുരുക്കത്തിൽ, ഏറെ ഭാഗ്യപ്പെട്ട ഒരു ആരാധനാസമൂഹമാണ് ചങ്ങനാശേരി അതിരൂപത.

### പ്രവാചകദൗത്യം

2025 ആഗോള കത്തോലിക്കാസഭയിൽ പ്രത്യാശയുടെ ജൂബിലിവർഷമായി ആചരിക്കുമ്പോൾ പ്രത്യാശയുടെ തീർഥാടകരാകാനാണ് പരിശുദ്ധ ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്തത്. തീർഥാടകസഭയിൽ പ്രത്യാശയുടെ ദൂതുമായി സഞ്ചരിക്കാനുള്ള വിളി പ്രവാചകദൗത്യത്തോടെ സ്വീകരിക്കാനും പ്രവൃത്തിപഥത്തിലെത്തിക്കാനും ചങ്ങനാശേരി അതിരൂപതയ്ക്കു സാധിച്ചിട്ടുണ്ട്. വളർന്ന സാഹചര്യങ്ങളിൽ ചുരുങ്ങിപ്പോയ ചരിത്രമല്ല, സ്വയം മുറിച്ചുനല്കിയും പങ്കുവെച്ചും ആശ്വസിപ്പിച്ചും വളർത്തിയ സാക്ഷ്യമാണ് നമ്മുടേത്. അതിന്റെ മികവുറ്റ ഉദാഹരണങ്ങളാണ് ഇന്നത്തെ പാലാ, കാഞ്ഞിരപ്പള്ളി, തക്കല രൂപതകളും, ആഗ്രാ, ഇറ്റാവാ, ജയ്പൂർ മിഷനുകളും. ഈ കാലയളവുകളിൽ ദൈവം തന്റെ ഹൃദയത്തിനിണങ്ങിയ അജപാലകരെയും സമർപ്പിതസഹോദരങ്ങളെയും അതിരൂപതയ്ക്കു നല്കി.

ക്രാന്തദർശിയായിരുന്ന ലെവീഞ്ഞ് പിതാവ്, വേദപഠനത്തിന്റെ സജീവ വക്താവായിരുന്ന മാക്കിൽ പിതാവ്, പരിശുദ്ധ കുർബാനയുടെ പ്രേക്ഷിതനായിരുന്ന കുര്യാളശേരി പിതാവ്, വിദ്യാഭ്യാസസ്വാതന്ത്ര്യത്തിന്റെ സന്ദേശം പകർന്ന കാളാശേരി പിതാവ്, കരുണയുടെ ആൾരൂപമായിരുന്ന കാവുകാട്ട് പിതാവ്, ജനഹൃദയങ്ങളെ ലാളിത്യം കൊണ്ടു വശീകരിച്ച പടിയറ പിതാവ്, സഭാസ്നേഹത്തിന്റെ മകുടോദാഹരണമായിരുന്ന പവ്വത്തിൽ പിതാവ്, ആത്മീയതയുടെ ആന്തരികസൗന്ദര്യം പ്രസരിപ്പിച്ച പെരുന്തോട്ടം പിതാവ്, ദൈവവചനത്തിന്റെ ആത്മബലത്തിൽ സഭയ്ക്കുവേണ്ടി ശക്തമായ നിലപാടുകളെടുത്ത് ഇപ്പോൾ നമ്മെ നയിക്കുന്ന തറയിൽ പിതാവ്.

### ശുശ്രൂഷയുടെ തനിമ

ദൈവവചനത്തിന്റെ ചൈതന്യത്തിലും കൂദാശകളുടെ വരപ്രസാദനിറവിലും ദൈവാരാധനയിൽ കേന്ദ്രീകരിച്ച ആധ്യാത്മികതയിലും അടിത്തറ ഉറപ്പിച്ച വളർച്ചയാണ് ചങ്ങനാശേരി അതിരൂപതയുടേത്. കുടുംബങ്ങളാണ് അതിരൂപതയുടെ വിശ്വാസനേഴ്സറികൾ. കുടുംബവിശുദ്ധീകരണം അതിരൂപതയുടെ പ്രധാന ആഭിമുഖ്യങ്ങളിൽ ഒന്നാണ്. അതുകൊണ്ടാവണം, ജീവന്റെ മൂല്യം സംരക്ഷിക്കാനും, കുടുംബത്തെ തകർക്കുന്ന വിപത്തുകൾക്കെതിരേ ശബ്ദമുയർത്താനും അതിരൂപത എന്നും മുമ്പന്തിയിൽ നില്ക്കുന്നത്. ദൈവവിളികളാൽ സമ്പന്നമാണ് ചങ്ങനാശേരി അതിരൂപത. അതിനു സഹായിക്കുന്നതോ, ഇവിടെ സജീവമായി പ്രവർത്തിക്കുന്ന ഭക്തസംഘടനകളും. തിരുബാലസഖ്യം, അൾത്താര ബാലസഖ്യം, മിഷൻ ലീഗ്, യുവദീപ്തി എന്നീ സംഘടനകൾ, ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നു വരാൻ നമ്മുടെ മക്കളെ സഹായിക്കുന്നു. സഭയിലും

സമൂഹത്തിലും ഈശോയുടെ സാക്ഷ്യമാകാനും സ്വരമാകാനും സഹായിക്കുന്ന മാതൃവേദി, പിതൃവേദി, എകെസിസി, കെഎൽഎം, ഡിസിഎംഎസ് തുടങ്ങിയ സംഘടനകൾ ഈ അടുത്ത കാലത്ത് നിരവധി സാമൂഹികവിഷയങ്ങളിൽ സജീവമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.



വിദ്യാഭ്യാസരംഗത്ത് അനിതരസാധാരണമായ വളർച്ചയാണ് അതിരൂപത നേടിയിരിക്കുന്നത്. തലമുറകൾക്ക് മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നല്കാനും, ആത്മീയവും ശാരീരികവും മാനസികവുമായ വളർച്ച പ്രാപിക്കാനും പര്യാപ്തമായ പരിശീലനപദ്ധതികളാണ് നമ്മുടെ സ്ഥാപനങ്ങൾ ഒരുക്കുന്നത്. എസ്ബി, അസംപ്ഷൻ, മീഡിയ വില്ലേജ് തുടങ്ങിയ വിദ്യാകേന്ദ്രങ്ങൾ കേരളസമൂഹത്തിനു നല്കുന്ന സംഭാവനകൾ നിസ്തുലമത്രേ.

ആതുര ശുശ്രൂഷാരംഗത്തും മികവുറ്റ സേവനങ്ങളാണ് അതിരൂപത നല്കുന്നത്. അതിനൂതനമായ സാങ്കേതികവിദ്യകളുടെ സഹായത്തോടെ മികച്ച ചികിത്സ ലഭ്യമാക്കാൻ നമ്മുടെ ആശുപത്രികൾ ശ്രമിക്കുന്നു. ചികിത്സാസഹായങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ, മികച്ച സേവനങ്ങൾ എന്നിവ വഴി അനേകം ജീവിതങ്ങൾക്ക് അതിരൂപത കൈത്താങ്ങാകുന്നു. കാരുണ്യത്തിന്റെ ശുശ്രൂഷകളാണ് അതിരൂപതയുടെ മറ്റൊരു പ്രവർത്തനമേഖല. അനാഥമന്ദിരങ്ങൾ, വൃദ്ധസദനങ്ങൾ, ക്യാൻസർ കെയർ സെന്ററുകൾ തുടങ്ങി നൂറോളം കാരുണ്യഭവനങ്ങൾ അതിരൂപതയിലുണ്ട്. വിവാഹസഹായങ്ങൾ, വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, ഭവനനിർമാണ പദ്ധതികൾ, സാമൂഹിക സേവനസംരംഭങ്ങൾ എന്നിവയെല്ലാം പ്രത്യാശയുടെ സുവിശേഷസന്ദേശങ്ങളാണ്. പരിശുദ്ധ ലെയോ പതിനാലാമൻ പാപ്പാ ആദ്യ ആശീർവാദത്തിനു മുമ്പ് വിശ്വാസികളോട് ആഹ്വാനം ചെയ്തതും ഇതുതന്നെയല്ലേ: "എല്ലാവരും സുവിശേഷത്തിന്റെ മിഷനറിമാർ ആകണം." ദൈവവചനത്തിന്റെ വ്യാപനത്തിന് അതിരൂപത ക്രമീകരിക്കുന്ന നൂറുമേനി വചന പഠനപദ്ധതി വമ്പിച്ചൊരു ആത്മീയമുന്നേറ്റമാണെന്നതിനു സംശയമില്ല.

**ചില മുൻകരുതലുകൾ**

ആഴമേറിയ പങ്കാളിത്ത മനോഭാവത്തോടെ മുന്നേറുന്ന അതിരൂപതയ്ക്ക് കാലത്തിന്റെ ചുവരെഴുത്തുകൾക്കനുസൃതം സുവിശേഷം ജീവിക്കാൻ കഴിയണം. അതിരൂപതയിൽ നാം ഒരു കുടുംബമാണെന്ന അനുഭവം സജീവമായി നിലനിർത്തണം. വൈവിധ്യമാർന്ന ഭൂപ്രദേശങ്ങളേയും ജീവിത സാഹചര്യങ്ങളെയും മനസിലാക്കി വിഷമസന്ധികളിൽ പരസ്പരം താങ്ങാകണം. കാലാവസ്ഥാ വ്യതിയാനങ്ങളും അതുമൂലമുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളും വിവിധ ഇടങ്ങളെ ബാധിക്കുമ്പോൾ, പ്രശ്നബാധിതരോടു ചേർന്നു നിൽക്കാനും സഹായഹസ്തം നീട്ടാനും നാം മുന്നിട്ടിറങ്ങണം. കുട്ടനാട്ടിലെയും മലയോര മേഖലകളിലെയും ജീവിതപ്രതിസന്ധികൾ പരിഹരിക്കുന്നതിന് നാം ഒന്നിച്ചുനിന്നേ തീരൂ. ക്രൈസ്തവർ ന്യൂനപക്ഷമാണെങ്കിലും, നമ്മുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടാനുള്ള പരിശ്രമങ്ങളിൽ സജീവമായി പങ്കുചേരണം സമൂഹത്തിന്റെയും ഭരണവ്യവസ്ഥയുടെയും പ്രധാനപ്പെട്ട തലങ്ങളിൽ നമ്മുടെ സാന്നിധ്യം ഇനിയുമുണ്ടാവണം.

നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ, അറിവും ആത്മീയതയും സേവനസന്നദ്ധതയും സമന്വയിപ്പിക്കുന്ന സമഗ്ര വിദ്യാഭ്യാസരീതികൾ നടപ്പിലാക്കിയെങ്കിലേ അവയ്ക്കു നിലനില്പുള്ളൂ. നമ്മുടെ മക്കൾ പഠനത്തിനും ജോലിക്കുമായി വിദേശങ്ങളിലേക്കു കുടിയേറുകയാണ്. അതിന്റെ ഫലമോ, കുടുംബങ്ങളും ബന്ധങ്ങളും ശിഥിലമാകുന്നു. ഇടവകകളിൽ അംഗങ്ങളുടെ എണ്ണം ഗണ്യമായി കുറയുന്നു. ഈ പരിണാമം നമ്മുടെ നിലനില്പിനെതന്നെ അപകടത്തിലാക്കും. അതിനാൽ അതിനൂതന സാങ്കേതികവിദ്യയും എഐ വിദ്യാഭ്യാസവും മെഷീൻ ലേണിംഗും തൊഴിലധിഷ്ഠിത കർമപദ്ധതികളും പ്രദാനം ചെയ്യുന്ന സമഗ്ര വിദ്യാഭ്യാസ പ്രവർത്തനങ്ങൾ പ്രാബല്യത്തിലാക്കാൻ അമാന്തിക്കരുത്.

മച്ചിയായ കേരളസഭയ്ക്ക് വിശുദ്ധരെ നല്കിയ ചരിത്രമാണ് നമ്മുടേത്. വി. ചാവറയച്ചനും വി. അൽഫോൻസാമ്മയും നമ്മുടെ മണ്ണിൽ ജനിച്ച് വിശുദ്ധപദത്തിലേക്ക് ഉയർത്തപ്പെട്ടവരാണെന്ന അഭിമാനബോധം നമ്മുടെ ജീവതത്തിൽ വഴിവിളക്കാകണം. വിശുദ്ധ പാരമ്പര്യങ്ങളിൽ ഉറച്ചു നിന്നുകൊണ്ട് സുവിശേഷത്തിനു സാക്ഷ്യം നല്കുന്ന നൂതനാഭിമുഖ്യങ്ങൾ നമ്മുടെ അതിരൂപതയെ ഇനിയും ഉയരങ്ങളിലേയ്ക്കു നയിക്കട്ടെ.

*(അതിരൂപതാദിന സന്ദേശത്തിന്റെ പ്രസക്തഭാഗങ്ങൾ)*

EXIT പുറം വാതിൽ

ജെ. മണക്കുന്നേൽ

# പറ്റുന്നവരും പോറ്റേണ്ടവരും പറ്റിക്കരുത്

പോറ്റി പറ്റിച്ചതും, പോറ്റിയെ പോറ്റിയവരും പറ്റിനിന്നവരും ചുറ്റിനിന്നവരും കൂടി പറ്റേ പറ്റിയതും പറ്റിച്ചതുമെല്ലാം മാധ്യമങ്ങളിൽ ചുറ്റിക്കറങ്ങുന്ന വേളയിലാണ് മുറ്റിയ ഒരു പറ്റിപ്പുകഥയുമായി അയാളും എത്തിയത്. പിടലിക്കു കോളറിട്ടു, നടുവിനൊരു ബൽറ്റുമിട്ടു, അരയ്ക്കു കൈയുംകൊടുത്ത് അവശനായാണ് അയാൾ എത്തിയത്. കസേരയിൽ നിവർന്നിരിക്കാനുള്ള നിവൃത്തികേടുകൊണ്ട് അലമാരയിൽ പിടിച്ചുനിന്നുകൊള്ളാമെന്ന് അയാൾ വിനയപ്പെട്ടു പറഞ്ഞു. കൂടെവന്ന അയാളുടെ ഭാര്യയും ഞാനുംകൂടെ ഒരുവിധം കക്ഷിയെ കസേരയിൽ പിടിച്ചുറപ്പിച്ചിരുത്തി. എന്റെ നേരേ മുഖത്തുനോക്കി കുറെനേരം 'മൗനവ്രതമിരുന്ന' അയാൾ മിണ്ടുന്ന ലക്ഷണം കാട്ടാത്തതുകൊണ്ടാണ് 'വാമഭാഗ'ത്തിനോട് ഞാൻ വിവരങ്ങളാരാഞ്ഞത്.

മൂന്നുമാസം മുമ്പൊരു മോട്ടോർ സൈക്കിൾ അപകടംവഴി തരപ്പെട്ടതാണ് മുമ്പിലുള്ള ദേഹത്തിലെ ഒടിവുചതവുമുറിവുകളെല്ലാമെന്നും, തലയ്ക്കു കിട്ടിയ തട്ടുകൊണ്ട് അധികമൊന്നും പറയാൻ ആവതില്ലെന്നും ആ സ്ത്രീ പറഞ്ഞു. പ്രാർഥിക്കാമെന്നു പറഞ്ഞ് ഞാനയാളുടെ അരികിലെത്തി. തലയിൽ കൈവെച്ചു പ്രാർഥിക്കാനൊരുങ്ങവേ, അധികം അമർത്തരുത് എന്ന് അയാൾ അപായസൂചന നല്കി. തലയ്ക്കു മുകളിൽ കൈവെച്ചു പ്രാർഥിച്ചശേഷം പിടിച്ചെഴുന്നേല്പിക്കാൻ ഒരുമ്പെട്ടപ്പോൾ, 'വേണ്ടാാ...' എന്നൊരു നീണ്ടസ്വരം അയാളിൽനിന്നു കേട്ടു. എനിക്കിത്തിരി പറയാനുണ്ടെന്ന് അയാൾ പറഞ്ഞതും, ഭാര്യ മെല്ലെ എഴുന്നേറ്റ് പുറത്തേയ്ക്കിറങ്ങി. ആയാസപ്പെട്ട് അയാൾ പറഞ്ഞു: "ദൈവകോപമാ അച്ചാ..." ഇത്തിരി കണ്ണീർ പൊഴിച്ചയാൾ വിമ്മിക്കൊണ്ടു വിതുമ്പിപ്പറഞ്ഞു. ഞാൻ കേട്ടിരുന്നു.

ഇടവകപ്പള്ളിയിലെ കൈക്കാരനായിരുന്നു. കർഷകനാണെങ്കിലും രണ്ട് ആൺമക്കളെയും നന്നായി പഠിപ്പിച്ചു. അവർ നല്ല ജോലിക്കാരായി; ശമ്പളക്കാരുമായി. എങ്കിലും പണത്തോടുള്ള ആർത്തിമൂലം പള്ളിയിൽനിന്നും പലതും പറ്റിച്ചെടുത്തിട്ടുണ്ട്. കുറച്ചുനാൾ മുമ്പ് പള്ളിമുറിയുടെ പണിനടന്നപ്പോൾ കോൺട്രാക്ടറിൽ നിന്നും, സാധനസാമഗ്രികൾ വാങ്ങവേ കടകളിൽനിന്നും കമ്മീഷൻ ഇനത്തിൽ കുറച്ചധികം കൈപ്പറ്റിയിരുന്നു. പുറമേ ന്യായം പറയുകയും അകമേ കള്ളം കാട്ടുകയും ചെയ്ത അയാൾ, ആളുകൾക്കു മുമ്പിൽ ആദരണീയനും അനുകരണാർഹനുമായി അഭിനയിക്കുകയായിരുന്നു. പള്ളിക്കുവേണ്ടി പണിയുന്നവർ പള്ളിയിൽനിന്നും അല്പം പറ്റിച്ചെടുക്കുന്നതിൽ തെറ്റില്ലെന്ന ചിന്താഗതിയിൽ പറ്റിപ്പോയതാണെന്ന് അയാൾ പരിതപിച്ചു. രണ്ടര ലക്ഷത്തോളം പറ്റിച്ചതിന്, അരയ്ക്കു മുകളിലെ പരിക്കുകൾക്ക് ആറു ലക്ഷത്തോളം ആശുപത്രിയിൽ ചെലവായത്രേ. ഇനിയൊരിക്കലും ഇതുപോലെ തെറ്റു ചെയ്യില്ലെന്നും അയാൾ കരഞ്ഞുപറഞ്ഞു.

ദൈവം ശിക്ഷിച്ചെന്നും കൈവിട്ടെന്നും കരുതി നൈരാശ്യം ബാധിച്ച അയാളെ ഞാനൊരു നല്ല കുമ്പസാരത്തിനൊരുക്കി. ദൈവം ഒരിക്കലും കൈവിടുന്നവനല്ലെന്നും, അതിനാലാണ് ഈ ജീവൻ നിലനിർത്തുന്നതെന്നും ബോധ്യപ്പെടുത്തി. ദൈവം ശിക്ഷയല്ല, ശിക്ഷണം മാത്രമാണ് നല്കിയതെന്നും, ഇനിയും ഈശോയ്ക്കുവേണ്ടി ആവതും ആരോഗ്യമുള്ള കാലത്തോളം അധ്വാനിക്കണമെന്നും, ഇടവകയോടു ചേർന്നു പ്രവർത്തിച്ച് മാതൃക പകരണമെന്നും തീരുമാനമെടുപ്പിച്ചു. ആശീർവാദം നല്കി പറഞ്ഞുവിടവേ, അയാൾ ആയാസപ്പെട്ടു നല്കിയ ആലിംഗനം ആർദ്രമായിരുന്നു.

"എന്റെ ജീവൻ മരവിച്ചപ്പോൾ ഞാൻ കർത്താവിനെ ഓർത്തു. എന്റെ പ്രാർഥന അങ്ങയുടെ പക്കൽ, വിശുദ്ധ മന്ദിരത്തിലെത്തി" (യോനാ 2:7).

വിശ്വസ്തതയുടെ കണക്കു ബോധിപ്പിക്കേണ്ടവരാണ് നാമെല്ലാവരും. തന്നതിൽനിന്നു ദുർവ്യയം ചെയ്യുന്നതും, അന്യരിൽനിന്ന് അപഹരിക്കുന്നതും, വളഞ്ഞ വഴികളിലൂടെ വ്യാപാരം ചെയ്യുന്നതുമെല്ലാം ദൈവനീതിക്കെതിരുതന്നെയാണ്. 'കർത്താവിന്റെ ആലയത്തെ മോഷ്ടാക്കളുടെ ഗുഹ'യാക്കുന്നവർക്കെതിരേ വചനത്തിന്റെ ചാട്ടവാർ ഉയർത്തുന്നവനാണ് ദൈവം. എന്നാൽ കുറ്റങ്ങളിൽ കണ്ണീർ പൊഴിക്കുന്നവരോട് കരളലിവു കാട്ടി അവൻ കാത്തുകൊള്ളും.

"എന്റെ മോചനവും മഹിമയും ദൈവത്തിലാണ്. എന്റെ രക്ഷാശിലയും അഭയവും ദൈവമാകുന്നു" (സങ്കീ. 62:7). ○

Printed & Published by Fr. Jose Thekkepurathu • Owned by Family Apostolate, Archbishop's House, Changanacherry • Phone: 0481 2424476, 2420349 • Printed at St. Joseph Orphanage Press, Changanacherry • Chief Editor: Dr. Jose George Thekkepurathu